# Faculty of IFIC
# DIET Alappuzha





# നിറകതിർ
## 2022
### എസ് എസ് എൽ സി പഠനസഹായി

# മലയാളം


**പൊതു പരീക്ഷാ തയ്യാറെടുപ്പിന് ഒരു മാർഗദർശി**



**മലയാളം**

**കേരളപാഠാവലി**

**അടിസ്ഥാനപാഠാവലി**



# ആമുഖം

കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും

ആലപ്പുഴ റവന്യൂ ജില്ലയിലെ

പൊതു വിദ്യാലയങ്ങൾ തങ്ങളുടെ അക്കാദമികവും സാമൂഹ്യവുമായ

ഉത്തരവാദിത്വങ്ങൾ വിജയകരമായി നിർവ്വഹിച്ചു വരികയാണല്ലോ?

ജില്ലയിലെ പൊതു സമൂഹവും,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ജനപ്രതിനിധികളും,

വിദ്യാഭ്യാസ വകുപ്പിന്റെ വ്യത്യസ്ത ഏജൻസികളും,

വിദ്യാലയങ്ങൾക്കൊപ്പമുണ്ട്.

ജില്ലയിലെ പത്താംതരം വിദ്യാർത്ഥികളുടെ

പൊതു പരീക്ഷാ തയ്യാറെടുപ്പിനെ സഹായിക്കുന്ന

ഒരു വായനാ സാമഗ്രിയുടെ ആവശ്യകത ഇക്കൊല്ലവും

പരക്കെ ഉന്നയിക്കപ്പെടുകയുണ്ടായിഇതിന്റെ അടിസ്ഥാനത്തിലാണ്

*നിറകതിർ 2022* ഡയറ്റ് തയ്യാറാക്കുന്നത്.

കേരള പൊതുവിദ്യാഭ്യാസ വകുപ്പ് എസ്.എസ്.എൽ.സി

പരീക്ഷയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള

മാർഗ്ഗ നിർദ്ദേശങ്ങളെ ഉൾക്കൊണ്ടാണ്

ഇതിലെ ഉള്ളടക്കം തയ്യാറാക്കിയിട്ടുള്ളത്.

വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ

എല്ലാ വിഷയങ്ങളിലും വായനസാമഗ്രി തയ്യാറാക്കാൻ കഴിഞ്ഞത്

ജില്ലയിലെ അദ്ധ്യാപകരുടെ

ആത്മാർത്ഥ പരിശ്രമം കൊണ്ടുമാത്രമാണ്.

മികച്ച ആത്മവിശ്വാസത്തോടെ എസ്.എസ്.എൽ.സി.

പരീക്ഷയെ അഭിമുഖീകരിക്കാൻ "നിറകതിർ 2022"

സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സംരംഭത്തെ സഹായിച്ച

എല്ലാവർക്കും നന്ദി.

**ഡോ. കെ.ജെ. ബിന്ദു**
പ്രിൻസിപ്പൽ ഇൻ ചാർജ്,
ഡയറ്റ് ആലപ്പുഴ
15.02.2022

**എം. അജയകുമാർ**
(കോ-ഓർഡിനേറ്റർ)
സീനിയർ ലക്ചർ,
ഫാക്കൽറ്റി ഓഫ് ഐ.എഫ്.ഐ.സി

## പ്രിയപ്പെട്ട വിദ്യാർത്ഥികളേ ,

ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷ
ഏപ്രിൽ മാസം നടക്കുകയാണ്. കോവിഡ് മഹാമാരി ഉണ്ടാക്കിയ
പ്രതിസന്ധികൾക്കിടയിലും
കേരളത്തിലെ വിദ്യാഭ്യാസ വകുപ്പും
പൊതുസമൂഹവും അധ്യാപക സമൂഹവും
മാതാപിതാക്കളും വിദ്യാർഥികളുടെ പഠനത്തിനായി
അഹോരാത്രം പരിശ്രമിച്ചു വരികയാണ്.
ഓൺലൈൻ പഠനത്തിൽ തുടങ്ങി
സ്കൂളിലേക്ക് എത്തിച്ചേർന്നപ്പോൾ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന
പഠനപ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ
അധ്യാപകർക്കും വിദ്യാർഥികൾക്കും കഴിഞ്ഞിട്ടുണ്ട്.
പരീക്ഷയ്ക്ക് പാഠപുസ്തകത്തിൽ നിന്നും ഫോക്കസ് ഏരിയ തെരഞ്ഞെടുത്താണ്
ഈ വർഷത്തെ പരീക്ഷ നടത്തുന്നത്.
എന്നാൽ ഫോക്കസ് ഏരിയ മാത്രം  കേന്ദ്രീകരിച്ചു കൊണ്ടുള്ള
ഒരു പഠനം ഉയർന്ന സ്കോറുകളും ഗ്രേഡുകളും  വാങ്ങാൻ ആഗ്രഹിക്കുന്ന
വിദ്യാർഥികൾക്ക് പ്രതിസന്ധിയായി മാറും . പാഠപുസ്തകത്തിലെ മുഴുവൻ പാഠങ്ങളും
ചിട്ടയായ തയ്യാറെടുപ്പുകളോടെ പഠിച്ചു മുന്നേറിയാൽ ഉയർന്ന ഗ്രേഡുകൾ വാങ്ങുകയത്ര
പ്രയാസമായി അനുഭവപ്പെടുകയില്ല.
ഈ വർഷത്തെ നിറകതിർ പാഠപുസ്തകത്തിലെ
മുഴുവൻ പാഠഭാഗങ്ങളിലെയും പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട്
തയ്യാറാക്കിയിട്ടുള്ള പ്രധാനപ്പെട്ട ചോദ്യോത്തരങ്ങൾ ആണ്. അതോടൊപ്പം
പാഠഭാഗങ്ങളുടെ പ്രധാന ആശയം,ഓർമ്മച്ചെപ്പ്
എന്ന പേരിൽ ഓർത്തുവയ്ക്കാനായിട്ടുള്ള
പ്രധാന ഉപാശയങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.
ചിട്ടയായി നിറകതിരിലൂടെ കടന്നു പോകുന്ന ഒരു വിദ്യാർത്ഥിക്ക് തീർച്ചയായും
ഉയർന്ന ഗ്രേഡുകൾ വാങ്ങാൻ കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു .
പരീക്ഷക്ക് തയ്യാറാകുന്ന മുഴുവൻ വിദ്യാർഥികൾക്കും വിജയാശംസകൾ.



## ശില്പശാലയിൽ പങ്കെടുത്തവർ

**ജി. മണി**

**ഗവ.റ്റി.റ്റി ഐ ആലപ്പുഴ**

**സ്റ്റാലിൻ കെ.ജെ**

**ഗവ.വി.എച്ച്.എസ്.എസ് ആര്യാട്**

**രജിത്ത് കുമാർ റ്റി.എൻ**

**ജെ.എം.എച്ച്.എസ്.കോട്ടുകുളഞ്ഞി**

**അനിൽകുമാർ കെ**

**ഗവ.ഹയർ സെക്കന്ററി സ്കൂൾ ,പറവൂർ**

**സിന്ധു എ**

**ഗവ.മോഡൽ എച്ച്.എസ് .എസ്അമ്പലപ്പുഴ**

**പി എ നാസിം**

**ഗവ.ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് , ഹരിപ്പാട്**

**സവാദ് തങ്ങൾ**

**ഗവ.ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് , ഹരിപ്പാട്**

# അടിസ്ഥാന പാഠാവലി

## യൂണിറ്റ് 1
## ജീവിതം പടർത്തുന്ന വേരുകൾ

**പ്ലാവിലക്കഞ്ഞി - തകഴി**

**ഓരോ വിളിയും കാത്ത്  - യു. കെ. കുമാരൻ**

**അമ്മത്തൊട്ടിൽ  - റഫീഖ് അഹമ്മദ്**

വർത്തമാനകാല ജീവിതത്തിൽ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ചില മൂല്യങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുക എന്നതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം. പരസ്പരസ്നേഹവും കരുതലും ജീവിതത്തെ മനോഹരമാക്കുന്നു. കുടുംബ ബന്ധങ്ങളുടെ ഊഷ്മളത, സ്നേഹം, നന്മ, കരുണ എന്നീ മാനുഷിക ഭാവങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനു അനുയോജ്യമായ ഏതാനും പാഠഭാഗങ്ങൾ ആണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മലയാളത്തിലെ പ്രശസ്ത നോവലിസ്റ്റും കഥാകാരനും ജ്ഞാനപീഠപുരസ്കാരജേതാവുമായ തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി എന്ന നോവലിലെ ഒരു ഭാഗമായ പ്ലാവിലക്കഞ്ഞി, പ്രമുഖ കഥാകൃത്ത് യു കെ കുമാരന്റെ ഓരോ വിളിയും കാത്ത് എന്ന ചെറുകഥ, സമകാലിക കവികളിൽ പ്രശസ്തനായ റഫീഖ് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിത എന്നിവയാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**പ്രവേശകം**

**വേരുകൾ - ഡി. വിനയചന്ദ്രൻ.**

* വൃക്ഷങ്ങൾക്ക് ഭൂമിയിൽ വേരുകൾ ഉള്ളതിനാൽ അവ ഉറച്ചുനിൽക്കുന്നു.
* മനുഷ്യന്റെ വേരുകളും ഭൂമിയിൽ തന്നെയാണ്.
* പരസ്പരസ്നേഹം, വിശ്വാസം, കരുതൽ എന്നിവയാണ് നമ്മുടെ വേരുകൾ.

# പ്ലാവിലക്കഞ്ഞി - തകഴി

**ഓർമ്മച്ചെപ്പ്**

* * രണ്ടിടങ്ങഴി എന്ന നോവലിലെ പതിനേഴാം അധ്യായം.
* * ജന്മിത്ത വ്യവസ്ഥ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾ അനുഭവിച്ചിരുന്ന ദാരിദ്ര്യവും ചൂഷണവും ചിത്രീകരിക്കുന്നു.
* *കോരനും ചിരുതയും ദാരിദ്ര്യ പൂർണമായ ജീവിതം നയിക്കുന്ന ദമ്പതികൾ ആണ്.
* * ജീവിതത്തിലെ ഇല്ലായ്മകളെ പരസ്പരസ്നേഹവും കരുതലും കൊണ്ട് അതിജീവിക്കുന്നവരാണ് അവർ.
* * ജന്മിത്തവ്യവസ്ഥയ്ക്കെതിരെ തൊഴിലാളിവർഗ്ഗം നടത്തുന്ന പ്രതിഷേധത്തിന്റെ ആദ്യസ്വരം കോരന്റെ വാക്കുകളിൽ കേൾക്കാം.
* * വിവാഹശേഷം അച്ഛനെ തനിച്ചാക്കി അന്യനാട്ടിലേക്കു പോന്ന കോരനെ തിരക്കി അച്ഛൻ എത്തുന്നു.
* * ജീവിതകാലം മുഴുവൻ ജന്മിക്കു വേണ്ടി അധ്വാനിച്ച്, ആയിരക്കണക്കിന് പറ നെല്ല് ഉത്പാദിപ്പിച്ച കോരന്റെ അച്ഛൻ, ജീവിതാവസാനം അല്പം കഞ്ഞി കുടിക്കുക എന്ന ആഗ്രഹത്തോടെയാണ് മകനെ തേടിയെത്തുന്നത്.
* * കുട്ടനാട്ടിലെ കർഷക തൊഴിലാളിയുടെ ദയനീയാവസ്ഥ ഇവിടെ വ്യക്തമാകുന്നു.
* * അച്ഛനോട് താൻ പൊറുക്കാനാവാത്ത തെറ്റാണ് ചെയ്തതെന്ന് കോരൻ തിരിച്ചറിയുകയും അച്ഛന്റെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്യുന്നു.

**ഒരു മാർക്ക് ചോദ്യങ്ങൾ**

**1.** " എടി കള്ളി, നീയത് ഒളിച്ച് മച്ചിരുന്നോ? " - ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ഭാവം എന്ത്?

സ്നേഹം.

**2.** ഔസേപ്പ് മുതലാളി കോരന് നെല്ല് കൂലി കൊടുക്കാതിരുന്നതെന്തുകൊണ്ട്?

നെല്ലിന് നല്ല വിലയുള്ളതു കൊണ്ട്.

**രണ്ട് മാർക്ക് ചോദ്യങ്ങൾ**

**3.** "ആ കാഴ്ച നോക്കിനിന്നു ചിരുത ആനന്ദിച്ചു "- ചിരുതയെ ആനന്ദിപ്പിച്ച കാഴ്ച എന്തായിരുന്നു?

കോരനും അപ്പനും പരസ്പര സ്നേഹത്തോടെ നോക്കുന്നു. കെട്ടിപ്പിടിക്കുന്നു.

**4.** അർത്ഥ വ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കി മാറ്റി എഴുതുക.

പത്തു പ്ലാവിലക്കഞ്ഞി കോരി കുടിച്ചു കഴിഞ്ഞപ്പോൾ വൃദ്ധൻ ഒരു നീണ്ട ഏമ്പക്കം വിട്ടു.

5. രാത്രിയിൽ ഊന്നി നടന്നപ്പോൾ  രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു.- എന്താണ് കോരൻ കണ്ടത്?

➔ ഒരു വലിയ കൃഷിക്കാരന്റെ വീടിന്റെ മുൻവശത്തുള്ള കടവിൽ കപ്പൽപോലെ രണ്ടു വള്ളങ്ങൾ കിടക്കുന്നു.

➔ ചാക്കുകളിൽ നെല്ല് ചുമന്നു വള്ളത്തിൽ കയറ്റുന്നു.

<u>3 മാർക്ക് ചോദ്യങ്ങൾ</u>

6." രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്?" ആരാണ് ഇങ്ങനെ ചിന്തിച്ചത്? ഈ ചിന്തകളുടെ പ്രസക്തി എന്ത്?

*കോരൻ.

*നെല്ല് കൂലിയായി കിട്ടുന്നില്ല.

* രാത്രിയിൽ കൂടിയ വിലയ്ക്ക് നെല്ല് മറിച്ചു വിൽക്കുന്ന കാഴ്ച്ച കാണുമ്പോൾ ഉള്ള പ്രതികരണം.

* ജന്മിത്ത ചൂഷണത്തിനെതിരെയുള്ള കർഷക തൊഴിലാളിയുടെ പ്രതിഷേധ സ്വരം.

7. "ആ ദിവസം കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായിരുന്നു. അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്ന് അവൻ വീട്ടിക്കഴിഞ്ഞു". ഈ വാക്യങ്ങൾ കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

*വൃദ്ധനായ അച്ഛനെ തനിച്ചാക്കി കോരൻ ചിരുതയുമായി സ്വന്തം സുഖം തേടി പോന്നു.

*രോഗിയായി മാറിയ അച്ഛൻ മകനെ തേടിയെത്തി.

*അല്പം  കഞ്ഞി കുടിക്കാൻ  ആഗ്രഹിച്ച അച്ഛന് ഒരു നേരം അത് നൽകുമ്പോൾ മറക്കാനാവാത്ത അനുഭവമായിമാറുന്നു .

*അച്ഛനോട് ചെയ്ത തെറ്റിന് അങ്ങനെ ഒരു ദിവസത്തെ കടം വീട്ടി.

<u>4 മാർക്ക് ചോദ്യങ്ങൾ</u>

8. "അത് കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു ".. ഈ പ്രയോഗം കഥാ സന്ദർഭത്തിന് നൽകുന്ന സവിശേഷത വ്യക്തമാക്കുക.

*പകൽ മുഴുവൻ പണിചെയ്തു അരിയും കപ്പയും വാങ്ങി വീട്ടിലെത്തുന്നു കോരൻ.

* അവന്റെ വീട്ടിലെ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ അപ്പനും ചിരുതയും സ്നേഹത്തോടെ സംസാരിക്കുന്നു.

* താൻ ഉപേക്ഷിച്ചു പോന്ന അച്ഛൻ തന്നെ തേടി വന്നു.

* കോരന്റെ ആഹ്ലാദവും ആശ്വാസവും ഈ പ്രയോഗത്തിൽ കാണാം.

9." അതൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരുതരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല" ഒരു മകന്റെ കടമ ചെയ്യാൻ കഴിയാത്തതിലുള്ള പശ്ചാത്താപമാണ് കോരന്റെ മനസ്സിൽ. എന്നാൽ വർത്തമാനകാല സമൂഹത്തിൽ ഈ ചിന്താഗതികൾക്കു മാറ്റം വന്നിട്ടുണ്ടോ? വിലയിരുത്തുക.

*വിവാഹ ശേഷം കോരൻ അച്ഛനെ തനിച്ചാക്കി അന്യനാട്ടിലേക്ക് പോന്നു.

* അച്ഛന്റെ അവസ്ഥക്കു കാരണക്കാരൻ താനാണ് എന്ന കുറ്റബോധം.

* ഒരിക്കലും ആ തെറ്റ് പൊറുക്കാനാവുന്നതല്ല.

* പണമോ വിദ്യാഭ്യാസമോ ഇല്ലാത്ത യുവാവാണ് കോരൻ.

* ഇത് രണ്ടും ഉള്ളവർ മാതാപിതാക്കളെ തെരുവിൽ ഉപേക്ഷിക്കുന്ന കാഴ്ച നമുക്കു ചുറ്റും കാണാം.

<u>അഞ്ചു മാർക്ക് ചോദ്യങ്ങൾ</u>

10. " ഏനു മേണ്ട"

" എന്നാല് ഏനും കുടിക്കത്തില്ല "

ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു .

"ദരിദ്രമായ ചുറ്റുപാടിലും

പരസ്പര സ്നേഹവും കരുതലും കൊണ്ട് കുടുംബ ജീവിതത്തെ ഉത്സവമാക്കി മാറ്റുകയാണ് കോരനും ചിരുതയും.".. പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തെ ആസ്പദമാക്കി സമർത്ഥിക്കുക.

* പകലന്തിയോളം പണിയെടുത്താലും പട്ടിണി മിച്ചം.

* വീട്ടിൽ പകൽ മുഴുവൻ പട്ടിണി ഇരിക്കുന്ന ഭാര്യയെ ക്കുറിച്ചുള്ള കോരന്റെ ചിന്ത.

* ഭാര്യ കഴിക്കട്ടെ എന്ന് കരുതി വിശപ്പില്ല എന്ന് നടിച്ചു കിടക്കുന്ന കോരൻ.

* കോരൻ കഴിച്ചില്ലെങ്കിൽ തനിക്കും വേണ്ട എന്ന് ചിരുതയുടെ വാശി

* ഒരുമിച്ചിരുന്ന് കഞ്ഞി കുടിക്കുന്നു.

* കോരൻ അറിയാതെ പിറ്റേദിവസത്തേക്ക് കഞ്ഞിയും കപ്പയും മാറ്റിവയ്ക്കുന്ന ചിരുത.

* കഴിക്കുമ്പോൾ ഭാര്യക്കായി മിച്ചം വയ്ക്കുന്ന ഭർത്താവ്.

* പരസ്പര സ്നേഹത്തിലും കരുതലിലും ജീവിതാനന്ദം കണ്ടെത്തുന്നവർ.

## ഓരോ വിളിയും കാത്ത് - യു. കെ. കുമാരൻ

പ്രസിദ്ധ കഥാകാരൻ യു.കെ.കുമാരൻ ഒരു നാട്ടിൻപുറത്തിന്റെ പശ്ചാത്തലത്തിൽ രചിച്ച ശ്രദ്ധേയമായ കഥ. കുടുംബത്തിന്റെ നട്ടെല്ലായിരുന്ന അച്ഛന്റെ മരണത്തോടെ ഒറ്റപ്പെട്ടുപോകുന്ന അമ്മയുടെ വേദനയാണ് ഇവിടെ ആവിഷ്കരിക്കുന്നത്. ദാമ്പത്യബന്ധത്തിന്റെ വ്യത്യസ്തമായ ഒരു മുഖം ഇവിടെ കാണാം.

ഓർമ്മച്ചെപ്പ്

* അച്ഛന്റെ ഓരോ വിളിക്ക് പിന്നാലെയും ഓടുകയായിരുന്ന അമ്മ.
* അച്ഛന്റെ മരണശേഷം അമ്മയെ തറവാട്ടിൽ തനിച്ചാക്കി പോവാൻ തയ്യാറാകാത്ത മകൻ.
* മകന്റെ നിർബന്ധത്തിനു വഴങ്ങി നഗരത്തിലേക്ക് വരാമെന്നു സമ്മതിക്കുന്ന അമ്മ.
* കിടപ്പിലായിരുന്നപ്പോൾ പോലും പാടത്തും പറമ്പിലും ഉള്ള വിശേഷങ്ങൾ ഉൾക്കണ്ണുകൊണ്ട് കൊണ്ട് മനസ്സിലാക്കിയിരുന്ന അച്ഛൻ .
* അച്ഛൻ കിടപ്പിലായതോടെ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടി വരുന്ന അമ്മ.
* തന്റെ അവശതകൾ മറന്ന് അഹോരാത്രം കഷ്ടപ്പെടുന്നതിനിടയിലും അച്ഛന്റെ പരിഭവം കേൾക്കേണ്ടിവരുന്ന അമ്മ.
* അപൂർവ്വ സന്ദർഭങ്ങളിൽ അറിയാതെ അച്ഛനോട് പൊട്ടിത്തെറിച്ച് പോകുന്ന അമ്മ.
* മകനോടൊപ്പം നഗരത്തിലേക്ക് പോകേണ്ട ദിവസം "അച്ഛൻ എന്നെ എപ്പോഴും വിളിച്ചു കൊണ്ടിരിക്കുകയാണ് പിന്നെ ഞാൻ എങ്ങനെയാണ് വരിക" ?എന്ന അമ്മയുടെ ചോദ്യം.
* മരണശേഷവും അച്ഛൻ തന്നോടൊപ്പം ഉണ്ടെന്ന അമ്മയുടെ വിശ്വാസം അച്ഛനോടുണ്ടായിരുന്ന ആത്മബന്ധത്തെ വെളിവാക്കുന്നു.

### 1 മാർക്ക് ചോദ്യങ്ങൾ

1. "പൊരുളില്ലാത്ത സംസാരം എന്ന് ആദ്യം തോന്നാം" - ആരുടെ സംസാരം?

   ഉ - അച്ഛന്റെ

2. കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു - ഇവിടുത്തെ സൂചന എന്ത്?

   ഉ -അച്ഛന്റെ അസാന്നിധ്യം

## 2 മാർക്ക് ചോദ്യങ്ങൾ

3. "ഇപ്പോഴും എടേക്കു ടെ പോണ ചെലർ വിവരമറിയാതെ ചോദിക്കും. മൂപ്പര് എങ്ങോട്ട് പോയി? ഞാൻ പറയും പോയീന്ന്, പോയില്ലാന്ന് എനിക്കല്ലേ അറിയൂ "

- അമ്മയുടെ വാക്കുകളുടെ പൊരുൾ വ്യക്തമാക്കുക.

➔ അച്ഛന്റെ മരണവിവരം അറിയാത്തവർ അച്ഛനെ അന്വേഷിക്കും.
➔ മൂപ്പര് പോയി എന്നതുകൊണ്ടു മരിച്ചു പോയി എന്നാണ് അർത്ഥമാക്കുന്നതെങ്കിലും അമ്മയെ സംബന്ധിച്ച് അച്ഛൻ മരിച്ചതായി തോന്നിയിട്ടേ ഇല്ല.

4. "അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നു പോയതുപോലെ "
"ഒരുനാൾ നിനച്ചിരിക്കാതെ ഒരുപാടുപേർ ഇവിടെ നിന്ന് ഇറങ്ങി പോയിരിക്കുന്നു "
മേൽപ്പറഞ്ഞ വാക്യങ്ങൾ നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം?

➔ അച്ഛന്റെ സാന്നിധ്യം വീട്ടിൽ നിറഞ്ഞുനിന്നിരുന്നു. അതെല്ലാം ഒരുമിച്ച് നഷ്ടമായി.
➔ അച്ഛൻ മരിച്ചതോടെ വല്ലാത്തശൂന്യത ഉണ്ടായി.

## 3 മാർക്കിന്റെ ചോദ്യങ്ങൾ

5. "ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ടു ഞാനെങ്ങന്യാ പോവ്വാ "

ഓരോ വിളിയും കാത്ത് - യു. കെ. കുമാരൻ

ജീവിത സാഹചര്യങ്ങൾ അനുകൂലമല്ലെങ്കിലും അമ്മയെ ചേർത്തുപിടിക്കുന്ന മകനെയാണ് ഈ കഥയിൽ കാണുന്നത്. - സ്വഭിപ്രായം സമർത്ഥിക്കുക.

➔ മകൻ നഗരത്തിലാണ് ജോലി ചെയ്യുന്നത്. ആഴ്ച്ചയിലൊരിക്കൽപോലും വീട്ടിൽ വന്നുപോകുന്നത് പ്രയോഗികമല്ല.
➔ അതിനാൽ അമ്മയെ കൂടെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു.
➔ അമ്മയെ ഒറ്റയ്ക്ക് നിർത്താൻ സ്നേഹം അനുവദിക്കുന്നില്ല

6. "നെന്റെ വീട്ടിലിരുന്നാൽ കുമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്?"
"ഇല്ലച്ഛമ്മേ, ഒന്നും കേക്കില്ല, ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റു"-

ഓരോ വിളിയും കാത്ത് - യു. കെ. കുമാരൻ

ഈ വരികളിൽ തെളിയുന്ന കുട്ടിയുടെ മാനസികാവസ്ഥ വ്യക്തമാക്കുക

➔ നഗരജീവിതത്തിന്റെ വിരസത, യാന്ത്രികത
➔ ഗ്രാമീണജീവിതത്തോടുള്ള ആകർഷണം
➔ പ്രകൃതിയുമായി ഇണങ്ങി കഴിയാനാവാത്തതിന്റെ നിരാശ

## 4 മാർക്ക് ചോദ്യങ്ങൾ

7. "മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന് "-

ഓരോ വിളിയും കാത്ത് - യു. കെ. കുമാരൻ

അച്ഛൻ എന്തെല്ലാമാണ് കണ്ടത്? "ക്ലാവ് പിടിച്ച കണ്ണാടി" എന്ന പ്രയോഗം നൽകുന്ന അർത്ഥതലങ്ങൾ എന്തെല്ലാം?

➔ അടയ്ക്ക പഴുത്തിരിക്കുന്നു
➔ തേങ്ങ വരണ്ടിരിക്കുന്നു
➔ കന്നി നെല്ലിന് വേലിക്കെട്ടാറായിരിക്കുന്നു.
➔ വാർദ്ധക്യവും രോഗവും ബാധിച്ച മങ്ങൽ ഏറ്റ അച്ഛന്റെ മനസ്സാണ് ക്ലാവ് പിടിച്ച കണ്ണാടി.

8. അച്ഛന്റെ മരണം അമ്മയിൽ ഉണ്ടാക്കി തീർത്ത മാറ്റങ്ങൾ എന്തെല്ലാം?

* അമ്മ കൂടുതൽ ഗൗരവക്കാരിയായി
* പെട്ടെന്ന് വാർധക്യം ബാധിച്ചു
* ഇനി ആർക്കു വേണ്ടി ജീവിക്കണം എന്ന തോന്നൽ.
* പലപ്പോഴും മൗനങ്ങളിലേയ്ക്ക് വീണുപോയി
*അമ്മയുടെ മനസ്സ് ദുഃഖം കൊണ്ടു കനത്തു.

## 5 മാർക്ക് ചോദ്യം

9." അച്ഛന്റെ ശബ്ദവും സാന്നിദ്ധ്യവും ആയിരുന്നു വീട്. ഇപ്പോൾ ഇതൊരു വീടല്ല."

" കിടപ്പിലായിരുന്നപ്പോൾപോലും വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു "

" മൂപ്പര് പെരേല് ഉണ്ടായിരുന്നെങ്കിൽ മടങ്ങി വരുന്ന സമയത്ത് ഒന്നു മുറുക്കി പഴയ വർത്താനം പറഞ്ഞു കുറച്ചു നേരം ഇരിക്യായിരുന്നു "

ഓരോ വിളിയും കാത്ത് - യു. കെ. കുമാരൻ

- മേൽപ്പറഞ്ഞ സൂചനകൾ മുൻനിർത്തി അച്ഛൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിവരിക്കുക.

➔ കഥയിൽ അസാന്നിധ്യത്തിലും നിറഞ്ഞുനിൽക്കുന്നകഥാപാത്രം
➔ കുടുംബത്തിന്റെ നട്ടെല്ല്
➔ കുടുംബകാര്യങ്ങളിലെ സവിശേഷ ശ്രദ്ധ
➔ കിടപ്പിലായിരുന്നപ്പോഴും വീട്ടിലെ നിറസാന്നിധ്യം .
➔ മറ്റുള്ളവരോടുള്ള ബന്ധം.
➔ അമ്മയുമായുണ്ടായിരുന്ന ആത്മബന്ധം.

## അമ്മത്തൊട്ടിൽ - റഫീഖ് അഹമ്മദ്

വർത്തമാനകാല സമൂഹത്തിൽ നഷ്ടപ്പെടുന്ന മാനുഷിക ബന്ധങ്ങളുടെ പ്രാധാന്യവും വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയിലെ ചിലരുടെ മനോഭാവവും അനാവരണം ചെയ്യുന്ന കവിത. ആധുനിക കാലഘട്ടം സമ്മാനിച്ച മനുഷ്യത്വമില്ലായ്മ, സാംസ്കാരികച്യുതി, സ്വാർത്ഥത എന്നിവയെല്ലാം കവിതയിൽ വിഷയമാകുന്നു.

<u>ഓർമ്മച്ചെപ്പ്</u>

* വൃദ്ധയും അവശയുമായ അമ്മയെ ഉപേക്ഷിക്കാൻ ഇടം തേടുന്ന മകൻ.
* കാറിന്റെ പിൻസീറ്റിൽ നിവർന്നിരിക്കാൻ പോലും ശേഷിയില്ലാത്ത അമ്മ.
* മാളിന് സമീപം ഉപേക്ഷിക്കാൻ ശ്രമിക്കുമ്പോൾ പെറ്റുകിടക്കുന്ന തെരുവുപട്ടി കുരച്ചു ചാടുന്നു.
* ആശുപത്രിയുടെ മുന്നിൽ ഉപേക്ഷിക്കാൻ ശ്രമിക്കുമ്പോൾ ഒരിക്കൽ പനി പിടിച്ച് തന്നെയും കൊണ്ട് അമ്മ ആശുപത്രിയിൽ ഓടിയെത്തിയതും കുത്തിവെച്ചതും ഓർമ്മിക്കുമ്പോൾ അമ്മയെ ഉപേക്ഷിക്കാൻ കഴിയുന്നില്ല.
* വിദ്യാലയമുറ്റത്ത് എത്തുമ്പോൾ വിദ്യാലയത്തിലെ ആദ്യ ദിനത്തിൽ അമ്മ നൽകിയ ആശ്വാസം ഓർമ്മയിൽവരുന്നു.
* ക്ഷേത്രമുറ്റത്ത് അമ്മയെ ഉപേക്ഷിക്കാൻ എത്തുമ്പോൾ ശ്രീകോവിലിൽനിന്ന് ഈശ്വരൻ പുറത്തിറങ്ങിയതായി തോന്നുന്നു.
* ഒടുവിൽ അമ്മയുമായി ബന്ധപ്പെട്ട നിരവധി ഓർമ്മകൾ മനസ്സിലേക്ക് കടന്നുവരുമ്പോൾ തനിക്ക് അമ്മയെ ഉപേക്ഷിക്കാൻ കഴിയില്ല എന്ന് അയാൾ മനസ്സിലാക്കുന്നു.
* പക്ഷേ അപ്പോഴേക്കും അമ്മ കാറിന്റെ പിൻസീറ്റിൽ തുറന്ന കണ്ണുമായി നിവർന്ന് കിടക്കുന്നതാണ് മകൻ കാണുന്നത്.

*മഞ്ഞിപ്പഴകിയ പിഞ്ഞാണവർണമായ് പാടയും പീളയും മൂടിയ കണ്ണുകൾ ഏറെ പണിപ്പെട്ടടച്ചു തുറന്നവർ.

* പെറ്റുകിടക്കും തെരുവ് പട്ടിക്കെന്തൊരുറ്റം കുരച്ചുചാടിക്കുതിക്കുന്നു.
* അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്നു മനസിലൂടപ്പോൾ കടന്നുപോയി

*കുട്ടിയേകാന്തത കണ്ണ് പൊത്തിക്കളി<br>
ക്കുന്ന വിദ്യാലയ മുറ്റമുണ്ടൊന്നിനി..

*എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-<br>
കെട്ടു കരിന്തിരിയാളുംവരെയവർ

ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള

ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ ?

<u>1 മാർക്ക് ചോദ്യങ്ങൾ</u>

1. " കുട്ടിയേകാന്തത കണ്ണുപൊത്തി കളിക്കുന്നത് " എവിടെയാണ്?

ഉ - വിദ്യാലയമുറ്റത്ത്

2. " കാച്ചെണ്ണ ചേരുന്നഗന്ധം

പുലർച്ചയിലോലക്കൊടികൾ പുകയുന്നതിൻ മണം " - ഈ ഗന്ധങ്ങൾ മകനിൽ ഉണർത്തിയ ഓർമ്മ എന്ത്?

ഉ - അമ്മയുടെ വാത്സല്യം

<u>2 മാർക്ക് ചോദ്യങ്ങൾ</u>

3. "ആകാശഗോപുരങ്ങൾക്കു താഴത്തവ നാളേക്കുവേണ്ടി ഉറങ്ങാൻ കിടക്കുന്നു."- ആരാണ് ഉറങ്ങാൻ കിടക്കുന്നതു? എന്തിനു വേണ്ടിയാണു ഉറങ്ങുന്നത്?

*തെരുവീഥികൾ

*പിറ്റേന്ന് തിരക്കുപിടിച്ച ജോലികൾ ചെയ്യാനായി.

4. ആശുപത്രിക്ക് മുന്നിൽ അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങിയ മകന്റെ മനസ്സിൽ കടന്നു വന്ന ചിന്തകൾ എന്തെല്ലാം?

* പണ്ട് പനിച്ചപ്പോൾ അമ്മ എടുത്തുകൊണ്ട് ആശുപത്രിയുടെ പടികൾ കയറിയത്.

* ആശുപത്രിയിൽ നിന്ന് ലഭിച്ച കുത്തിവയ്പ്പിന്റെ നീറ്റൽ

<u>3 മാർക്ക് ചോദ്യങ്ങൾ</u>

5. "മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ് പാടയും പീളയും മൂടിയ കണ്ണുകൾ "

അമ്മത്തൊട്ടിൽ - റഫീഖ് അഹമ്മദ്

- പ്രയോഗഭംഗി വ്യക്തമാക്കുക.

*അമ്മയുടെ കണ്ണുകൾ മങ്ങി പഴകിയപിഞ്ഞാണം പോലെ മഞ്ഞ നിറമുള്ളതാണ്.

*നിരവധി കാഴ്ചകൾ കണ്ടു പഴകിയതാണ് അമ്മയുടെ കണ്ണുകൾ

* പ്രായം, ഉപയോഗശൂന്യത എന്നിവ സൂചിപ്പിക്കുന്നു.

6."പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊരുറ്റം കുരച്ചതു ചാടിക്കുതിക്കുന്നു "

അമ്മത്തൊട്ടിൽ - റഫീഖ് അഹമ്മദ്

- ഈ വരികൾ ഉയർത്തുന്ന സാമൂഹ്യവിമർശനം കാവ്യസന്ദർഭത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

* അമ്മയെ ഉപേക്ഷിക്കാൻ മാളിനടുത്തു എത്തുന്ന മകന് നേരെ കുരച്ചു ചാടുന്ന തെരുവ് പട്ടി.

* തെരുവുപട്ടിപോലും തന്റെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിൽ എത്ര മാത്രം ശ്രദ്ധ പുലർത്തുന്നു.

* മക്കളെ വളർത്താൻ അമ്മമാർ എത്ര ത്യാഗം സഹിക്കുന്നുണ്ടാകാം.

* അതെല്ലാം മറന്നു അവരെ തെരുവിൽ തള്ളുന്ന പുതുതലമുറ

## 4 മാർക്ക് ചോദ്യങ്ങൾ

7. "എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധികെട്ട കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ!" -

അമ്മത്തൊട്ടിൽ - റഫീഖ് അഹമ്മദ്

ഈ വരികൾ ഉയർത്തുന്ന സാമൂഹ്യ വിമർശനം വിലയിരുത്തുക.

➔ തീരെ അവശയാകുംവരെ ഒരു ക്ഷേത്രത്തിൽ കൊണ്ടു പോകാൻ മകനെ നിർബന്ധിച്ചിരുന്നു.
➔ അമ്മയുടെ നിസ്സാര ആഗ്രഹം സാധിച്ചു കൊടുക്കാൻ മകന് താത്പര്യം തോന്നിയില്ല.
➔ ഇന്ന് ബോധം നഷ്ടമായപ്പോൾ അതേ ക്ഷേത്രത്തിൽ കൊണ്ടു പോയി നടതള്ളുന്നു.
➔ "കൊണ്ടിറക്കേണ്ടു " എന്ന പ്രയോഗം അമ്മയെ വെറുമൊരു പാഴ് വസ്തുവായി കാണുന്ന മകന്റെ മനോഭാവം വെളിവാക്കുന്നു.
➔

8. "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ ഇന്നും പഴി പറഞ്ഞേക്കാം "

അമ്മത്തൊട്ടിൽ - റഫീഖ് അഹമ്മദ്

- മകന്റെ ഈ ചിന്ത, സ്വന്തം അധാർമികതയെ മറച്ചു പിടിക്കാനുള്ള ബോധപൂർവമായ ശ്രമമാണ്. - ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

➔ വൃദ്ധയായ അമ്മയെ സംരക്ഷിക്കേണ്ടത് മകന്റെ കടമയാണ്.
➔ തന്റെ കടമ മറന്നു അമ്മയെ ഉപേക്ഷിക്കാൻ ഇറങ്ങി തിരിച്ചതാണ് മകൻ.
➔ അത് ഭാര്യയുടെ വാക്കുകേട്ടാണ് എന്ന് പറയുന്നത് സ്വന്തം തെറ്റിനെ ന്യായീകരിക്കാനുള്ള ശ്രമം ആണ്.
➔ തന്റെ കടമകൾ നിർവഹിക്കാതെ മറ്റുള്ളവരെ പഴി പറയുന്നത് ശരിയല്ല.

**9.** "അമ്മത്തൊട്ടിൽ " എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

- ➔ ആധുനിക കാലഘട്ടം സമ്മാനിക്കുന്ന മനുഷ്യത്വമില്ലായ്മയുടെ ചിത്രം.
- ➔ വാർദ്ധക്യം നേരിടുന്ന വെല്ലുവിളി
- ➔ അവശയായ അമ്മയെ ഉപേക്ഷിക്കാൻ വിവിധ സ്ഥലങ്ങളിൽ എത്തുന്ന മകൻ നേരിടുന്ന അവസ്ഥകൾ.
- ➔ ഒടുവിൽ തനിക്കു പ്രിയപ്പെട്ട ഓർമ്മകൾ സമ്മാനിച്ച അമ്മയെ ഉപേക്ഷിക്കാൻ മകന് കഴിയുന്നില്ല.
- ➔ ഒടുവിൽ അമ്മയുടെ അവസ്ഥ.
- ➔ ആസ്വാദനക്ഷമമായ വരികളുടെ സൂചന.

# യൂണിറ്റ് II
# നിലാവു പെയ്യുന്ന നാട്ടുവഴികൾ

## കൊച്ചുചക്കരച്ചി, ഓണമുറ്റത്ത്, കോഴിയും കിഴവിയും, ശ്രീനാരായണഗുരു

**ആമുഖം**

പ്രകൃതിയോട് ഇണങ്ങി ജീവിച്ചിരുന്ന ഒരു ഗ്രാമീണാന്തരീക്ഷം കേരളത്തിലുണ്ടായിരുന്നു. നന്മകളാൽ സമൃദ്ധമായ നാട്ടിൻ പുറങ്ങളിൽ മനുഷ്യരും മറ്റു ജീവജാലങ്ങളും ഒരുമിച്ചു കഴിഞ്ഞു. ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പുകളും സ്നേഹബന്ധങ്ങൾ നിലനിർത്തിയിരുന്ന അയൽപക്കങ്ങളും ഒരു കാലത്തിവിടെയുണ്ടായിരുന്നു. അന്ന് ഓണം, വിഷു, തിരുവാതിര എന്നിവ പ്രകൃതിയുടെ സർഗ്ഗതാളങ്ങളുടെ ജീവിതാവിഷ്കാരങ്ങളായിരുന്നു. അന്ന് മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും ആരോഗ്യകരമായ സ്നേഹബന്ധമുണ്ടായിരുന്നു. ഗൃഹാതുരത്വം ഉണർത്തുന്ന ആ നാട്ടിൻപുറക്കാഴ്ചകളിലേക്കും ജീവിതാനുഭവങ്ങളിലേക്കുമുള്ള ഒരു യാത്രയാണ് ഈ യൂണിറ്റ്. ഗ്രാമീണ ജീവിതത്തിന്റെ സുന്ദരമായ ദൃശ്യാനുഭവമാണ് കൊച്ചുചക്കരച്ചി. കേരളീയ സംസ്കാരത്തിന്റെ നന്മകളും ഈടുവയ്പ്പുകളും പകർന്നുതരികയും മാനുഷരെല്ലാരുമൊന്നുപോലെ എന്ന സന്ദേശം ഈ മലനാടിന്റെ മണ്ണിൽ അലിഞ്ഞു ചേർന്ന നന്മ തന്നെയാണെന്നും ഓർമ്മിപ്പിയ്ക്കുന്ന കവിതയാണ് ഓണമുറ്റത്ത്. കുടുംബമെന്ന സങ്കൽപത്തിനുമപ്പുറം അയൽപക്കം ഒരു സാമൂഹ്യഏകകമായി മാറുന്ന ഗ്രാമീണ ജീവിതനന്മയുടെ പ്രകാശനമാണ് കോഴിയും കിഴവിയും എന്ന കഥ. മലയാളത്തിന്റെ മണ്ണിലും മനസ്സിലും രൂപപ്പെട്ടു വന്ന മഹത്തായ മാനവദർശനമെന്ന നിലയിൽ ഗുരുദേവന്റെ ജീവിതവും സന്ദേശവും പരിചയപ്പെടുത്തുന്ന ലേഖനമാണ് ശ്രീനാരായണഗുരു.

## കൊച്ചുചക്കരച്ചി -എ പി ഉദയഭാനു

പ്രകൃതിയിലെ ജീവജാലങ്ങളോടൊപ്പം മനുഷ്യർ സഹജമായ സൗഹാർദ്ദത്തോടെ പുലർന്നിരുന്ന ഗ്രാമീണ ജീവിതത്തിന്റെ സുന്ദരമായ ദൃശ്യാനുഭവമാണ് കൊച്ചു ചക്കരച്ചി. മനുഷ്യരും മരങ്ങളും തമ്മിലുള്ള ബന്ധമാണ് ഇതിലെ പ്രമേയം.

<u>ഓർമ്മച്ചെപ്പ്</u>

- ➔ എ.പി.ഉദയഭാനുവിന്റെ തറവാട്ടുവീടായ മുല്ലശ്ശേരിൽ പറമ്പിലുണ്ടായിരുന്ന മാവാണ് കൊച്ചുചക്കരച്ചി.
- ➔ എഴുത്തുകാരന്റെ ജീവിതത്തിലെ രസകരമായ ഓർമ്മകളെ അനുഭവങ്ങളുമായി കൂട്ടിയിണക്കി അവതരിപ്പിച്ചിരിക്കുന്നു.
- ➔ ബാല്യകാലത്തെ മാഞ്ചുവട്ടിലെ ഒത്തുചേരൽ, മാമ്പഴത്തിന്റെ വ്യത്യസ്തരുചികൾ, മാവിന്റെ സവിശേഷതകൾ, നാട്ടറിവുകൾ തുടങ്ങിയവയെല്ലാം സൗന്ദര്യാത്മകമായി അവതരിപ്പിച്ചിരിയ്ക്കുന്നു.
- ➔ വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവു തന്നെയാണ്.
- ➔ കവികൾക്ക് പ്രിയപ്പെട്ട വൃക്ഷമാണ് മാവ്.
- ➔ അണ്ണാൻ പിറന്നാൾ ആഘോഷിക്കൽ, ഉണ്ണിയിടീൽ തുടങ്ങിയ കളികൾ
- ➔ കുലശ്രേഷ്ഠകൾ എന്നാണ് ലേഖകൻ ഈ മാവുകളെ വിശേഷിപ്പിച്ചിരുന്നത്.
- ➔ നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ ആ വൃക്ഷമുത്തശ്ശി പറയുമായിരുന്നു.
- ➔ നിബിഡവും ശ്യാമളവുമായ തലമുടിയുള്ളവൾ, നേരുള്ളവൾ,ചതിയ്ക്കാത്തവൾ, കുട്ടികളെപ്പോലെ അരുമത്തം നേടിയവൾ എന്നിങ്ങനെ വ്യത്യസ്തമായ മാനുഷിക-ഭാവങ്ങളാണ് ഈ മാവിനുള്ളത്.
- ➔ ലേഖകന്റെ അമ്മക്ക് ആ മാവിനോട് വല്ലാത്ത ഭക്തിയും വിശ്വാസവുമായിരുന്നു.
- ➔ കാറ്റിലും മഴയിലും കൊച്ചുചക്കരച്ചി മറിഞ്ഞുവീണെങ്കിലും ആർക്കും ഒരാപത്തും വരുത്തിയില്ല. അമ്മയുടെ വിശ്വാസം ശരിയാകുന്നു.

### <u>1 മാർക്കിന്റെ ചോദ്യങ്ങൾ</u>

1. കവികളായവരെല്ലാം നാട്ടിൻ പുറത്തെ ഏതെങ്കിലും കൊതിയ സമാജത്തിൽ അംഗങ്ങൾ ആയിരുന്നിരിക്കണം. - ഈ നിഗമനത്തിന്റെ അടിസ്ഥാനമെന്ത്?

   a .നാട്ടിലെല്ലാം കൊതിയ സമാജമുണ്ട്.

b. കവികൾ മാങ്ങാക്കൊതിയുള്ളവരാണ്.

c.മാവിനെക്കുറിച്ച് മാധുര്യമൂറുന്ന കവിതകൾ ധാരാളമുണ്ട്.

ഉത്തരം: മാവിനെക്കുറിച്ച് മാധുര്യമൂറുന്ന കവിതകൾ ധാരാളമുണ്ട്.

2. കൊച്ചു ചക്കരച്ചി എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?

a) അനുഭവക്കുറിപ്പ്

b) ആത്മകഥ

c) ഉപന്യാസം

ഉത്തരം: ഉപന്യാസം

3 . അക്കാലത്ത് മാവുകളെ പട്ടാളത്തിൽ ചേർത്തിരുന്നു എന്ന് ലേഖകൻ പറയുന്നത് എന്തു കൊണ്ടാണ്?

ഉത്തരം: യുദ്ധത്തിന് ആയുധങ്ങളും മറ്റും നിർമ്മിക്കാൻ .

## 2 മാർക്കിന്റെ ചോദ്യങ്ങൾ

4. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങൾ ആക്കുക .

വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ്തന്നെയാണ്.

ഉത്തര സൂചനകൾ

➔ വൃക്ഷങ്ങൾ പലതുണ്ട്.

➔ വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ് തന്നെയാണ്.

5. "പൂത്തിരി കത്തിച്ച പോൽ മാമ്പൂക്കുല" ഈ വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം എന്ത്?

ഉത്തര സൂചനകൾ

➔ മാവ് പൂത്തിരിയ്ക്കുന്നതും പൂക്കൾ കുലകളായി നിൽക്കുന്നതും കാണാൻ നല്ല ഭംഗിയാണ്.

➔ ഇതു കണ്ടാൽ പൂത്തിരി കത്തുന്നതു പോലെ തോന്നും.

6. കൊച്ചു ചക്കരച്ചിയെക്കുറിച്ചുള്ള അമ്മയുടെ വിശ്വാസം എന്തായിരുന്നു?

ഉത്തരസൂചനകൾ

➔ കൊച്ചു ചക്കരച്ചിവീഴില്ല. വീണാലും ചതിയ്ക്കില്ല

➔ അമ്മയുടെ വിശ്വാസം വിജയിക്കുക തന്നെ ചെയ്തു.

## 3 മാർക്കിന്റെ ചോദ്യങ്ങൾ

**7.** "മാവിനോടുള്ള പ്രേമം നാട്ടിൻ പുറത്തെ കുട്ടികളിൽ മാത്രമല്ല കവികളിലും കാണാം"

- കൊച്ചുചക്കരച്ചി –എ പി ഉദയഭാനു

ലേഖകൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

ഉത്തരസൂചനകൾ

- കവികൾക്ക് ഇഷ്ടപ്പെട്ട വൃക്ഷമാണ് മാവ്.
- മാവിനെക്കുറിച്ചുള്ള ധാരാളം കവിതകളും പാട്ടുകളും ഉണ്ട്.
- കുട്ടികൾ മാത്രമല്ല കവികളും നാട്ടിൻപുറത്തെ കൊതിയസമാജത്തിലെ അംഗങ്ങളായിരുന്നു.

**8.** ഏറെ പ്രിയപ്പെട്ടതായിരുന്നു എങ്കിലും കൊച്ചുചക്കരച്ചിയെ മുറിച്ചു കളയാൻ ലേഖകൻ തീരുമാനിച്ചതിനു പിന്നിലുള്ള യുക്തി എന്തായിരുന്നു?

ഉത്തരസൂചനകൾ

- കൊച്ചു ചക്കരച്ചിയുടെ തടി ജീർണച്ചതായിരുന്നു.
- മാവ് മറിഞ്ഞു വീണാലുണ്ടാകാവുന്ന അപകടങ്ങൾ
- കുടുംബനാഥൻ എന്ന നിലയിൽ മാവ് വീണാലുണ്ടാകാവുന്ന അപകടം ഒഴിവാക്കാനുള്ള മുൻകരുതൽ

**9.** "ഇന്ന് മാങ്ങമരം കാണാത്ത കുട്ടികൾ കേരളത്തിലുണ്ടാവില്ല. എങ്കിലും ഇപ്പറഞ്ഞ പഴയ അപരിഷ്കൃതമട്ടുകൾ അവർ അറിയാനിടയില്ല ".

- കൊച്ചുചക്കരച്ചി –എ പി ഉദയഭാനു

- അപരിഷ്കൃത മട്ടുകൾ , മാങ്ങമരം തുടങ്ങിയ പ്രയോഗങ്ങൾ എന്തിനെയൊണ് സൂചിപ്പിക്കുന്നത്?

ഉത്തരസൂചനകൾ

- പ്രകൃതിയുമായി അകലുന്ന കുട്ടികളെയാണ് മാങ്ങമരം സൂചിപ്പിക്കുന്നത്.
- മാങ്ങ വീഴ്ത്താൻ ലേഖകന്റെ കാലത്തെ കുട്ടികൾ കണ്ടെത്തിയ മാർഗ്ഗങ്ങൾ അപരിഷ്കൃതമായി ഇന്നത്തെ തലമുറയ്ക്ക് തോന്നാം
- നമ്മുടെ സംസ്കാരത്തിൽ വന്ന മാറ്റം കൂടി ഇവിടെ സൂചിതമാകുന്നു.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

**10.** "വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവു തന്നെയാണ്." - ഈ പ്രസ്താവനയെ ലേഖകൻ സമർത്ഥിയ്ക്കുന്നതെങ്ങനെ? പാഠസന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?

ഉത്തരസൂചനകൾ

• മാവു പൂക്കുന്നത് നാട്ടിൻ പുറത്ത് ഉത്സവമായിരുന്നു.മാമ്പൂവിന്റെ ഗന്ധം, ഉണ്ണിമാങ്ങ മുതലുള്ള ഭക്ഷ്യവസ്തുക്കൾ എന്നിവയെല്ലാം പ്രധാനപ്പെട്ടതാണ്.

• മാഞ്ചോട്ടിലെ ഒത്തു ചേരലുകൾ, കളികൾ എന്നിവയെല്ലാം കുട്ടികൾക്ക് പ്രിയപ്പെട്ടതാണ്.

• കവികൾക്ക് ഇഷ്ടപ്പെട്ട വൃക്ഷമാണ് മാവ്.

• മാവിന് ആരോഗ്യപരമായും സവിശേഷതകളുണ്ട്. മാമ്പൂതൈലം, മാവിലകൊണ്ടുള്ള പല്ലു തേയ്ക്കൽ,മാവിലയിട്ട് തിളപ്പിച്ച വെള്ളം എന്നിവയെല്ലാം ഉദാഹരണങ്ങളാണ്.

**11.** "വിശ്വാസമാണ് കൊച്ചു ചക്കരച്ചിയിലെ അമ്മയെ രക്ഷിച്ചത്."-

പ്രസ്താവന പരിശോധിച്ച് അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുള്ള ബന്ധം എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്ന് വിലയിരുത്തുക?

ഉത്തരസൂചനകൾ

• എഴുത്തുകാരന്റെ അമ്മയ്ക്ക് കൊച്ചു ചക്കരച്ചിയോട് വല്ലാത്ത ഭക്തിയും വിശ്വാസവും ആയിരുന്നു.

• മാവ് മുറിയ്ക്കണമെന്നു പറയുമ്പോൾ അമ്മ തടയുന്നു.

• മാവ് ചതിയ്ക്കില്ലെന്ന് ഉറച്ചു വിശ്വസിയ്ക്കുന്നു.

• കാറ്റും മഴയും വരുമ്പോൾ പൂമുഖത്ത് പോയിരിയ്ക്കുന്നു.

• വർഷങ്ങൾക്കു ശേഷം ശേഷം അമ്മയുടെ വിശ്വാസംപോലെ അപകടരഹിതയായി മാവ് വീഴുന്നു.

**12.** "കൊച്ചുചക്കരച്ചിക്ക് മാനുഷികഭാവങ്ങൾ ഉള്ളതായി അനുഭവപ്പെടുന്നു"-പാഠഭാഗത്തു നിന്നും സൂചനകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക?

ഉത്തരസൂചനകൾ

• കൊച്ചുചക്കരച്ചിയ്ക്ക് ധാരാളം മാനുഷികഭാവങ്ങൾ നൽകുന്നുണ്ട്.

• അധീശ്വരിയെപ്പോലെയാണ് കൊച്ചുചക്കരച്ചി നിന്നത്

• നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ വൃക്ഷമുത്തശ്ശി പറയുമായിരുന്നു.

•നിബിഡവും ശ്യാമളവുമായ തലമുടിയുള്ളവൾ, നേരുള്ളവൾ, ചതിയ്ക്കാത്തവൾ, കുട്ടികളെപ്പോലെ അരുമത്തം നേടിയവൾ എന്നിങ്ങനെ വിവിധ മാനുഷികഭാവങ്ങളാണ് ഈ മാവിനുള്ളത്.

## 5 മാർക്കിന്റെ ചോദ്യങ്ങൾ

13. "തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ 'നിബിഡവും ശ്യാമളവുമായ തലമുടിയിലൂടെ വിരലോടിച്ചു പോവുക മാത്രം ചെയ്തു തള്ളിയിട്ടില്ല."

- കൊച്ചുചക്കരച്ചി -എ പി ഉദയഭാനു

- കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി എ.പി.ഉദയഭാനുവിന്റെ രചനാശൈലിയെക്കുറിച്ച ഉപന്യാസം തയ്യാറാക്കുക?

ഉത്തരസൂചനകൾ

- എ പി ഉദയഭാനുവിന്റെ ഒരു ലളിതമനോഹരമായ ഉപന്യാസമാണ് കൊച്ചു ചക്കരച്ചി.
- മനുഷ്യരും മരങ്ങളും തമ്മിലുള്ള ബന്ധം മനോഹരമായ ഭാഷയിൽ അവതരിപ്പിച്ചിരിയ്ക്കുന്നു.
- എഴുത്തുകാരന്റെ ജീവിതത്തിലെ രസകരമായ ഓർമ്മകളെ അനുഭവങ്ങളുമായി കൂട്ടിയിണക്കി അവതരിപ്പിച്ചിരിയ്ക്കുന്നു.
- മാവിന്റെസവിശേഷതകളെക്കുറിച്ച് നാട്ടറിവുകളിലൂടെ പുതിയൊരു വിജ്ഞാനമേഖല തുറന്നു തരുന്നു.
- ബാല്യകാലത്ത് സമപ്രായക്കാരുമൊത്ത് മാഞ്ചുവട്ടിലെത്തിച്ചേരുന്നത്, വിവിധ കളികളിൽ ഏർപ്പെടുന്നത്, മാമ്പഴത്തിന്റെ ഭിന്നമായ രുചികൾ ആസ്വദിയ്ക്കുന്നത്, ഇതെല്ലാം സൗന്ദര്യാത്മകമായി അവതരിപ്പിച്ചിരിക്കുന്നു.
- ഗ്രാമപ്രദേശത്ത് കഴിഞ്ഞിരുന്നവർക്ക് അനുഭവിയ്ക്കാൻ കഴിഞ്ഞിട്ടുള്ള പല സൗഭാഗ്യങ്ങളും എഴുത്തുകാരൻ ചൂണ്ടിക്കാട്ടുന്നു.

14. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഊഷ്മളമായ സ്നേഹബന്ധം നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി കൊച്ചുചക്കരച്ചിയിലെ ആശയങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക?

ഉത്തരസൂചനകൾ

- 'മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഊഷ്മളമായ സ്നേഹബന്ധം ഹൃദ്യമായി ആവിഷ്കരിച്ചിരിയ്ക്കുന്നു.
- എഴുത്തുകാരന്റെ കുട്ടിക്കാലത്തെ ഓർമ്മകൾ, മാഞ്ചുവട്ടിലെ കളികൾ തുടങ്ങിയവയിലൂടെ മാവുമായുള്ള ദൃഢബന്ധം അവതരിപ്പിക്കുന്നു.
- തറവാട്ടിലെ ചിരബന്ധുവായിട്ടാണ് കൊച്ചുചക്കരച്ചിയെ അവതരിപ്പിച്ചിരിയ്ക്കുന്നത്.
- അമ്മയും മാവും തമ്മിലുള്ളബന്ധം, വിശ്വാസം
- മാവ് മുറിയ്ക്കണമെന്നു പറയുമ്പോൾ അമ്മ തടയുന്നു.
- മാവിന് മാനുഷികഭാവങ്ങൾ നൽകുന്നു.

• പുതിയ തലമുറയുടെ പ്രകൃതിയോടുള്ള സമീപനം.

15. പ്രിയങ്കരങ്ങളായ വസ്തുക്കളോട് സ്വന്തം മക്കളോടെന്ന പോലെ മമതയുണ്ടായിരുന്ന ഒരു സംസ്കാരം മലയാളിയ്ക്കുണ്ടായിരുന്നു എന്ന് ഓർമ്മിപ്പിയ്ക്കുന്ന രചനയാണ് കൊച്ചുചക്കരച്ചി. പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യാസം തയാറാക്കുക?

ഉത്തരസൂചനകൾ

• എ.പി.ഉദയഭാനുവിന്റെ തറവാട്ടുവീട്ടിൽ അമ്മയ്ക്ക് ഭാഗം കിട്ടിയ സ്ഥലത്താണ് കൊച്ചു ചക്കരച്ചി എന്ന മാവ് നിന്നിരുന്നത്.

• എഴുത്തുകാരൻ ഈ മാവ് മുറിച്ചുകളയണമെന്ന് വാദിയ്ക്കുമ്പോൾ അമ്മ സമ്മതിയ്ക്കുന്നില്ല.

• അമ്മയ്ക്ക് കൊച്ചുചക്കരച്ചിയോടുള്ള ഭക്തിയും വിശ്വാസവും. കൊച്ചുചക്കരച്ചി ചതിയ്ക്കില്ല എന്നാണ് അമ്മയുടെ വിശ്വാസം.

• കാറ്റും മഴയും വരുമ്പോൾ അമ്മ പൂമുഖത്ത് ചെന്നിരിയ്ക്കുന്നത്.

• അവൾ ദോഷം വരുത്തുകയില്ല എന്നുള്ള അമ്മയുടെ വിശ്വാസം ജയിച്ചു.

• കൊച്ചുചക്കരച്ചി മറിഞ്ഞു വീണപ്പോൾ അമ്മയുടെ വിശ്വാസവും ശരിയാകുന്നു.

• അവിടെ കിളിച്ചു പൊന്തിയ മാവിൻ തയ്യിനെ കൊച്ചു ചക്കരച്ചിയുടെ മകൾ എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തി.

## ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ

ഓണം മലനാടിനെ എങ്ങനെയെല്ലാം അണിയിച്ചൊരുക്കുന്നുവെന്നും പ്രകൃതിയോടു ചേർന്ന് മഹാബലി മന്നനെ എങ്ങനെ വരവേൽക്കുന്നുവെന്നും ഓണമുറ്റത്ത് എന്ന കവിതയിലൂടെ വൈലോപ്പിള്ളി അവതരിപ്പിക്കുന്നു. ഓണക്കാലത്തിന്റെ വർണ്ണനാ ചിത്രത്തിനപ്പുറം മലനാട്ടു ജീവിത സംസ്കാരത്തിന്റെ മധുരോദാരവും പാവനമായ സങ്കൽപ്പങ്ങളെക്കൂടി കവി അവതരിപ്പിയ്ക്കുന്നു

<u>ഓർമ്മച്ചെപ്പ്</u>

•മലയാളദേശം ഓണത്തെ എങ്ങനെയാണ് സ്വീകരിക്കുന്നതെന്ന് കവി അതിമനോഹരമായാണ് അവതരിപ്പിച്ചിരിയ്ക്കുന്നത്.

•തുമ്പകൾ ,മുക്കുറ്റികൾ, നെയ്യാമ്പലുകൾ, രാത്രി, ചെറുകന്യകകൾ, ഉഷസ്എന്നിവയാണ് ഓണത്തപ്പനെ സ്വീകരിക്കുവാനായി ഒരുങ്ങുന്നത്.

•മഴയെപ്പോലും വകവയ്ക്കാതെ തുമ്പകൾ മലരിൻ കൂട നിറച്ചു വച്ചിരിയ്ക്കുന്നു.

•തിരികൾ തെറുത്ത് കൊളുത്താനുള്ള മുഹൂർത്തവും കാത്ത് ദീപകുറ്റികളുമായി നറു മുക്കുറ്റികളും വെള്ളിത്താലത്തിൽ സ്വർണ്ണക്കിഴിയും കത്തിച്ചു വെച്ചു കൊണ്ട് നെയ്യാമ്പലുകളും നിരന്നു നിൽക്കുന്നു.

• നിലാവു നിറഞ്ഞ രാവിൽ കമുക് പൂവരി തൂകി നിൽക്കുന്നു.

• ഉദയസൂര്യനാകുന്ന വിളക്കിന്റെ നാളം അല്പമൊന്നുയർത്തി നാണത്താൽ തുടുത്ത കവിളുകളോടെ ഉഷസ്സ് ഒരുങ്ങിയെത്തുന്നു.

• ഓണത്തപ്പനെക്കുറിച്ചുള്ള ചിന്തകൾ കവിയെ പുള്ളുവനാക്കുന്നു.

• നാഗരിക സംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെടുന്ന നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന ദൗത്യമാണ് കവിയ്ക്കുള്ളത്.

• നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്ന നാടോടി സംസ്കൃതികളെ തിരികെ കൊണ്ടുവരാനുള്ള ഒരു ശ്രമമാണ് കവിയിലെ പുള്ളുവൻ നടത്തുന്നത്.

• പ്രാചീന നന്മകളെപ്പറ്റി ആവേശത്തോടെ പാടുന്ന കവി പുള്ളുവന്റെ പാരമ്പര്യം അവകാശപ്പെടുന്നു.

• പാരമ്പര്യത്തിന്റെ നന്മ തന്നിലുണ്ടെന്ന് കവി അഭിമാനിയ്ക്കുകയും ചെയ്യുന്നു.

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. "നല്ലതിഥി നമുക്കിനിയാരിതു പോലെ " - ഇവിടെ സൂചിപ്പിക്കുന്ന നല്ലതിഥി ആരാണ്?

• നെയ്യാമ്പലുകൾ

• പുള്ളുവൻ

• മഹാബലിമന്നൻ

ഉത്തരം: മഹാബലി മന്നൻ

2 .നടുവിൽ പൊൽക്കിഴിയെരിയുന്ന വെള്ളിത്താലമെടുത്ത് നിരന്നു നിന്നത് ആരാണ്?

• മുക്കുറ്റികൾ

• നെയ്യാമ്പലുകൾ

• തുമ്പകൾ

ഉത്തരം: നെയ്യാമ്പലുകൾ

3 .മധുരോദാരം - എന്നതിന്റെ വിഗ്രഹരൂപം എന്ത്?

• മധുരവും ഉദാരവും

• മധുരമായ ഉദാരം

• മധുരത്തിന്റെ ഉദാരം

ഉത്തരം: മധുരവും ഉദാരവും.

## 2 മാർക്കിന്റെ ചോദ്യങ്ങൾ

4. "ഏതു മുറങ്ങാതെമ്പാടും വയ-

ലേലകൾ തോറും നടുവിൽ പൊൽക്കിഴി -

യെരിയും വെള്ളിത്താലമെടുത്തു നി-

രന്നലസിപ്പൂനെയ്യാമ്പലുകൾ - നെയ്യാമ്പലുകളുടെ കാത്തിരിപ്പ് അവതരിപ്പിച്ചിരിക്കുന്നതിന്റെ ഭംഗി കണ്ടെത്തി എഴുതുക?

**ഉത്തരസൂചനകൾ**

• വയലേലകളുടെ നടുവിൽ വെള്ളിത്താലത്തിൽ സ്വർണ്ണക്കിഴിയും കത്തിച്ചു വെച്ചു കൊണ്ട് നെയ്യാമ്പലുകൾ നിരന്നു നിൽക്കുന്നു.

• ആമ്പൽപ്പൂവിന് നടുവിലുള്ള മഞ്ഞനിറം വെള്ളിത്താലത്തിനു നടുവിൽ കത്തിച്ചു വെച്ചതിരി പോലെയാണ്.

5.ഓണപ്പാട്ടുകളോടുള്ള പുതിയകാലത്തിന്റെ സമീപനം എങ്ങനെയുള്ളതാണ്?

**ഉത്തരസൂചനകൾ**

• 'പുതുതലമുറ ഓണപ്പാട്ടുകളെ പഴമയിലിഴയുന്ന പാട്ടുകളെന്ന് പരിഹസിയ്ക്കുന്നു.

• പുള്ളുവൻ പാട്ടും വീണയുമെല്ലാം പുത്തൻ പരിഷ്കാരങ്ങൾക്ക് വഴിമാറി.

6. "കൊഞ്ചലൊടെൻ പ്രിയമകളാം വീണപ്പെണ്ണും "

ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ

എന്ന പ്രയോഗം സൂചിപ്പിയ്ക്കുന്നതെന്ത്?

**ഉത്തരസൂചനകൾ**

• കവി പുള്ളുവവീണയെ മകളായി സങ്കല്പിക്കുന്നു. കവി പുള്ളുവനാകുന്നു.

• മധുരഗാനം പൊഴിക്കുന്ന കവിയുടെ കൈയിലെ വീണ കവിതയാണ്.

## <u>3 മാർക്കിന്റെ ചോദ്യങ്ങൾ</u>

7. "ഓണക്കാലത്തുണരും ഞാൻ, തിരു

വോണപ്പാട്ടുകളാണെൻ പാട്ടുകൾ "

ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ

- ഈ വരികളുടെ ഔചിത്യം വ്യക്തമാക്കുക?

**ഉത്തരസൂചനകൾ**

• ഗൃഹാതുരത്വം നിറയ്ക്കുന്ന ഓണക്കാലത്ത് കവിയും ഉണരുന്നു.ഓണപ്പാട്ടുകളാണ് കവിയുടെ പാട്ടുകൾ

• ഓണപ്പാട്ടുകാരൻ എന്ന് കവി സ്വയം വിശേഷിപ്പിയ്ക്കുന്നു.

• ഓണക്കാല പ്രകൃതിയും ഓണപ്പാട്ടുകളുടെ ലാളിത്യവും ജീവിത ദർശനവും കവിയ്ക്ക് എന്നും പ്രചോദനമാകുന്നു.

**8.** "ഞങ്ങടെ കൊച്ചു കിനാവുകൾ തേടിയലഞ്ഞു

മലർക്കളമെഴുതിക്കാത്തോരരചനെ."

ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ

- വരികളുടെ പൊരുൾ കണ്ടെത്തുക?

ഉത്തരസൂചനകൾ

• മലയാളിയുടെ മനസ്സിൽ ഗൃഹാതുരത്വം നിറയ്ക്കുന്ന ആഘോഷമാണ് ഓണം.

• കർഷകരും അധ്വാനിയ്ക്കുന്നവരും ദുരിതമനുഭവിയ്ക്കുന്നവരും സമത്വസുന്ദരമായ നാടിനെ സ്വപ്നം കാണുന്നു.

• ഒരു നാടിനെക്കുറിച്ചുള്ള മലയാളിയുടെ സ്വപ്നം മഹാബലിയുമായി ബന്ധപ്പെട്ടതാണ്.' മലയാള നാട് പൂക്കളമൊരുക്കി മഹാബലിയെ കാത്തിരിയ്ക്കുന്നു.

**9** "ഇവരറിയുന്നീലെന്നഭിമാനം" എന്ന കവിയുടെ വാക്കുകൾ സൂചിപ്പിയ്ക്കുന്നത് എന്തെന്ന് വ്യക്തമാക്കുക

ഉത്തരസൂചനകൾ

• കാവ്യപാരമ്പര്യത്തിലും സംസ്കാരത്തിലും അഭിമാനം കൊള്ളുന്നു കവി.

• ആര് തന്നെ പരിഹസിച്ചാലും തളരില്ലെന്ന് കവി പറയുന്നു.

• അചഞ്ചലവും ആത്മാർത്ഥവുമാണ് ഗ്രാമ ജീവിതത്തെക്കുറിച്ചുള്ള കവി സങ്കല്പം.

## <u>4 മാർക്കിന്റെ ചോദ്യങ്ങൾ</u>

**10.** ഓണമുറ്റത്ത് എന്ന കവിതയിൽ മലയാളദേശം ഓണത്തെ സ്വീകരിയ്ക്കുന്നതെങ്ങനെയാണ്? കവിതയിൽ നിന്ന് സൂചനകൾ കണ്ടെത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക?

ഉത്തരസൂചനകൾ

• തുമ്പകൾ ,മുക്കുറ്റികൾ, നെയ്യാമ്പലുകൾ, രാത്രി, ചെറുകന്യകകൾ, ഉഷസ് എന്നിവയാണ് ഓണത്തപ്പനെ സ്വീകരിയ്ക്കാനായി ഒരുങ്ങുന്നത്.

• മഴയെപ്പോലും വകവയ്ക്കാതെ തുമ്പകൾ മലരിൻകൂട നിറച്ചു വെച്ചിരിയ്ക്കുന്നു.

•തിരികൾതെറുത്തുകൊളുത്തുന്നുള്ള മുഹൂർത്തവുംകാത്ത് ദീപക്കുറ്റികളുമായി നറുമുക്കുറ്റികൾ കാത്തിരിക്കുന്നു.

• പൊൽക്കിഴിയെരിയുന്ന വെള്ളിത്താലമെടുത്ത് നെയ്യാമ്പൽ നിൽക്കുന്നു.

• നിലാവു നിറഞ്ഞ രാവിൽ കമുക് പൂവരി തൂകുന്നു.

• ആർപ്പുവിളിച്ചും കുരവയിട്ടും ചെറുകന്യകകൾ സ്വീകരിക്കുന്നു.

• മലകൾ ചങ്ങലവട്ട തീർത്തും സൂര്യൻ കത്തുന്ന തിരിയായും ഉഷസ് ഓണക്കോടിയുടുത്ത് ഗ്രാമീണകന്യകയായും ഒരുങ്ങി നിൽക്കുന്നു.

**11.** ''നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടല വിരലാൽ നീട്ടിയു
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിട്ട -
മോണക്കോടിയുടുത്തൊരുഷസ്സേ ''

ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ

- ഈ വരികളിലെ വാങ്മയ ചിത്രത്തിന്റെ ഭംഗി വിശദമാക്കുക.?

ഉത്തരസൂചനകൾ

• ഓണക്കാലത്തെ പ്രഭാതത്തിന്റെ മനോഹരമായ ഒരു വാങ്മയചിത്രമാണ് വരികളിൽ അവതരിപ്പിച്ചിരിയ്ക്കുന്നത്.

•ചുവന്നു തുടുത്ത് ഓണക്കോടിയുടുത്ത് നാണത്തോടെ ചുവന്നവിരലുകളാൽ ചങ്ങലവട്ടയിലെ തിരിനാളം നീട്ടുന്ന ഗ്രാമീണപ്പെൺകിടാവായി ഓണപ്പുലരിയെ വർണിച്ചിരിയ്ക്കുന്നു.

• മലനിരകളെ ചങ്ങലവട്ടയായും സൂര്യനെ അതിനിടയിൽ തെളിയുന്ന ദീപനാളമായും വർണിക്കുന്നു.

•ഉദയസൂര്യനാകുന്ന വിളക്കിന്റെ നാളം അല്പമൊന്നുയർത്തി നാണത്താൽ തുടുത്ത കവിളുകളോടെ ഉഷസ് ഒരുങ്ങിയെത്തുന്നു.

**12.** "പഴയൊരു പുള്ളുവനാണല്ലോ ഞാൻ"

ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ

-കവി തന്നെ പുള്ളുവനായി അവതരിപ്പിച്ചിരിയ്ക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക?

ഉത്തരസൂചനകൾ

• ഓണത്തപ്പനെക്കുറിച്ചുള്ള ചിന്തകൾ കവിയെ പുള്ളുവനാക്കുന്നു.

• നാഗരിക സംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെടുന്ന നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന ദൗത്യമാണ് കവിയ്ക്കുള്ളത്.

• നാടോടി പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന കവി താനും അതിലൊരു കണ്ണിയാണെന്ന് അഭിമാനിയ്ക്കുന്നു.

• പരിഷ്കാരത്തിന്റെ തിണ്ണ

## 5 മാർക്കിന്റെ ചോദ്യങ്ങൾ

**13.** "വാങ്മയചിത്രങ്ങളാൽ സമ്പന്നമാണ് വൈലോപ്പിള്ളിക്കവിതകൾ"

-ഓണമുറ്റത്ത് എന്ന കവിത വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക?

ഉത്തരസൂചനകൾ

- ഗ്രാമവും ഗ്രാമീണതയും കാർഷികസംസ്കൃതിയും വൈലോപ്പിള്ളി കവിതകളിലെ നിറസാന്നിധ്യമാണ്.
- വാങ്മയചിത്രങ്ങൾ കൊണ്ട് തീർക്കുന്ന പ്രകൃതിവർണനകൾ ഓണമുറ്റത്ത് എന്ന കവിതയെ മനോഹരമാക്കുന്നു.
- മഴ കൊണ്ടാലും മേട്ടുകൾ തോറും പാവം തുമ്പകൾ പൂക്കുട നിറച്ച് വിറച്ചു നിൽക്കുന്നു.
- തിരികൾ തെറുത്ത് കൊളുത്താൻ യോജിച്ച മുഹൂർത്തം നോക്കി കുഴഞ്ഞ് മടങ്ങിയ കൈവിരലോടെ ദീപക്കുറ്റികൾ നാട്ടി നിൽക്കുന്ന മുക്കുറ്റികൾ
- വയലേലകളിൽ സ്വർണ്ണനിറത്തിലുള്ള കിഴികൾ എരിയുന്ന വെള്ളിത്താലങ്ങളുമായി നെയ്യാമ്പലുകൾ നിൽക്കുന്നു
- നിലാവുപരന്ന രാത്രിയിൽ കമുക് പൂവരി തൂകി ഓണത്തപ്പനെ എതിരേൽക്കുന്നു.
- നീളും മലയുടെ ചങ്ങലവട്ടയിൽ ഉദയസൂര്യനാകുന്ന വിളക്കിന്റെനാളം പാടലവിരലാൽ നീട്ടിയും നാണത്താൽ തുടുത്ത കവിളുകളോടെ ഓണക്കോടി ഉടുത്തുവരുന്ന ഗ്രാമീണ കന്യകയായി പ്രഭാതത്തെ വർണിച്ചിരിയ്ക്കുന്നു.

**14.** " ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് " -ഓണമുറ്റത്ത് എന്ന കവിതയുടെ വെളിച്ചത്തിൽ ഉപന്യാസം തയാറാക്കുക?

ഉത്തരസൂചനകൾ

- ഓണത്തിന്റെ ഐതിഹ്യം
- കേരളീയർ ജാതിമതഭേദമില്ലാതെ ഓണം ആഘോഷിയ്ക്കുന്നു.
- ഓണപ്പൂക്കളം സമത്വത്തിന്റെ സൂചനയാണ്.
- ഓണക്കളികൾ, ഓണാഘോഷങ്ങൾ, കൊയ്ത്ത്, വള്ളംകളി മത്സരങ്ങൾ
- ലോകമെങ്ങുമുള്ള മലയാളികൾ ഒന്നിക്കുന്ന സുദിനം
- ഇന്ന് ഓണത്തിന് വന്ന മാറ്റങ്ങൾ
- ഓണം പായ്ക്കറ്റിലായി, ഹോട്ടൽ സംസ്കാരം, വിപണിയുടെ കടന്നു കയറ്റം
- ഓണക്കളികൾ അന്യമാകുന്നു. ചാനൽ സംസ്കാരം കൂടുന്നു.

- മഹാബലി കേരളം ഭരിച്ചിരുന്ന കാലത്ത് മാനുഷരെല്ലാരുമൊന്നുപോലെയായിരുന്നു.
- കള്ളവും ചതിയും ഇല്ലാത്ത കാലമായിരുന്നു അത്.

15 . "കേരളത്തിന്റെ പ്രകൃതിയേക്കാൾ കേരളത്തിന്റെ സംസ്കാരം വൈലോപ്പിള്ളിയിൽ സ്വാധീനം ചെലുത്തി. കേരളീയസംസ്കാരത്തോട് കരുതിക്കൂട്ടിയല്ലാതെ തന്നെ ഇത്രയും കൂറ് ഞാൻ മറ്റൊരു മലയാളകവിയിലും കണ്ടിട്ടില്ല."(എം.എൻ.വിജയൻ)

ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ 'ഓണമുറ്റത്ത് 'എന്ന കവിത വിശകലനം ചെയ്ത് "വൈലോപ്പിള്ളിക്കവിതയിലെ കേരളീയത " യെക്കുറിച്ച് ലഘു നിരൂപണം തയാറാക്കുക?

ഉത്തരസൂചനകൾ

- മനുഷരെല്ലാരുമൊന്നുപോലെ എന്ന മഹത്തായ സന്ദേശം ഈ മലനാടിന്റെ മണ്ണിൽ അലിഞ്ഞുചേർന്ന നന്മ തന്നെയാണ് എന്ന് കാട്ടിത്തരുന്ന കവിതയാണ് ഓണമുറ്റത്ത്.
- ഓണം മലനാടിനെ എങ്ങനെയെല്ലാം അണിയിച്ചൊരുക്കുന്നുവെന്നും പ്രകൃതിയോട് ചേർന്ന് മാനവജീവിതം മാവേലിമന്നനെ എങ്ങനെ വരവേൽക്കുന്നുവെന്നും കവി വർണിക്കുന്നു.
- ഓണത്തപ്പനെക്കുറിച്ചുള്ള ചിന്തകൾ കവിയെ പുള്ളുവനാക്കുന്നു.
- നാഗരികസംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെടുന്ന നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന ദൗത്യമാണ് കവിയ്ക്കുള്ളത്.
- പരിഷ്കാരത്തിന്റെ തിണ്ണയിലുള്ളവർ പരിഹസിച്ചേക്കാമെങ്കിലും കവിയുടെ ആത്മാഭിമാനത്തെ തളർത്താൻ അവർക്ക കഴിയുന്നില്ല.
- നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്ന നാടോടി സംസ്കൃതിയെക്കുറിച്ച് കവി സൂചിപ്പിയ്ക്കുന്നു.
- പാരമ്പര്യത്തിന്റെ നന്മ തന്നിലുണ്ടെന്ന് കവി അഭിമാനിയ്ക്കുന്നു.
- പഴമയുടെ മേന്മയിൽ പുള്ളുവനുണ്ടാകുന്ന അഭിമാനത്തെ കവി തുറന്നു പറയുന്നു.
- ഓണക്കാലത്തിന്റെ വർണനാചിത്രത്തിനപ്പുറം മലനാട്ടു ജീവിതസംസ്കാരത്തിന്റെ മധുരോദാരവും പാവനവുമായ സങ്കല്പങ്ങളെ കവി ഓർമ്മിപ്പിയ്ക്കുന്നു.

## കോഴിയും കിഴവിയും - കാരൂർ നീലകണ്ഠപിള്ള

മലയാള ചെറുകഥാലോകത്ത് സൂക്ഷ്മമായ ജീവിത നിരീക്ഷണങ്ങൾ കൊണ്ട് വേറിട്ട് നിൽക്കുന്ന കഥകളാണ് കാരൂർകഥകൾ. ഒരേസമയം കഥയോടൊപ്പംനടന്നും കഥയെ നേരിട്ട് നിയന്ത്രിയ്ക്കാതെയും ആഖ്യാനംചെയ്യാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്. നന്മകളാൽ സമൃദ്ധമായ

നാട്ടിൻപുറമാണ് കാരൂരിന്റെ തട്ടകം. കുടുംബം എന്ന സങ്കല്പത്തിനപ്പുറം അയൽപക്കം ഒരു സാമൂഹ്യഏകകമായി മാറുന്ന ഗ്രാമീണ ജീവിത നന്മയുടെ പ്രകാശനമാണ് കോഴിയും കിഴവിയും എന്ന കഥ.

<u>ഓർമ്മച്ചെപ്പ്</u>

- ➔ രണ്ടു ഗ്രാമീണ കുടുംബങ്ങൾ സ്നേഹിച്ചും കലഹിച്ചും ജീവിച്ചുപോരുന്ന ഒരു നാട്ടിൻപുറം ഈ കഥയിലുണ്ട്.
- ➔ തലമുറകളായി കഴിഞ്ഞു വരുന്ന മത്തായിയുടെയും മാർക്കോസിന്റെയും കുടുംബങ്ങൾ പരസ്പരാശ്രയത്വത്തിന്റെ നന്മ പലപ്പോഴും പ്രകടിപ്പിക്കുന്നുണ്ട്.
- ➔ മത്തായിയുടെ അമ്മച്ചിയുടെ പ്രകാശം നിറഞ്ഞ വാക്കുകൾ വഴിവിളക്കായി മാറുന്നവയാണ്.
- ➔ തലമുറകൾക്ക് മുൻപ് തുടങ്ങിവെച്ച സ്നേഹോഷ്മളമായ ബന്ധങ്ങളെ പണത്തിന്റെ കണക്കിൽ വിലയിട്ട ലോഭാന്ധതയെ ഈ കഥ തുറന്നു കാട്ടുന്നു.
- ➔ നേർത്തനർമ്മത്തിന്റെ മേമ്പൊടി വിതറി കഥാപാത്രങ്ങളുടെ ജീവിതഭാവങ്ങൾ സൂക്ഷ്മതയോടെ ചിത്രീകരിച്ചിരിക്കുന്നു.
- ➔ കഥയിൽ മത്തായിയുടെ അമ്മയ്ക്ക് സവിശേഷമായ സ്ഥാനമാണുള്ളത്.
- ➔ നിസ്വാർത്ഥമായ സ്നേഹത്തിന്റെയും നന്മയുടെയും ഉറവിടമാണ് അമ്മയുടെ മനസ്സ്.
- ➔ അയൽപക്ക ബന്ധങ്ങളിലെ ഊഷ്മളത കാത്തുസൂക്ഷിക്കാൻ അവർക്ക് കഴിയുന്നുണ്ട്.
- ➔ തന്റെ മകൻ മത്തായിയുടെ പ്രവൃത്തികളോട് അമ്മയ്ക്ക് പലപ്പോഴും യോജിക്കാനാവുന്നില്ല.
- ➔ മത്തായി മാർക്കോസിനെ കള്ളക്കേസിൽ കുടുക്കി ജയിലിലാക്കാൻ ശ്രമിക്കുമ്പോൾ അമ്മ സത്യം വെളിപ്പെടുത്തുന്നു.

## <u>1 മാർക്കിന്റെ ചോദ്യങ്ങൾ</u>

1. "ഈ വയ്യാവേലിയിൽ നിന്ന് തലവലിക്കാൻ മത്തായി കുറെ പാടുപെടേണ്ടി വന്നു." - തലവലിക്കാൻ എന്ന പ്രയോഗത്തിന്റെ ശരിയായ അർത്ഥം എഴുതുക.
   - തല പുറത്തെടുക്കുക
   - രക്ഷപ്പെടുക
   - കഷ്ടപ്പെടുക

   ഉത്തരം: രക്ഷപ്പെടുക.
2. മാർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി.- 'എതിരുപിടിക്കുക' എന്ന പ്രയോഗത്തിന്റെ സന്ദർഭത്തിലെ അർഥം എന്ത്?
   - എപ്പോഴും കുറ്റപ്പെടുത്തുക.
   - ചിലപ്പോൾ എതിർക്കുക.
   - എപ്പോഴും എതിർക്കുക.

ഉത്തരം: എപ്പോഴും എതിർക്കുക.

3. "കെട്ടിയോൻ കള്ളപ്പുകല ചുമടിനുപോയി ഇടികൊണ്ടു ചത്തതുകൊണ്ട് അവൾക്കു വന്ന ഭാഗ്യം." - ഈ വാക്യത്തിൽ തെളിയുന്ന ഭാവമെന്ത്?

- സന്തോഷം
- അസൂയ
- പരിഹാസം

ഉത്തരം: പരിഹാസം

## 2 മാർക്കിന്റെ ചോദ്യങ്ങൾ

4. "അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്ത കോഴി , ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായി മാർഗേണ കൂകി. "

"നോക്കിക്കോ" - നോക്കിക്കോ എന്ന പദത്തിന്റെ കഥാസന്ദർഭത്തിലെ അർഥസാധ്യതകൾ എന്തെല്ലാം?

ഉത്തരസൂചനകൾ

- മാർക്കോസിനുള്ള മുന്നറിയിപ്പ്
- മത്തായിയുടെ പ്രതികാരബുദ്ധി.

5. ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. - ഈ വാക്യം നൽകുന്ന സൂചന എന്ത്?

ഉത്തരസൂചനകൾ

- കോഴിയുടെ മരണം ഒരു വിപ്ലവത്തിനു കാരണമായി.
- കഥാഗതിയിൽ ഈ സംഭവം വലിയ മാറ്റങ്ങൾ വരുത്തി.

6. "കാറ്റുമാറി വീശി " - ഈ വാക്യം സൂചിപ്പിക്കുന്നത് എന്ത്?

ഉത്തരസൂചനകൾ

- കിടക്കാൻ ഇടമില്ലാതിരുന്ന മത്തായിയുടെ അമ്മയ്ക്ക് പാർക്കാൻ ഇടം നൽകിയത് മാർക്കോസിന്റെ അപ്പനായിരുന്നു.
- 'കാലം കടന്നു പോയപ്പോൾ മാർക്കോസ് ക്ഷയിച്ചു.മത്തായി പണക്കാരനായി.

## 3 മാർക്കിന്റെ ചോദ്യങ്ങൾ

7. "മകനേ മൂട്ട മറക്കരുത്"- മത്തായിയുടെ അമ്മയുടെ ഈ വാക്കുകളുടെ പൊരുൾ എന്ത്?

ഉത്തരസൂചനകൾ

- വന്ന വഴി മറക്കരുത് എന്നതാണ് വാക്കിന്റെ പൊരുൾ
- കഷ്ടപ്പാട് നിറഞ്ഞ സമയത്ത് മത്തായിയേയും അമ്മയേയും സഹായിച്ചത് മാർക്കോസിന്റെ അപ്പനാണ്.

• കാലം കടന്നുപോയപ്പോൾ മാർക്കോസ് ക്ഷയിച്ചു.

• മാർക്കോസിനെ ദ്രോഹിക്കാൻ കിട്ടുന്ന ഒരവസരവും മത്തായി പാഴാക്കാറില്ല.

**8.** ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ് .

ഈ വാക്യം സൂചിപ്പിക്കുന്നതെന്ത്?

ഉത്തരസൂചനകൾ

• മത്തായിയുടെയും മാർക്കോസിന്റെയും വീട്ടുകാർക്കിടയിലുള്ള വൈരാഗ്യത്തെ അഗ്നിപർവതത്തിനോട് സാദൃശ്യപ്പെടുത്തുന്നു.

• മനുഷ്യന്റെ ഉള്ളിലുള്ള വൈരാഗ്യം അഗ്നിപർവതം പോലെ അപകടകരമാണ്.

• അഗ്നിപർവതം പൊട്ടിയാലുള്ള ദുരന്തം വളരെ വലുതാണ്.

**9.** കോഴിയും കിഴവിയും എന്ന ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തി കുറിപ്പ് തയാറാക്കുക?

ഉത്തരസൂചനകൾ

• സമ്പത്തും മൂല്യങ്ങളും തമ്മിലുള്ള സംഘർഷം കഥയിലുണ്ട്. കോഴി സമ്പത്തിന്റെയും കിഴവി മൂല്യങ്ങളുടെയും പ്രതീകമാണ്.

• സമ്പത്തിന്റെ അഹങ്കാരത്തിൽ മത്തായി മൂല്യങ്ങൾ മറക്കുന്നു.

•ബന്ധങ്ങളെയും മൂല്യങ്ങളെയും കൈവിടാത്ത മത്തായിയുടെ അമ്മ നന്മയുടെ പ്രതീകമാണ്.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

**10.** " അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണുനിറയാത്തത്, കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ് " - വാക്യത്തിന്റെ ആശയം വിശകലനം ചെയ്ത് കുറിപ്പെഴുതുക ?

ഉത്തരസൂചനകൾ

• കോഴിയെ വളർത്താൻ പ്രയാസമില്ല, എന്നാൽ കൊല്ലുക പ്രയാസകരമാണ്.

• കണ്ണീർ ദു:ഖത്തിന്റെയും വേദനയുടെയും സഹാനുഭൂതിയുടെയും ചിഹ്നമാണ്.

•സ്വയം വേദനിക്കുമ്പോഴും മറ്റുള്ളവരുടെ വേദനയിൽ പങ്കുചേരുമ്പോഴും കണ്ണുനീരുണ്ടാകാറുണ്ട്.

•കോഴിയിറച്ചിയോടുള്ള ആർത്തിയും കൊതിയും വിശപ്പും കോഴിയുടെ വേദന കാണാതിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

• ലോഭം നമ്മുടെ സഹാനുഭൂതിയെ തടയുന്നു.

**11.** കോഴിയും കിഴവിയും എന്ന കഥയിലെ മത്തായിയുടെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക?

ഉത്തരസൂചനകൾ

- നന്ദിയും കടപ്പാടുമില്ലാത്ത സ്വഭാവം
- സ്വന്തം അമ്മയോടു പോലും കാലുഷ്യം
- മാർക്കോസിന്റെ കുടുംബത്തെ നിരന്തരം ദ്രോഹിക്കുന്നു.
- അവരെ നാട്ടിൽ നിന്നോടിയ്ക്കാൻ നോക്കുന്നു.
- കള്ളക്കേസുണ്ടാക്കി മാർക്കോസിനെ ജയിലിലാക്കാൻ തീരുമാനിക്കുന്നു.

**12.** അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്ത കോഴി, ദഹിച്ച പക്വാശയത്തിലെത്തിയ കോഴി മത്തായി മാർഗേണ കൂകി:

കോഴിയും കിഴവിയും

"നോക്കിക്കോ" - ' സന്ദർഭം വിശകലനം ചെയ്ത് കുറിപ്പെഴുതുക?

ഉത്തരസൂചനകൾ

- കോഴി ചികയുന്നതും മാന്തുന്നതും മണ്ണിലാണ്.രാത്രിയിൽ മത്തായിയുടെ തലച്ചോറിൽ കോഴി ചികയുകയും മാന്തുകയും ചെയ്യുന്നു.
- മാർക്കോസിനെ എങ്ങനെ കുടുക്കാം എന്ന മത്തായിയുടെ ചിന്തയാണ് ഇവിടെ കോഴിയുടെ ചികയലും മാന്തലും.
- കോഴിയെ കൊന്നതിന് മാർക്കോസ് അനുഭവിയ്ക്കാൻ പോകുന്ന പ്രത്യാഘാതങ്ങളുടെ സൂചനയാണ് നോക്കിക്കോ എന്നതിലുള്ളത്.
- മാർക്കോസിനുള്ള മുന്നറിയിപ്പ്
- മത്തായിയുടെ പ്രതികാരബുദ്ധി

## 5 മാർക്കിന്റെ ചോദ്യങ്ങൾ

**13.** "രണ്ട് അയൽപക്ക കുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കുമപ്പുറം സമ്പത്തിന്റെയും മൂല്യങ്ങളുടെയും സംഘർഷമാണ് കോഴിയും കിഴവിയും എന്ന കഥ പറയുന്നത്. " - ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയുടെ പ്രമേയം വിലയിരുത്തി കുറിപ്പ് തയാറാക്കുക?

ഉത്തരസൂചനകൾ

- രണ്ട് ഗ്രാമീണ കുടുംബങ്ങൾ സ്നേഹിച്ചും കലഹിച്ചും ജീവിച്ചു പോരുന്ന ഒരു നാട്ടിൻപുറം കഥയിലുണ്ട്.

- തലമുറകൾക്കു മുൻപ് തുടങ്ങിവെച്ച സ്നേഹോഷ്മളമായ ബന്ധങ്ങളെ പണത്തിന്റെ കണക്കിൽ വിലയിടുന്നു മത്തായി.
- മനുഷ്യകോഴിയും കിഴവിയും അത്യാഗ്രഹം ബന്ധങ്ങളിൽ വിള്ളൽ വീഴുന്നതെങ്ങനെയെന്ന് കഥ കാണിച്ചുതരുന്നു.
- സമ്പത്തും മൂല്യങ്ങളും തമ്മിലുള്ള സംഘർഷം കഥയിൽ കാണാം.
- കോഴി സമ്പത്തിന്റെയും കിഴവി മൂല്യങ്ങളുടെയും പ്രതീകമാകുന്നു.
- സമ്പത്തിന്റെ കരുത്തിൽ മത്തായി മൂല്യങ്ങൾ മറക്കുന്നു
- മത്തായിയുടെ അമ്മ ബന്ധങ്ങളെയും മൂല്യങ്ങളെയും കൈവിടുന്നില്ല.

**14.** ഉടനീളം പ്രകടമാകുന്ന ആക്ഷേപഹാസ്യമാണ് കോഴിയും കിഴവിയും എന്ന കഥയെ ആസ്വാദ്യമാക്കുന്നത്. കഥയിൽ നിന്നും തെളിവുകൾ കണ്ടെത്തി കഥാസ്വാദനം തയാറാക്കുക?

ഉത്തരസൂചനകൾ

- നൻമകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കാരൂർ കഥകളുടെ തട്ടകം.
- കോഴിയും കിഴവിയും എന്ന കഥയിൽ നാട്ടിൻ പുറത്തെ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള സ്നേഹവും വിദ്വേഷവും നർമ്മത്തിൽ പൊതിഞ്ഞ് അവതരിപ്പിച്ചിരിക്കുന്നു.
- കഥയിൽ കോഴി സമ്പത്തികോഴിയും കിഴവിയുംയും കിഴവി മൂല്യങ്ങളുടെയും പ്രതീകമായി മാറുന്നു.
- കഥയിലെ നർമ്മ പ്രയോഗങ്ങൾ വായനക്കാരനെ കഥയോട് ചേർത്തു നിർത്തുന്നു.
- കഥയിലെ ആക്ഷേപഹാസ്യം നിറഞ്ഞു നിൽക്കുന്ന സന്ദർഭങ്ങൾ
- കഥയുടെ ശീർഷകത്തിൻ്റെ ഔചിത്യം, കഥയുടെ സന്ദേശം
- തുടക്കം മുതൽ ഒടുക്കം വരെ നിറഞ്ഞു നിൽക്കുന്ന ആക്ഷേപഹാസ്യം കഥയെ ആസ്വാദ്യമാക്കുന്നു.
- കഥയിലെ കഥാപാത്രസവിശേഷതകൾ
- കഥയെക്കുറിച്ചുള്ള സ്വന്തം നിലപാട്

**15.** "കോഴിയും കിഴവിയും എന്ന കഥയിലെ നന്മയുടെ പ്രതീകമാണ് മത്തായിയുടെ അമ്മ" - ഈ പ്രസ്താവനയുമായി ബന്ധിപ്പിച്ച് 'അമ്മയുടെ കഥാപാത്രനിരൂപണം തയാറാക്കുക?

ഉത്തരസൂചനകൾ

- കാരൂരിന്റെ കോഴിയും കിഴവിയും എന്ന കഥയിലെ നന്മയുടെ പ്രതീകമാണ് അമ്മ

• ഗ്രാമീണനന്മകളുടെ ഉറവിടമാണ് അമ്മയുടെ മനസ്സ്
• ജീവിതം ഒരു പോരാട്ടമായിരുന്നു.പട്ടിണിയോട് പൊരുതി ജീവിതവിജയം നേടി
• അഭയം നൽകിയ മാർക്കോസികോഴിയും കിഴവിയും കുടുംബത്തിനോട് നന്ദിയും കടപ്പാടും കരുതലും ഉണ്ട്.
• മാർക്കോസിനെയും സ്വന്തം മോനേപ്പോലെ സ്നേഹിക്കുന്നു.
• മകനൊരുക്കിയ കെണിയിൽ നിന്നും മാർക്കോസിനെ രക്ഷിയ്ക്കുന്നു.
• അയൽപക്കബന്ധങ്ങളിലെ ഊഷ്മളത കാത്തുസൂക്ഷിക്കാൻ അമ്മയ്ക്ക് കഴിയുന്നു.
• സ്വന്തം മകനു വേണ്ടി ക്ഷമ ചോദിക്കാൻ അമ്മയ്ക്ക് യാതൊരു മടിയുമില്ലായിരുന്നു

## ശ്രീനാരായണഗുരു - കുറ്റിപ്പുഴ കൃഷ്ണപിള്ള

ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ വിലയിരുത്തിക്കൊണ്ട് കുറ്റിപ്പുഴ കൃഷ്ണപിള്ള രചിച്ച ലേഖനമാണ് ശ്രീനാരായണഗുരു. മതങ്ങൾക്ക് അതീതമായ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. മനുഷ്യന്റെ സമഗ്രമായ വികാസം, വ്യക്തിത്വത്തിന്റെ പരിപൂർണ സാക്ഷാത്ക്കാരം എന്നിവയായിരുന്നു ഗുരുവിന്റെ ലക്ഷ്യം. മലയാളത്തിന്റെ മണ്ണിലും മനസ്സിലും രൂപപ്പെട്ടു വന്ന മഹത്തായ മാനവദർശനം എന്ന നിലയിൽ ഗുരുദേവന്റെ ജീവിതവും സന്ദേശവും പരിചയപ്പെടുത്തുന്നു.

ഓർമ്മച്ചെപ്പ്

➔ മലയാള ദേശത്തെ ജാതിക്കോമരങ്ങളിൽ നിന്ന് രക്ഷിക്കാനുള്ള ഗുരുവിന്റെ ചിന്തകൾ ഇവിടെ സൂചിപ്പിയ്ക്കപ്പെടുന്നു.
➔ ഗുരുദേവന്റെ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിയ്ക്കേണ്ടിയിരിക്കുന്നു.
➔ തപസ്സുകൊണ്ടു നേടിയ വ്യക്തിമഹത്വത്തെ സമൂഹനന്മയ്ക്കായി വിനിയോഗിച്ചു.
➔ മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയം അവതരിപ്പിച്ചു.
➔ അന്ധവിശ്വാസങ്ങളെയും മൂഢാചാരങ്ങളെയും എതിർത്ത് വിപ്ലവം സൃഷ്ടിച്ച ഉൽപതിഷ്ണു ആണ് ഗുരുദേവൻ
➔ എല്ലാമതനദികളും ചെന്നു ചേരുന്ന മഹാസമുദ്രത്തെപ്പറ്റി അദ്ദേഹം അവബോധം പകർന്നു.
➔ കേരളത്തെ ജാതിപ്പാതാളത്തിൽ നിന്നുയർത്തി ഭ്രാന്തഭാവം ഇല്ലാതാക്കി.
➔ അറിവിന്റെ വെളിച്ചം കൊണ്ട് വഴിനയിച്ചവനാണ് ജ്ഞാനസിദ്ധൻ .
➔ സാമൂഹികസമത്വത്തിനു വേണ്ടി സംഘടന രൂപീകരിച്ചു.
➔ ധൂർത്തിനെതിരെ ലാളിത്യത്തിന്റെ സന്ദേശം നൽകി.
➔ വിദ്യകൊണ്ടും വ്യവസായം കൊണ്ടും അഭിവൃദ്ധിപ്പെടാനുള്ള മാർഗദർശനം നൽകി

<u>1 മാർക്കിന്റെ ചോദ്യങ്ങൾ</u>

**1.** "എല്ലാ മൃഗങ്ങൾക്കും വകതിരിവുണ്ട്. അതിനനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യനു മാത്രം സംശയം " - ജാതിചിന്തയെക്കുറിച്ച് ശ്രീനാരായണഗുരു പ്രകടിപ്പിച്ച ഈ അഭിപ്രായത്തിൽ സ്ഫുരിക്കുന്ന ഭാവം എന്ത്?

- സന്തോഷം
- പരിഹാസം
- കോപം

ഉത്തരം: പരിഹാസം

**2.** ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്ത ഋഷിവര്യനാണ് ശ്രീനാരായണഗുരു

<u>ജാതിപ്പിശാച്</u> എന്ന പദം ഘടകപദമാക്കുമ്പോൾ

- ,ജാതിയും പിശാചും
- ജാതിയുടെ പിശാച്
- ജാതിയാകുന്ന പിശാച്

ഉത്തരം: ജാതിയാകുന്ന പിശാച്

**3 .**ഏകലോക സങ്കല്പം - എന്ന ആശയമുൾക്കൊള്ളുന്ന ഒരു മുദ്രാവാക്യമായി ലേഖകൻ

ചൂണ്ടിക്കാണിക്കുന്ന ഗുരു വചനം ഏത്?

ഉത്തരം: ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്

<u>2 മാർക്കിന്റെ ചോദ്യങ്ങൾ</u>

**4.** ആശയവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളായി മാറ്റിയെഴുതുക.

ഭാരതീയവേദാന്തത്തിന്റെ പരമലക്ഷ്യമായ മോക്ഷം വ്യക്തിയെ മാത്രം

സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരു തരം സ്വാർഥത തന്നെയാകുന്നു.

ഉത്തരസൂചനകൾ

- ഭാരതീയവേദാന്തത്തിന്റെ പരമമായ ലക്ഷ്യം മോക്ഷം ആണ്.
- അത് വ്യക്തിയെ മാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ

ഒരു തരം സ്വാർഥത തന്നെയാകുന്നു.

**5.** ശ്രീനാരായണഗുരു എങ്ങനെയാണ് പ്രാത:സ്മരണീയനാകുന്നത്?

ഉത്തരസൂചനകൾ

- കേരളത്തെ ജാതിപാതാളത്തിൽ നിന്നുയർത്തി.
- അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്തു.

6.ശ്രീനാരായണ ഗുരുദേവന്റെ രണ്ട് ദർശനങ്ങൾ എഴുതുക

ഉത്തര സൂചനകൾ

- മതമേതായാലും മനുഷ്യൻ നന്നായാൽ മതി
- ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്.

## 3 മാർക്കിന്റെ ചോദ്യങ്ങൾ

7. അല്പഭാഷണം കൊണ്ടും ലളിതോദാഹരണങ്ങളിൽ കൂടിയും ഗുരു ആശയാവിഷ്ക്കാരം നടത്തിയതെങ്ങിനെയെന്ന് ഉദാഹരണ സഹിതം വിശദമാക്കുക?

ഉത്തരസൂചനകൾ

ജാതി ഒന്നാണെന്നതിന് തെളിവൊന്നും വേണ്ടല്ലോ.

എല്ലാ മൃഗങ്ങൾക്കും വകതിരിവുണ്ട്.അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്ക് മാത്രം സംശയം.

സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയിൽ മൃഗങ്ങളെക്കാളും മോശം

8. ശ്രീനാരായണഗുരു ഏതെല്ലാം നിലകളിലാണ് പൂർവാചാര്യനായി ശോഭിച്ചിട്ടുള്ളത് - ലേഖനം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?

ഉത്തരസൂചനകൾ

- ➔ മനുഷ്യജാതിയെന്ന വിശ്വവിശാല ആശയത്തിന്റെ പ്രഥമാവതാരകൻ.
- ➔ മതത്തെയും ദൈവത്തെയും അദ്വൈതദൃഷ്ട്യാ ഏകത്വത്തിൽ വിലയിപ്പിച്ച തത്വദർശി
- ➔ യുക്ത്യാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഏതു മതപ്രമാണത്തെയും തത്ത്വസംഹിതയേയും നിശ്ശബ്ദം നിരൂപണംചെയ്ത സ്വതന്ത്ര ചിന്തകൻ എന്ന നിലയിൽ.

9. ഗുരുദേവദർശനങ്ങളെ ലേഖനത്തിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക?

ഉത്തരസൂചനകൾ

- ➔ മനുഷ്യൻ ഏത് മതത്തിലോ ജാതിയിലോപെട്ടതായാലും അവന്റെ പ്രവൃത്തി സമൂഹനന്മയ്ക്ക് പ്രയോജനപ്പെടണം.
- ➔ വിദ്യാഭ്യാസം നേടി മനുഷ്യനായി ജീവിക്കണം എന്ന നിശ്ചയം കൊണ്ടാണ് സ്കൂളുകൾ സ്ഥാപിച്ചത്.
- ➔ ഭൗതികമായ ഉയർച്ചയ്ക്കൊപ്പം മനുഷ്യനിൽ ആത്മീയമായ ഉണർവ്വുണ്ടാകണമെന്ന് ചിന്തിച്ചതിന്റെ ഫലമായിട്ടാണ് ക്ഷേത്രങ്ങൾ നിർമ്മിച്ചത്.
- ➔ ഈ നന്മകളെ പ്രയോജനപ്പെടുത്തി പരസ്പരസ്നേഹത്തോടെ ജീവിക്കണമെന്നാണ് ഗുരു സമൂഹത്തെ ഉപദേശിച്ചത്.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

**10.** "ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിയ്ക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു"- ഈ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? യുക്തിപൂർവം സമർത്ഥിയ്ക്കുക?

ഉത്തരസൂചനകൾ

• മനുഷ്യനന്മയ്ക്കാണ് ഗുരു പ്രാധാന്യം നൽകിയത്.

• ആ നന്മക്ക് മതം ആവശ്യമില്ല.

• മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി എന്ന ഗുരു വചനത്തിൽ മനുഷ്യനന്മയ്ക്കാണ് പ്രാധാന്യം

• എല്ലാ മതനദികളും ചെന്നു ചേരുന്ന മഹാസമുദ്രത്തെപ്പറ്റിയാണ് ഗുരുസംസാരിച്ചത്.

• മതാതീതനായ തത്ത്വജ്ഞാനി ആയിരുന്നു.

• ശ്രീനാരായണ സന്ദേശങ്ങൾക്ക് സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളെ തിരുത്താനുള്ള കരുത്ത് ഉണ്ടായിരുന്നു.

•ദേശകാലോചിതമായി ശ്രീനാരായണ സന്ദേശങ്ങളെ വ്യാഖ്യാനിയ്ക്കുകയും വിലയിരുത്തുകയും വേണം.

**11.** ഭാരതത്തിലെ മറ്റു സന്യാസിവര്യന്മാരിൽ നിന്ന് ശ്രീനാരായണ ഗുരുവിനെ വ്യത്യസ്തനാക്കുന്നത് എന്തെല്ലാമാണെന്നു കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പെഴുതുക?

ഉത്തരസൂചനകൾ

➔ അറിവിന്റെ വെളിച്ചം കൊണ്ട് വഴി നയിച്ചവനാണ് ജ്ഞാനസിദ്ധൻ.

➔ ഗുരുദേവൻ ജ്ഞാനസിദ്ധനും കർമ്മസിദ്ധനും ആണ്.

➔ പ്രവർത്തനങ്ങളിലൂടെ വഴിവെളിച്ചം ഏകുന്നവനാണ് കർമ്മസിദ്ധൻ

➔ വിദ്യാലയങ്ങൾ സ്ഥാപിച്ചു, സാമൂഹിക സമത്വത്തിനു വേണ്ടി സംഘടന രൂപീകരിച്ചു.

➔ അന്ധവിശ്വാസങ്ങളെ നിരുത്സാഹപ്പെടുത്തുകയും ആഡംബരത്തിനെതിരെ ലാളിത്യത്തിന്റെ സന്ദേശം നൽകുകയും ചെയ്തു.

➔ ആശ്രമവും തപസ്സും മാത്രമായി ജീവിച്ച ആളല്ലായിരുന്നു അദ്ദേഹം.

➔ മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയമവതരിപ്പിച്ചു.

- ➔ പ്രായോഗിക വേദാന്തത്തിന് പ്രാധാന്യം നൽകി.അറിവിന്റെ വെളിച്ചം കൊണ്ട് വഴി നയിച്ചവനാണ് ജ്ഞാനസിദ്ധൻ.

12 ." പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്ന പോലെ
പലവിധ യുക്തി പറഞ്ഞു പാമരന്മാ-
രലയുവതോർത്തലയാതിരുന്നിടേണം." - അന്ധഗജന്യായം കൊണ്ട്
ശ്രീനാരായണഗുരു മതഭേദങ്ങളെ കളിയാക്കുക കൂടി ചെയ്യുന്നുണ്ട്.-
പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക?

ഉത്തരസൂചനകൾ

- ➔ അന്ധൻമാർ ആനയെ കണ്ടതുപോലെയാണ് മനുഷ്യർ മതത്തിന്റെ പേരിൽ തമ്മിലടിയ്ക്കുന്നത്.
- ➔ പൂർണമായ അറിവില്ലാത്ത കാര്യങ്ങളെ ചർച്ച ചെയ്യുമ്പോഴാണ് ഈ ന്യായം പ്രസക്തമാകുന്നത്.
- ➔ മതാതീതനായ തത്ത്വജ്ഞാനിയായിരുന്നു ഗുരു.
- ➔ എല്ലാ മതനദികളും ചെന്നു ചേരുന്ന മഹാസമുദ്രത്തെപ്പറ്റിയാണ് ഗുരുസംസാരിച്ചത്.
- ➔ മനുഷ്യനന്മയ്ക്ക് മതം ആവശ്യമില്ല.

<u>5 മാർക്കിന്റെ ചോദ്യങ്ങൾ</u>

13. ശ്രീനാരായണഗുരു ദർശനങ്ങളുടെ സമകാലിക പ്രസക്തി പരിശോധിച്ച്
ഉപന്യാസം തയാറാക്കുക?

ഉത്തരസൂചനകൾ

- ➔ കേരള നവോത്ഥാന കാലഘട്ടത്തിലെ ഋഷിവര്യനായ സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണഗുരു
- ➔ ജാതീയമായ ഉച്ചനീചത്വങ്ങളെക്കൊണ്ട് നിറഞ്ഞിരുന്ന കാലഘട്ടത്തിൽ നവോത്ഥാനത്തിന്റെ ദീപശിഖയുമായി അദ്ദേഹം സാമൂഹ്യ പരിഷ്കരണത്തിനിറങ്ങി.
- ➔ അറിവിന്റെ വെളിച്ചം കൊണ്ട് വഴി നയിച്ചവനാണ് ജ്ഞാനസിദ്ധൻ.
- ➔ ഗുരുദേവൻ ജ്ഞാനസിദ്ധനും കർമ്മസിദ്ധനും ആണ്.
- ➔ പ്രവർത്തനങ്ങളിലൂടെ വഴി വെളിച്ചം ഏകുന്നവനാണ് കർമ്മസിദ്ധൻ
- ➔ വിദ്യാലയങ്ങൾ സ്ഥാപിച്ചു, സാമൂഹിക സമത്വത്തിനു വേണ്ടി സംഘടന രൂപീകരിച്ചു.

- ➔ അന്ധവിശ്വാസങ്ങളെ നിരുത്സാഹപ്പെടുത്തുകയും ആഡംബരത്തിനെതിരെ ലാളിത്യത്തിന്റെ സന്ദേശം നൽകുകയും ചെയ്തു.
- ➔ ആശ്രമവും തപസ്സും മാത്രമായി ജീവിച്ച ആളല്ലായിരുന്നു അദ്ദേഹം.
- ➔ മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയമവതരിപ്പിച്ചു.
- ➔ പ്രായോഗിക വേദാന്തത്തിന് പ്രാധാന്യം നൽകി. അറിവിന്റെ വെളിച്ചം കൊണ്ട് വഴി നയിച്ചവനാണ് ജ്ഞാനസിദ്ധൻ.

**14.** "ജാതി ഒന്നാണെന്നതിന് തെളിവൊന്നും വേണ്ടല്ലോ.എല്ലാമൃഗങ്ങൾക്കും വകതിരിവുണ്ട്.അതനുസരിച്ച് ജീവിക്കുന്നുമുണ്ട്.മനുഷ്യർക്ക് മാത്രം സംശയം. സ്വന്തം ജാതിയെ തിരിച്ചറിയാനുള്ളശക്തിയില്ല. മൃഗങ്ങളേക്കാളും മോശം." - ശ്രീനാരായണഗുരുവിന്റെ ഈവിമർശനത്തിന്റെ അടിസ്ഥാനത്തിൽ "മനുഷ്യന്റെ ജാതി മനുഷ്യത്വം" എന്ന വിഷയത്തിൽ ലഘു പ്രബന്ധം തയാറാക്കുക?

ഉത്തരസൂചനകൾ

- ➔ ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന ഗുരു വചനം ഇന്നത്തെ സമൂഹത്തിൽ പറയാൻ മാത്രമുള്ളതായി പോയിരിക്കുന്നു
- ➔ മൃഗങ്ങളേക്കാൾ മോശമാണ് മനുഷ്യന്റെ പ്രവൃത്തികൾ
- ➔ മനുഷ്യർക്ക് മനുഷ്യരെ തിരിച്ചറിയാൻ കഴിയാത്ത കാലമാണിന്ന്.
- ➔ വിദ്യാഭ്യാസവും ബുദ്ധിയും യുക്തിയും ഉള്ള മനുഷ്യരുടെ പ്രവൃത്തികൾ അനുദിനം മോശമായിക്കൊണ്ടിരിക്കുന്നു.
- ➔ ജാതിയെന്നോ മതമെന്നോ വർഗ്ഗമെന്നോ ഉള്ള വേർതിരിവുകളില്ലാതെ മനുഷ്യത്വം നിറഞ്ഞു നിൽക്കുന്ന ലോകം വെറുമൊരു സ്വപ്നമായി മാറിയിരിക്കുന്നു.
- ➔ സമകാലിക സാമൂഹിക സാഹചര്യങ്ങൾ
- ➔ ബുദ്ധിയില്ലാത്ത മൃഗങ്ങൾപോലും മറ്റുമൃഗങ്ങളെ കൊല്ലുന്നത് ആഹാരത്തിനോ സ്വയരക്ഷയ്ക്കോ ആണ്.

**15.** കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് "ശ്രീനാരായണഗുരു ആധുനിക കേരളത്തിൻ്റെ സ്രഷ്ടാവ്" എന്നവിഷയത്തിൽ ഉപന്യാസം തയാറാക്കുക?

ഉത്തരസൂചനകൾ

- ➔ സാമൂഹ്യപരിഷ്കർത്താവ്, നവോത്ഥാന നായകൻ എന്നീ നിലകളിൽ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായക പങ്കുവഹിച്ച സന്യാസിയാണ് ശ്രീനാരായണഗുരു
- ➔ ഗുരുദേവന്റെ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു.

- ➔ തപസ്സുകൊണ്ടു നേടിയ വ്യക്തിമഹത്വത്തെ സമൂഹനന്മയ്ക്കായി വിനിയോഗിച്ചു.
- ➔ മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയം അവതരിപ്പിച്ചു.
- ➔ അന്ധവിശ്വാസങ്ങളെയും മൂഢാചാരങ്ങളെയും എതിർത്ത് വിപ്ലവം സൃഷ്ടിച്ച ഉൽപ്പതിഷ്ണു ആണ് ഗുരുദേവൻ
- ➔ എല്ലാ മതനദികളും ചെന്നു ചേരുന്ന മഹാസമുദ്രത്തെപ്പറ്റി അദ്ദേഹം അവബോധം പകർന്നു.
- ➔ കേരളത്തെ ജാതിപ്പാതാളത്തിൽ നിന്നുയർത്തി ഭ്രാന്തഭാവം ഇല്ലാതാക്കി.
- ➔ അറിവിന്റെ വെളിച്ചം കൊണ്ട് വഴിനയിച്ചവനാണ് ജ്ഞാനസിദ്ധൻ .
- ➔ സാമൂഹിക സമത്വത്തിനു വേണ്ടി സംഘടന രൂപീകരിച്ചു.
- ➔ ധൂർത്തിനെതിരെ ലാളിത്യത്തിന്റെ സന്ദേശം നൽകി.
- ➔ വിദ്യകൊണ്ടും വ്യവസായം കൊണ്ടും അഭിവൃദ്ധിപ്പെടാനുള്ള മാർഗദർശനം നൽകി.

## യൂണിറ്റ് മൂന്ന് - വാക്കുകൾ വിടരുന്ന പുലരികൾ

### പണയം
### അമ്മയുടെ എഴുത്തുകൾ
### പത്രനീതി

യൂണിറ്റിൽ മൂന്നു പാഠങ്ങളാണുള്ളത് .റേഡിയോ എന്ന മാധ്യമം മനുഷ്യനിലുണ്ടാക്കിയ സ്വാധീനത്തെക്കുറിച്ചുള്ള ഇ.സന്തോഷ് കുമാറിന്റെ പണയം എന്ന കഥയാണ് ആദ്യത്തേത് .മാതൃഭാഷയും , മാതൃവാത്സല്യവും വിഷയമായി വരുന്ന അമ്മയുടെ എഴുത്തുകൾ എന്ന മധുസൂദനൻ നായരുടെ കവിതയാണ് രണ്ടാമത്തെ പാഠഭാഗം. പത്രമാധ്യമത്തെ വിമർശനാത്മകമായി പരിശോധിക്കുന്ന സുകുമാർഅഴീക്കോടിന്റെ പത്രനീതിയും ഈ യൂണിൽ ഉൾപ്പെടുന്നു.

## പണയം - ഇ.സന്തോഷ് കുമാർ

ഒരു ചലച്ചിത്രത്തിലെന്ന പോലെ വായനക്കാരന്റെ മനസ്സിൽ ദൃശ്യാനുഭവം പകർന്നു നൽകുന്ന കഥയാണ് പണയം. സമൂഹത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിലും റേഡിയോയുടെ പ്രാധാന്യം ഒട്ടും കുറയുന്നില്ല. വാക്കുകൾ കൊണ്ട് മനുഷ്യ

മനസ്സിൽ സൃഷ്ടിക്കുന്ന ദൃശ്യസമ്പന്നതയാണ് ഈ കഥയുടെ മുഖ്യ സവിശേഷത. മാധ്യമങ്ങൾ അറിയാനും അറിയിക്കാനും മാത്രമല്ല ആനന്ദിക്കാനും ആശ്വസിപ്പിക്കാനും കൂടിയുള്ളതാണ് എന്ന ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഓർമ്മച്ചെപ്പ്

- ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ശ്രമിക്കുന്ന ദരിദ്രനായതയ്യൽക്കാരനാണ് ചാക്കുണ്ണി.
- കലാഹൃദയമുള്ള ചാക്കുണ്ണി ഏറെ പ്രയാസപ്പെട്ടാണ് ഒരു റേഡിയോ സ്വന്തമാക്കിയത്
- ആറാട്ടുകുന്ന് എന്ന നാടിന്റെ ചരിത്രത്തിലെ ആദ്യ സംഭവമായിരുന്നു ചാക്കുണ്ണിയുടെ റേഡിയോ .
- റേഡിയോയിലെ പരിപാടികൾ ചാക്കുണ്ണിയുടെ തൊഴിലിന്റെയും ജീവിതത്തിന്റെയും താളമായി മാറുന്നു.
- മകന്റെ ചികിത്സയ്ക്കായി ചാക്കുണ്ണിക്ക് റേഡിയോ പണയം വെയ്ക്കേണ്ടി വരുന്നു.
- മാനുഷികമൂല്യങ്ങൾക്കും കലയ്ക്കും ജീവിതത്തിൽ ഒരു സ്ഥാനവും നൽകാത്തയാളാണ് ചെമ്പുമത്തായി.
- റേഡിയോ നഷ്ടപ്പെടുമ്പോൾ ചാക്കുണ്ണിയുടെ തൊഴിലിന്റെയും ജീവിതത്തിന്റെയും താളം തെറ്റുന്നു.
- മകന്റെ വേർപാട് അയാളെ തളർത്തുന്നു.
- റേഡിയോയ്ക്ക് കഥയിൽ ഒരു പ്രധാന സ്ഥാനമാണുള്ളത്.
- സ്വന്തം കുഞ്ഞിനെപ്പോലെയാണ് ചാക്കുണ്ണി അതിനെ പരിപാലിക്കുന്നത്.
- മകൻ മരണപ്പെടുമ്പോൾ അവനിഷ്ടമുള്ള ബാലമണ്ഡലം പരിപാടികേട്ട് ആശ്വാസം കണ്ടെത്തുന്നു.

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1. ചാക്കോര് മാപ്ലയ്ക്ക് സ്വർണം ചോരേല്ണ്ടാർന്നതാ. ഒരച്ച് നോക്കാണ്ടന്നെ

പറയും. - ഇത്ര ചെമ്പ്, ഇത്ര സ്വർണം.

ചോരേല്ണ്ടാർന്ന എന്ന പദത്തിന്റെ സൂചിതാർഥം എഴുതുക.

a) ചോരയിൽ സ്വർണം ഉണ്ടായിരുന്നു.

b) ജന്മനാൽത്തന്നെ സ്വർണം പരിശോധിച്ച് തിരിച്ചറിയാനുള്ള കഴിവുണ്ടായിരുന്നു.

c) സ്വർണത്തോട് താല്പര്യം ഉണ്ടായിരുന്നു.

ഉത്തരം : ജന്മനാൽത്തന്നെ സ്വർണം പരിശോധിച്ച് തിരിച്ചറിയാനുള്ള കഴിവുണ്ടായിരുന്നു.

2. ചുവടെ കൊടുത്തിരിയ്ക്കുന്നവയിൽ " അറ്റകൈക്ക് ഉപ്പു തേയ്ക്കാത്തവൻ " എന്ന പഴഞ്ചൊല്ലിന്റെ ആശയത്തിന് ഏറ്റവും യോജിച്ച കഥാപാത്രം ഏത്?

a) ചാക്കുണ്ണി

b) ചെമ്പുമത്തായി

c) മാർക്കോസ്

ഉത്തരം: ചെമ്പുമത്തായി

3. ചാക്കുണ്ണി ജീവനു തുല്യം സ്നേഹിച്ച റേഡിയോ പണയം വയ്ക്കാനുണ്ടായ സാഹചര്യം എന്ത്?

ഉത്തരം:മകന്റെ ചികിത്സയ്ക്ക് പണം കണ്ടെത്താൻ

## 2 മാർക്കിന്റെ ചോദ്യങ്ങൾ

4. " ആ സാധനം ഞാനെടുത്ത് നമ്പറിട്ട് മാറ്റിവച്ചു.നൂറ്റിയിരുപത്തിയൊമ്പത് "

- ഈ വാക്കുകൾ നൽകുന്ന സൂചന എന്ത് ?

ഉത്തരസൂചനകൾ

- ചാക്കുണ്ണിയുടേതാണ് ഈ വാക്കുകൾ. അയാൾക്ക് എല്ലാം പണം
- വർദ്ധിപ്പിക്കാനുള്ള ഉപകരണം മാത്രമാണ്.
- എന്തിനെയും വെറും നമ്പർ മാത്രമായി കാണുന്നു. ഒന്നിനോടും വൈകാരിക ഭാവമില്ല

5 " മത്തായി വിശാലമനസ്കനായി. " - കഥാകൃത്തിന്റെ ഈ പ്രയോഗത്തിന്റെ അർഥതലങ്ങൾ എന്തെല്ലാം?

ഉത്തരസൂചനകൾ

- മത്തായിയെ കഥാകൃത്ത് പരിഹസിക്കുകയാണ്.
- മത്തായി വിശാലമനസ്കനായിരുന്നെങ്കിൽ ചാക്കുണ്ണിയെ
- സഹായിയ്ക്കുമായിരുന്നു.

6 പണയം എന്ന കഥയിൽ നിന്നും ചാക്കുണ്ണിയുടെ ജീവിതാവസ്ഥ വ്യക്തമാക്കുന്ന രണ്ട് സൂചനകൾ എഴുതുക?

ഉത്തരസൂചനകൾ

- മൂന്നു പതിറ്റാണ്ടായി നൂലുകോർത്ത് കുഴിഞ്ഞു പോയ കണ്ണുകൾ
- കാലിൽ ആണിയുടെ അസുഖമുണ്ടായിട്ടും പൊട്ടിയ റബ്ബർചെരിപ്പ് മാറ്റി വാങ്ങാതെ കഷ്ടപ്പെടുന്നു.

## 3 മാർക്കിന്റെ ചോദ്യങ്ങൾ

7. "നീ പള്ളില് പോയോ ഇന്ന് ?

ഞായറാഴ്ച പള്ളേല്യപ്പോണം" - ചെമ്പുമത്തായിയുടെ ഈ കാഴ്ചപ്പാട് അയാളുടെ ജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരിയ്ക്കുന്നു?

ഉത്തരസൂചനകൾ

➔ 'ചെമ്പുമത്തായി പള്ളിയിൽ പോകുന്നത് മറ്റുള്ളവരെ ബോധ്യപ്പെടുത്താനാണ്.

➔ ദൈവവിശ്വാസം മത്തായിക്ക് യാന്ത്രികമായ പ്രവൃത്തി മാത്രമാണ്.

➔ വിശ്വാസം കേവലം പ്രകടനമാണ്.

8. "നെനക്കറിയാലോ കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല്യ

- ചെമ്പുമത്തായിയുടെ ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്?

ഉത്തരസൂചനകൾ

➔ കുട്ടികളെ തല്ലി വളർത്തണമെന്ന പക്ഷക്കാരനാണ് ചെമ്പുമത്തായി.

➔ ചെറുപ്പത്തിൽ തല്ലേറ്റു വളർന്നതുകൊണ്ടാണ് ഇത്തരം സമീപനം ഉണ്ടായത്

➔ മത്തായി തന്റെ മക്കളെയും തല്ലിയാണ് വളർത്തിയത്

➔ പണത്തോടു മാത്രമാണ് അയാൾക്ക് സ്നേഹം.

9. " ആ കുന്തം ഇവിടിരിക്കണതാ നിനക്കും നല്ലത്. മനസ്സമാധാനമായിട്ട് വല്ല പണിയും നടക്കും." - റേഡിയോയുടെ അഭാവം ചാക്കുണ്ണിയിൽ എന്തു മാറ്റമാണ് വരുത്തിയത് - കുറിപ്പെഴുതുക?

ഉത്തരസൂചനകൾ

➔ റേഡിയോയുടെ അഭാവം ചാക്കുണ്ണിയുടെ മനസ്സമാധാനം ഇല്ലാതാക്കി.

➔ ജോലിയിലെ ശ്രദ്ധ കുറഞ്ഞു.അളവുകൾ തെറ്റി വസ്തുങ്ങൾ തുന്നി

➔ ആളുകൾ ചുറ്റിലും ഉണ്ടെങ്കിലും ഏകാന്തത അനുഭവിച്ചു.

➔ ജീവിതത്തിന്റെ താളം തെറ്റി.

## <u>4 മാർക്കിന്റെ ചോദ്യങ്ങൾ</u>

10. "ചാക്കുണ്ണിയുടെ ജീവിതാവസ്ഥകൾ സൂചിപ്പിക്കുന്ന പരാമർശങ്ങൾ പണയം എന്ന കഥയിൽ നിന്ന് കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പെഴുതുക?

ഉത്തരസൂചനകൾ

➔ മൂന്നു പതിറ്റാണ്ടായി നൂലു കോർത്ത് കുഴിഞ്ഞു പോയ കണ്ണുകൾ

➔ കാലിൽ ആണിയുടെ അസുഖമുണ്ടായിട്ടും പൊട്ടിയ റബ്ബർ ചെരിപ്പ് മാറ്റി വാങ്ങാതെ കഷ്ടപ്പെടുന്നു.

➔ രാത്രികളിൽ ഏറെ വൈകിയും ജോലി ചെയ്യുന്നു.

➔ റേഡിയോ നഷ്ടപ്പെട്ടപ്പോൾ അയാളനുഭവിക്കുന്ന മാനസിക പ്രയാസങ്ങൾ

➔ തന്റെ കുഞ്ഞിനെ ചികിത്സിയ്ക്കാൻ വേണ്ടി ഏറ്റവും പ്രിയപ്പെട്ട റേഡിയോ പോലും പണയം വയ്ക്കുന്നു.

➔ എന്നിട്ടും മകന്റെ ജീവൻ രക്ഷിക്കാൻ കഴിയാതെ പോകുന്നു.

11. "ഈറേഡിയോം പാട്ടുംക്കെ ഇനിക്കത്ര പിടിത്തല്ല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണിം എടുത്താല് നാല കാശ്ണ്ടാക്കാം." - ചെമ്പുമത്തായിയുടെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്?

ഉത്തരസൂചനകൾ

➔ പാരമ്പര്യമായി സ്വർണ്ണപണയത്തിൻമേൽ പണം നൽകുന്നകുടുംബമാണ് ചെമ്പുമത്തായിയുടേത്.

➔ അയാളുടെ ജീവിതത്തിൽ മനുഷ്യത്വത്തിനും കലാമൂല്യങ്ങൾക്കുമൊന്നും പ്രാധാന്യമില്ല.

➔ ധനസമ്പാദനം മാത്രമാണ് അയാളുടെ ലക്ഷ്യം.

➔ കലാസ്വാദനത്തിനായി ചിലവിടുന്ന സമയം പണം സമ്പാദിക്കാൻ വിനിയോഗിക്കണമെന്ന് ചിന്തിക്കുന്നു.

➔ ജീവിതത്തിൽ നല്ല മനുഷ്യനാകാൻ പണം മാത്രം പോര നല്ല സഹൃദയത്വവും വേണം'

➔ കലാസ്വാദനം മനുഷ്യന്റെ ജീവിതത്തിന് മൂല്യങ്ങൾ നൽകുന്നതാണ്.

12. " മൂന്നു പതിറ്റാണ്ടായി നൂലുകോർത്തു കുഴിഞ്ഞു പോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു. " - നൂലുകോർത്തു കുഴിഞ്ഞു പോയ കണ്ണുകൾ എന്ന പ്രയോഗം വ്യാഖ്യാനിക്കുക.

- പണയം

ഉത്തരസൂചനകൾ

- ➔ ചാക്കുണ്ണിയുടെ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് ഈ വാക്കുകൾ.
- ➔ മൂന്നു പതിറ്റാണ്ടായി ചാക്കുണ്ണി തുന്നൽപ്പണി ചെയ്യുന്നു.
- ➔ സൂചിയിൽ നൂലുകോർക്കുന്ന ജോലി നിരന്തരം ചെയ്ത് ചാക്കുണ്ണിയുടെ കണ്ണുകൾ കുഴിഞ്ഞു പോയി.
- ➔ ചാക്കുണ്ണിയുടെ ജീവിതത്തിന്റെ ദയനീയത ഈ പ്രയോഗത്തിലുണ്ട്.

## 5 മാർക്കിന്റെ ചോദ്യങ്ങൾ

**13.** കണക്കുകളിലും അക്കങ്ങളിലും മാത്രം മുഴുകി ജീവിക്കുന്നവരിൽ മാനുഷിക മൂല്യങ്ങളും വികാരങ്ങളും അപ്രത്യക്ഷമാകുന്നു എന്നതിനുദാഹരണമാണോ പണയത്തിലെ ചെമ്പുമത്തായി എന്ന കഥാപാത്രം?

കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കുക?

ഉത്തരസൂചനകൾ

- ➔ മാനുഷിക മൂല്യങ്ങൾക്കും കലയ്ക്കും ജീവിതത്തിൽ ഒരു പ്രാധാന്യവും കല്പിക്കാത്തയാൾ
- ➔ പാരമ്പര്യമായി സ്വർണ്ണപണയത്തിൻമേൽ പണം നൽകുന്നു.
- ➔ സാഹിത്യവാസന തീരെയില്ലാത്തയാൾ
- ➔ പണം മാത്രമാണ് ജീവിതലക്ഷ്യമെന്ന് കരുതുന്നു.
- ➔ കലാസ്വാദനത്തിനായിചെലവാക്കുന്ന സമയം പണം സമ്പാദിയ്ക്കാൻ വിനിയോഗിക്കണം എന്ന ചിന്താഗതിയാണ് ഉള്ളത്.
- ➔ മക്കളെ തല്ലി വളർത്തണമെന്ന പക്ഷക്കാരൻ
- ➔ ആരെയും വിശ്വാസമില്ല.
- ➔ റേഡിയോ പോലും പണയം വാങ്ങി പണം പലിശയ്ക്ക് കൊടുക്കുന്നവൻ

**14.** പണയം എന്ന കഥയിൽ റേഡിയോ മനുഷ്യകഥാപാത്രങ്ങൾക്കൊപ്പമോ അതിലധികമോ നിറഞ്ഞു നിൽക്കുന്നു. - കഥാസന്ദർഭങ്ങൾ വിലയിരുത്തി ലഘുപന്യാസം തയാറാക്കുക?

ഉത്തരസൂചനകൾ

- ➔ പണയം എന്ന കഥയിൽ റേഡിയോ ഒരു കഥാപാത്രം ആണ്.
- ➔ റേഡിയോ വാങ്ങാനായി ചാക്കുണ്ണി പോകുമ്പോൾ ആളുകൾക്ക് ബഹുമാനമാണ്.
- ➔ റേഡിയോ വാങ്ങാൻ ചാക്കുണ്ണി പല ശീലങ്ങളും വേണ്ടെന്നു വയ്ക്കുന്നു.

- ഒരു നിധിപോലെയാണ് റേഡിയോ സൂക്ഷിക്കുന്നത്.
- ചാക്കുണ്ണിയുടെ ജീവിതത്തിന്റെയും തൊഴിലിന്റെയും താളമായി റേഡിയോ മാറുന്നു
- മകന്റെ ചികിത്സക്കായി റേഡിയോ പണയം വയ്ക്കുമ്പോൾ സങ്കടപ്പെടുന്നു.
- മകൻ മരണപ്പെടുമ്പോൾ അവന് ഇഷ്ടമുള്ള ബാലമണ്ഡലം എന്ന റേഡിയോ പരിപാടി കേട്ട് ആശ്വസിക്കുന്നു.

## അമ്മയുടെ എഴുത്തുകൾ -വി. മധുസൂദനൻനായർ

മാതാവിനും മാതൃഭാഷയ്ക്കുമുള്ള സ്ഥാനം നമ്മുടെ ജീവിതത്തിൽ അന്യംനിന്നുപോകുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ ആശങ്കയും അതിനെക്കുറിച്ചുള്ള അർഥവത്തായ ചില ചിന്തകളുമാണ് 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിലൂടെ വി. മധുസൂദനൻനായർ ആവിഷ്കരിക്കുന്നത്.

ഓർമ്മച്ചെപ്പ്

- അമ്മയുടെ എഴുത്തുകൾ വീടിന് ഭംഗി കൂട്ടുന്ന സമയത്ത് കുട്ടികൾ  അറിയാതിരിക്കാൻ ഒതുക്കി വയ്ക്കുവാൻ തീരുമാനിക്കുന്നു.
- ആ എഴുത്തുകളിൽ അമ്മയുടെ വാത്സല്യം, ഉത്ക്കണ്ഠ, ഉപദേശങ്ങൾ വേദന പ്രാർത്ഥന വീട്ടു വഴക്കുകൾ ഉത്സവങ്ങൾ ........ ഇതെല്ലാം അടങ്ങിയിട്ടുണ്ട്.അമ്മയ്ക്ക് മാത്രം പകരാൻ കഴിയുന്നതായ നേരിന്റെ മൊഴിച്ചന്തമാണത്.
- മാതൃഭാഷയിൽ നിന്ന് കുട്ടികൾ അകന്നു പോകുന്നു.
- വരുംതലമുറയ്ക്ക് മാതൃഭാഷ വേണ്ടാതാകുമോ എന്ന ആശങ്കയാണ് കവിക്കുള്ളത്.

### 1 മാർക്കിന്റെ ചോദ്യം

1.ആരു തേടും? നാളെ നമ്മുടെ കുട്ടികൾ -ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ ?

ഈ വരികളിൽ പ്രകടമാകുന്ന കവിയുടെ മാനസികാവസ്ഥ എന്താണ് ?

ഉത്തരം - നിരാശ

2 എത്ര കൗതുഹലം നോക്കിയാൽ മിണ്ടുമി- ചിത്രലേഖത്തിന്റെ താളുകൾ ?എന്തിനെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്

അമ്മയുടെ എഴുത്തുകൾ

### 2 മാർക്കിന്റെ ചോദ്യം

3."ഭദ്രമായ്ത്തന്നെയിരിക്കട്ടെ ,കുട്ടികൾ തൊട്ടുവായിച്ചാലശുദ്ധമെന്നോതി നീ" .അടിവരയിട്ട പദം സൂചിപ്പിക്കുന്നതെന്ത്?

ഉത്തരസൂചന

- ➔ അമ്മയുടെ എഴുത്തുകൾ കുട്ടികൾ തൊട്ടാൽ അശുദ്ധമാകും.
- ➔ കുട്ടികൾ മാതൃഭാഷ പഠിക്കുന്നത് മോശമാണെന്ന കാഴ്ചപ്പാട്.

**4.** ആരു തേടും? നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനമ്മയെ വേണ്ടായിരിക്കുമോ? - വരികൾ സൂചിപ്പിക്കുന്നതെന്ത് ?

- ➔ കുട്ടികൾ മാതൃഭാഷയിൽ നിന്ന് അകന്നു പോകുന്നു.
- ➔ മാതൃഭാഷായിൽ ചിന്തിക്കാൻ പോലും കുട്ടികൾക്ക് താല്പര്യമില്ലാതാകുന്നു.

***3 മാർക്കിന്റെ ചോദ്യം***

**5.** "അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ
തന്മകനായിപ്പകർന്ന പാൽ മുത്തുകൾ ".
അമ്മയുടെ എഴുത്തുകളെ അമ്മതൻ ചിൻമുദ്രയാണീ യെഴുത്തുകൾ എന്ന് കവി പറയുന്നതെന്തുകൊണ്ടാണ് ?

ഉത്തര സൂചന

- ➔ തലമുറകളിലൂടെ നേടിയതാണ് എഴുത്തുകൾ .
- ➔ എഴുത്തുകൾ അമ്മ മകന് പകർന്നു കൊടുക്കുന്നു.
- ➔ അമ്മയുടെ ജീവിതാനുഭവങ്ങളിലൂടെ നേടിയ അറിവുകളാണ്.

**4 മാർക്കിന്റെ ചോദ്യം**

**6.** "ആരുതേടും? നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനമ്മയെ വേണ്ടായിരിക്കുമോ " ?

അമ്മയുടെ എഴുത്തുകൾ –വി. മധുസൂദനൻനായർ

വരികളുടെ കാഴ്ചപ്പാടിൽ മലയാളഭാഷ നേരിടുന്ന വെല്ലുവിളികളെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

- ➔ മാതൃഭാഷയിലുള്ള അമ്മയുടെ എഴുത്തുകളൊക്കെ അമ്മയായിത്തന്നെ-യിരിക്കട്ടെയെന്ന കാഴ്ചപ്പാടാണ് മകനുള്ളത്.
- ➔ നാളത്തെതലമുറ ഭാഷയും സംസ്കാരവും പാരമ്പര്യവും അറിയാതെ വളരുമോയെന്ന് കവി ചോദിക്കുന്നു.
- ➔ ഇംഗ്ലീഷ്ഭാഷയും സംസ്കാരവും മാതൃഭാഷയെക്കാൾ ഉന്നതമെന്ന് കരുതുന്നത് തെറ്റായ ധാരണയാണ്.

- ➔ ക്ലാസിക്കൽപദവി നേടിയിട്ടും മാതൃഭാഷാസംരക്ഷണം ഇന്നും പ്രതിസന്ധിയിലാണ്.

7. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻ ഭാഷതാൻ"

(വള്ളത്തോൾ നാരായണ മേനോൻ)

"അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ
തൻ മകന്നായിപ്പകർന്ന പാൽ മുത്തുകൾ".

(വി. മധുസൂദനൻ നായർ )

- ➔ രണ്ട് കവികളുടെയും കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുക ?
- ➔ ഇരു കവികളും മാതൃഭാഷ അമ്മയ്ക്ക് തുല്യമാണ് എന്ന ആശയമാണ് മുന്നോട്ടുവയ്ക്കുന്നത്.
- ➔ മറ്റുള്ള ഭാഷകൾ നമ്മുടെ വളർത്തമ്മമാരാണെന്നും മാതൃഭാഷ പെറ്റമ്മയാണെന്നും വള്ളത്തോൾ ചൂണ്ടിക്കാണിക്കുന്നു.
- ➔ തലമുറകളായി പകർന്നു കിട്ടിയ അനുഭവങ്ങളുടെ അറിവാണ് മാതൃഭാഷയെന്ന് മധുസൂദനൻ നായർ ആവിഷ്കരിക്കുന്നു.

<u>5 മാർക്കിന്റെ ചോദ്യം</u>

8. അമ്മയുടെ എഴുത്തുകൾ എന്ന കവിതയുടെ ആശയങ്ങൾ ഉൾപ്പെടുത്തി മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസമെഴുതുക ?

- ➔ മാതൃഭാഷ എന്നത് തലമുറകളായി കിട്ടിയ ഒരു വരദാനമാണ്.
- ➔ അമ്മയുടെ എഴുത്തുകൾ എന്ന കവിത പുതുതലമുറയ്ക്ക് നഷ്ടമാകുന്ന പാരമ്പര്യ ബോധത്തെയാണ് സൂചിപ്പിക്കുന്നത്.
- ➔ മാതാവിനെയും മാതൃഭാഷയെയും മറന്ന് അന്യഭാഷയെയും സംസ്കാരത്തെയും അനുകൂലിക്കുന്ന ഒരു തലമുറയെക്കുറിച്ച് കവി ആശങ്കപ്പെടുന്നു.

.....................................

## പത്രനീതി - സുകുമാർ അഴിക്കോട്

ജനഹൃദയങ്ങളിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സ്വാധീനം വളരെ വലുതാണ്. നൂറ്റാണ്ടുകളായി ലോകമെമ്പാടുമുള്ള ജനങ്ങളെ ആകർഷിച്ചു പോരുന്ന മാധ്യമം ആണ് ദിനപത്രങ്ങൾ. ജനങ്ങളുടെ നാവായി പ്രവർത്തിക്കേണ്ടവയാണ് ദിനപത്രങ്ങൾ. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിലും അവയ്ക്ക് വലിയ പങ്കുണ്ട്. എന്നാൽ പത്രങ്ങൾ ഉണ്ടായ കാലം മുതൽ പ്രശംസിക്കപ്പെടുന്നത് പോലെ തന്നെ വിമർശിക്കപ്പെടുകയും ചെയ്തു പോന്നിട്ടുണ്ട്. പത്രങ്ങളുടെ ആധുനിക പ്രവണതകൾ വിമർശനവിധേയമാക്കുകയാണ് ലേഖകൻ. ഒപ്പം നവ മാധ്യമങ്ങളുടെ സവിശേഷതകളെക്കുറിച്ച് വിമർശനബുദ്ധ്യാ ചിന്തിക്കാനും പ്രേരിപ്പിക്കുന്നു.

<u>ഓർമ്മച്ചെപ്പ്</u>

- ➔ ലോകത്തിന്റെ ഏതു കോണിലുമുള്ള വാർത്തകൾ നമ്മുടെ മുന്നിൽ എത്തിക്കുന്ന- തോടൊപ്പം നമ്മുടെ ചുറ്റുപാടുമുള്ള വാർത്തകളെ ലോകത്തിനുമുന്നിൽ എത്തിക്കുന്നതിനും പത്രങ്ങൾ സഹായിക്കുന്നു
- ➔ പത്രത്തെ എതിർത്തുകൊണ്ടുള്ള വാർത്തകൾ പ്രസിദ്ധീകരിക്കണം എങ്കിലും പത്രത്തെ ആശ്രയിക്കേണ്ടി വരുന്നു എന്നത് വിരോധാഭാസം
- ➔ സ്വേച്ഛാധിപതികൾ പോലും തങ്ങളെ പത്രങ്ങളെ ബഹുമാനിച്ചിരുന്നു കാരണം അവർ പത്രങ്ങളെ ഭയന്നിരുന്നു
- ➔ " ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെ ആണ് ബയനറ്റിന്റെ മൂർച്ച ഭയങ്കരമാണ് അതിനേക്കാൾ മൂർച്ചയാണ് പത്രത്തിന്". - നെപ്പോളിയൻ
- ➔ രാഷ്ട്രീയത്തിലെ നാലാമത്തെ ശക്തിയാണ് പത്രം.
- ➔ പത്രം ഇല്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക ഭരണം ഇല്ലാതെ പത്രം ഉള്ള അവസ്ഥയാണെന്ന് ജഫേഴ്സൺ അഭിപ്രായപ്പെട്ടു. ഒരു രാഷ്ട്രത്തിൽ പത്രത്തിനുള്ള സ്ഥാനം എന്താണെന്ന് ഇത് വ്യക്തമാക്കുന്നു.
- ➔ പത്രങ്ങളെകുറിച്ച് ധാരാളം വിമർശനങ്ങളും ഉണ്ടായിട്ടുണ്ട്.
- ➔ "സാഹിത്യം വായിക്കപ്പെടുന്നില്ല. പത്രം വായിക്കാൻ കൊള്ളുകയും ഇല്ല" -ഓസ്കാർ വൈൽഡ്
- ➔ "മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും മേലെ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ- ഇബ്സൻ.

➔ " പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ് " - സാമുവൽ ബട്‌ലർ- പത്രങ്ങൾക്ക് നേരെയുള്ള രൂക്ഷ വിമർശനം.

➔ പത്രങ്ങൾ പറയുന്നത് കള്ളമാണെന്ന് വിശ്വസിക്കുന്നു എങ്കിലും ശീലം കൊണ്ടു ലേഖകൻ ഇപ്പോഴും പത്രങ്ങൾ വായിക്കുന്നു.

➔ സത്യം കണ്ടെത്താൻ പല പത്രങ്ങൾ വായിച്ച് അവയിലെ കള്ളങ്ങളെ താരതമ്യം ചെയ്ത്, ഹരിച്ച്, ഗുണിച്ച്, കൂട്ടിക്കിഴിച്ച്, ഭാവനചെയ്ത് ഒടുവിൽ സത്യത്തിൽ എത്തിച്ചേരുന്നു.

<u>1 മാർക്ക് ചോദ്യങ്ങൾ</u>

1. "ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെ ആണ്" - ഇങ്ങനെ പറഞ്ഞത് ആര്?

നെപ്പോളിയൻ

2. രാഷ്ട്രീയത്തിലെ നാലാമത്തെ ശക്തി എന്ന് വിശേഷിപ്പിക്കപ്പെടുന്നത് എന്തിനെയാണ്?

പത്രങ്ങളെ

<u>2 മാർക്ക് ചോദ്യങ്ങൾ</u>

3." സ്വേച്ഛാധിപതികൾ പോലും പത്രങ്ങളെ ബഹുമാനിക്കുന്നു" - ഈ പ്രസ്താവനയുടെ പൊരുളെന്ത്?

➔ പത്രങ്ങൾക്ക് ജനഹൃദയങ്ങളിൽ വലിയ സ്ഥാനമാണുള്ളത്.

➔ പത്രങ്ങൾ വിചാരിച്ചാൽ ജനങ്ങളെ മുഴുവൻ തങ്ങൾക്കെതിരെ തിരിക്കാൻ കഴിയും.

4. " പത്രം എന്ന വിരോധാഭാസം ഇതത്രേ " - വിരോധാഭാസം എന്ത്?

➔ ലോകവാർത്തകൾ നമ്മുടെ മുന്നിൽ എത്തിക്കുന്നതടൊപ്പം നമ്മുടെ അകത്തളവാർത്തകൾ ലോകത്തിനു മുന്നിൽ വിളിച്ച് പറയുന്നു.

➔ പത്രങ്ങളെ എതിർക്കണം എങ്കിൽ പോലും പത്രത്തെ തന്നെ ആശ്രയിക്കണം.

<u>3 മാർക്ക് ചോദ്യങ്ങൾ</u>

5. " പത്രം അസത്യമാണെന്ന് അറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായി തീരും എന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു " - ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

➔ പലപ്പോഴും പത്രങ്ങളിൽ അസത്യമാണ് അച്ചടിച്ചുവരുന്നത്.

- ➔ അസത്യങ്ങൾ ആവർത്തിച്ച പറഞ്ഞാൽ ജനങ്ങളെ വിശ്വസിപ്പിക്കാം എന്ന് പത്രങ്ങൾ കരുതുന്നു.
- ➔ നിരന്തരം അസത്യങ്ങൾ മാത്രം വായിച്ച ജനങ്ങൾ അത് വിശ്വസിച്ചുപോകുന്ന അവസ്ഥയുണ്ട്.

**6.** **പത്രങ്ങൾ സൂര്യന് ചുവടെയും മേലെയുമുള്ള എല്ലാറ്റിനെയും പറ്റി വൃത്താന്തങ്ങൾ തരുന്നു എന്നു മാത്രമല്ല അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക.**

- ➔ പത്രങ്ങൾ ലോകത്തിലുള്ള സകല കാര്യങ്ങളെയും വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ പത്രത്തെ വിമർശിക്കാൻ മാർഗ്ഗമില്ല.
- ➔ വിമർശിച്ചുകൊണ്ട് ഒരു വാർത്ത എഴുതി പ്രചരിപ്പിക്കണം എങ്കിൽ അതിന് പത്രത്തെതന്നെ ആശ്രയിക്കണം
- ➔ തങ്ങൾ വിമർശനത്തിന് അതീതരാണ് എന്ന മനോഭാവം പത്രങ്ങൾക്കുണ്ട്. ഇത് അപകടകരമാണ്.

## <u>4 മാർക്ക് ചോദ്യങ്ങൾ</u>

**7.** **" പത്രം ഇല്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക,ഭരണം ഇല്ലാതെ പത്രം ഉള്ള അവസ്ഥയാണ്" ജഫേഴ്സണിന്റെ അഭിപ്രായത്തിന്റെ ധ്വനി എന്ത്?**

- ➔ പത്രമുണ്ടെങ്കിൽ എല്ലാമായി
- ➔ അരാജക അവസ്ഥയിൽ പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങൾ സമൂഹത്തെ രക്ഷിക്കും
- ➔ മഹനീയമായ ആ സ്ഥാനം കാത്ത് സൂക്ഷിക്കണം.
- ➔ പത്രങ്ങൾ ആ ഉത്തരവാദിത്തം മറക്കരുത്.

**8.** **"സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടിവരും ഉണിക്കൽ, ഹരിക്കൽ, അഭ്യൂഹം,ഭാവന തുടങ്ങി പലതും " സുകുമാർ അഴീക്കോടിന്റെ ഈ വാക്കുകൾ ആരെക്കുറിച്ചാണ്? ഇതിലെ പരിഹാസം എന്താണ്?**

- ➔ പത്ര വായന പുകവലി പോലെ ഒരു ശീലം ആണ്.
- ➔ പല പത്രങ്ങൾ വായിക്കുന്നു.
- ➔ പല തോതിൽ ഉള്ള കള്ളങ്ങൾ താരതമ്യം ചെയ്തു വേണം സത്യം കണ്ടെത്താൻ.

➔ അതിനു വേണ്ടി വരുന്ന അടവുകൾ ആണ് പറയുന്നത്

➔ പത്രങ്ങളിൽ സത്യം കണ്ടെത്തുക ശ്രമകരം ആണെന്നാണ് പരിഹാസരൂപത്തിൽ പറയുന്നത്..

<u>5 മാർക്ക് ചോദ്യം</u>

1. "നന്മതിന്മകളുടെ ആത്മാംശങ്ങൾ പകർന്നു നൽകി കാലഘട്ടങ്ങളെ അടയാളപ്പെടുത്തുകയും ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കുകയുമാണ് മാധ്യമ ധർമം"

"പത്രക്കാരന്റെ പുരുഷാർത്ഥങ്ങൾ സത്യം, ന്യായം, നീതി എന്ന ധർമ്മത്രയം ആയിരിക്കും"

മേല്പറഞ്ഞ അഭിപ്രായങ്ങളും "പത്രനീതി" എന്ന പാഠഭാഗത്തെ ആശയ ങ്ങളും ഉൾക്കൊണ്ടു പത്രധർമം എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

* തലക്കെട്ട്
* ആമുഖം
* പത്രനീതി
* പത്രധർമ്മം
* പത്രങ്ങളുടെ കച്ചവടമനോഭാവം
* പത്രാധിപരുടെ ആത്മാർത്ഥ, സത്യസന്ധത
* വാർത്തകളുടെ ശരിയായ വിശകലനം
* പരിഹാരമാർഗങ്ങൾ.

..............................

പ്രിയമുള്ള കൂട്ടുകാരേ,

ഈ വർഷത്തെ

എസ്.എസ്.എൽ.സി ചോദ്യപേപ്പറിന്റെ

ഘടനയിലും സ്കോർ വിതരണത്തിലും കാതലായ മാറ്റം വരുത്തിയിട്ടുണ്ട്.

ഇതനുസരിച്ച് എ,ബി എന്നീ പാർട്ടുകളിലായി

നാല് വിഭാഗം ചോദ്യങ്ങൾ ഉണ്ടായിരിക്കും.

അഞ്ചാം വിഭാഗത്തിലെ ചോദ്യങ്ങൾക്ക് പാർട്ട് വിഭജനം ഉണ്ടായിരിക്കില്ല.

എ- പാർട്ട് ഫോക്കസ് ഏരിയ ചോദ്യങ്ങളും

ബി-പാർട്ട് ഫോക്കസ് ഏരിയയ്ക്ക് പുറത്തുള്ള ചോദ്യങ്ങളും ആണ്.

അതിൽ 37 സ്കോറിനുള്ളചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നും ചോദിക്കും.

അതിൽ 28 സ്കോറിനുള്ളത് നമുക്ക് തെരഞ്ഞെടുക്കാം.

18 സ്കോർ ചോദ്യങ്ങൾ ഫോക്കസ് ഏരിയയുടെ പുറത്തു നിന്നും ഉണ്ടാകും.

അതിൽ 12 മാർക്കിനുള്ള ചോദ്യങ്ങൾക്കു ഉത്തരം എഴുതണം.

ചുരുക്കത്തിൽ ഫോക്കസ് ഏരിയ മാത്രം ശ്രദ്ധിച്ചാൽ ഫുൾ എ പ്ലസ് ലഭിക്കില്ല.
അതിനാൽ എല്ലാ പാഠഭാഗങ്ങളും

ശ്രദ്ധയോടെ മനസ്സിലാക്കി ഉന്നത വിജയം നേടാൻ പരിശ്രമിക്കുമല്ലോ?

### മാതൃകാചോദ്യപേപ്പർ

## S.S.L.C EXAMINATION - MARCH 2022

### അടിസ്ഥാനപാഠാവലി

*സമയം :1.30 മണിക്കൂർ* *സ്കോർ : 40*

### പാർട്ട് I

### A

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. (4×1=4)**

**1.** " അവിടെങ്ങും നെല്ല് കണി കാണാനില്ല.ഒള്ളോൻ വെളി കാണിക്കത്തില്ല. രാത്രീല് ഏഴ രൂപായാ വെല " - കോരന്റെ അച്ഛന്റെ വാക്കുകളിൽ തെളിയുന്ന ഭാവം എന്ത്?

എ. സങ്കടം ബി. പരിഹാസം

സി. പ്രതിഷേധം ഡി. നിരാശ

**2.** കന്നി നെല്ല് - കന്നിയിലെ നെല്ല് മാതൃകപോലെ കരിയില – ഘടകപദമാക്കുമ്പോൾ..?

എ. കരിപോലുള്ള ഇല ബി. കരിയായ ഇല

സി. കരിഞ്ഞ ഇല ഡി. കരിയാകുന്ന ഇല

**3.** " നടുവിൽ പൊൽക്കിഴിയെരിയും വെള്ളിത്താലമെടുത്തുനിരന്നലസിപ്പൂ " ആര് ?

എ. കമുക് ബി. തുമ്പ

സി. മുക്കുറ്റി ഡി. നെയ്യാമ്പൽ

**4.** " അമ്മ സംസാരിച്ച് തുടങ്ങിയാൽ അച്ഛൻ നിശബ്ദനാകും" അച്ഛൻ നിശബ്ദനാകാൻ കാരണം

എ.. അമ്മയോടുള്ള ദേഷ്യം ബി . അമ്മയുടെ സംസാരം കേൾക്കാനുള്ള ഇഷ്ടം

സി . സങ്കടം ഡി . തന്റെ അവസ്ഥയോർത്ത് നിരാശ

**5.** " ആ പ്രവർത്തി ഒരു മുൻകൈയെടുക്കലായിപ്പോയി. യുദ്ധത്തിന് കാരണമായിപ്പോയി. " - പ്രവൃത്തി ഏത്?

എ. കോഴിയെ കറിവെച്ചത് ബി. മാർക്കോസിനെ കേസിൽ കുടുക്കിയത്

സി. പേരയ്ക്ക തലയിൽലെറിഞ്ഞത് ഡി. കോഴിയെ കൊന്നത്.

**6.** " എങ്ങോട്ട് പോകുന്നു എന്ന് ചോദിച്ചില്ല, എന്തിനെന്നും "- എങ്ങോട്ട് പോകുന്നു എന്ന് അമ്മ ചോദിക്കാതിരുന്നത്

എ. മകനെ വിശ്വാസം ഉള്ളതുകൊണ്ട ബി. അവശയായതുകൊണ്ട്

സി. ചോദിച്ചിട്ട് ഫലമില്ല എന്നതുകൊണ്ട്    ഡി. പോകുന്ന സ്ഥലം അറിയാവുന്നതുകൊണ്ട്.

***B***

*7 മുതൽ 9 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. (3×1=3)*

**7.** "പത്രം ഇല്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്" - ഇങ്ങനെ പറഞ്ഞതാര്?

എ. സാമുവൽ ബട്‌ലർ    ബി. നെപ്പോളിയൻ

സി. ജഫേഴ്സൺ    ഡി. ഇബ്സൻ

**8.** " ചുറ്റപാടും നിരവധി ആളുകൾ ഉണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു "

- ചാക്കുണ്ണിയെ ഏകാന്തത വലയം ചെയ്തതെപ്പോൾ?

എ. റേഡിയോ പണയം വെച്ചപ്പോൾ.    ബി. മകൻ മരിച്ചപ്പോൾ.

സി. രാത്രി വൈകി തയ്ക്കാൻ ഇരിക്കുമ്പോൾ.  ഡി. രാത്രി വൈകി വീട്ടിലേക്ക് നടക്കുമ്പോൾ.

**9.** " എന്തു നവീനം! കുലീനം! പ്രിയേ, നിന്റെ സുന്ദരദൃഷ്ടി നിന്നിഷ്ടമാണെന്റെയും" - ഭാര്യയുടെ ഇഷ്ടം എന്താണ്?

എ. അമ്മയെക്കുറിച്ച് സംസാരിക്കുക.    ബി. അമ്മയുടെ കത്തുകൾ പെട്ടിയിൽ പൂട്ടി വയ്ക്കുക.

സി. അമ്മയുടെ കത്തുകൾ വായിക്കുക.    ഡി. മക്കളോട് അമ്മയെക്കുറിച്ച് സംസാരിക്കുക.

## പാർട്ട് II

**ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരംഎഴുതുക.**

***A***

*താഴെ നൽകിയിരിക്കുന്ന ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. (1×2=2)*

**10.** " അവർ അന്ന് സുഖമായി അത്താഴം കഴിച്ചു.അല്പം താമസിച്ചെന്നു മാത്രം" ആരാണ് താമസിച്ച് അത്താഴം കഴിച്ചത്? താമസിച്ചത് എന്തുകൊണ്ട്?

***B***

*താഴെ തന്നിരിക്കുന്ന രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക.(1×2=2)*

**11.** മറ്റ് ഭാരതീയ സന്യാസിമാരിൽ നിന്ന് ശ്രീനാരായണഗുരുവിനെ വേറിട്ട് നിർത്തുന്ന സവിശേഷതകൾ എന്തെല്ലാം?

**12.** അർത്ഥ വ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കി മാറ്റി എഴുതുക.

പത്രങ്ങൾ സൂര്യന് ചുവടെയും മേലെയുള്ള എല്ലാറ്റിനെയും പറ്റി വൃത്താന്തങ്ങൾ തരുന്നു എന്ന് മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു.

## പാർട്ട് III

ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്കു മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.

### A

13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക.

(3×3=9)

**13.** " ഇവരറിയുന്നിലെന്നഭിമാനം "

(ഓണമുറ്റത്ത് - വൈലോപ്പിള്ളി )

കവി ഇങ്ങനെ ചിന്തിക്കുന്നതെന്തുകൊണ്ട്?

**14.** " എന്നാൽ സ്വയം ചത്തും മാവിനെ കാത്തുരക്ഷിച്ചു പോന്ന നീറുകൾ എന്ന ചാവേറുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം തോൽപ്പിച്ചോടിച്ചു കളഞ്ഞു" -

(കൊച്ചുചക്കരച്ചി - എ. പി. ഉദയഭാനു )

- നീറുകൾ നമുക്ക് നൽകുന്ന പരിസ്ഥിതി പാഠം എന്ത്?

**15.** " ഏറെ തണുക്കുന്നു ചില്ലയർത്തീടുമ്പോളോർത്തു "

(അമ്മത്തൊട്ടിൽ - റഫീഖ് അഹമ്മദ്)

- ഏറെ തണുത്തപ്പോൾ അമ്മയുമായി ബന്ധപ്പെട്ട എന്തെല്ലാം ഓർമകളാണ് മകന്റെ മനസ്സിലേക്ക് കടന്നുവരുന്നത് ?

**16.** " അത് കണ്ണ് തണുപ്പിക്കുന്ന കാഴ്ച തന്നെയായിരുന്നു "

(പ്ലാവിലക്കഞ്ഞി - തകഴി )

കണ്ണ് തണുപ്പിക്കുക എന്ന പ്രയോഗം കഥാ സന്ദർഭത്തിന് എത്രമാത്രം മിഴിവേകുന്നു എന്ന് കണ്ടെത്തുക.

### B

താഴെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക (1×3=3)

17. " പിന്നെ മിക്കവാറും ദ്രവിച്ച റബ്ബർ ചെരിപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു."

(പണയം - ഇ. സന്തോഷ് കുമാർ )

ചാക്കുണ്ണിയുടെ ദരിദ്രാവസ്ഥയാണ് ഈ വരികളിലൂടെ വെളിവാകുന്നത്. ദരിദ്രാ അവസ്ഥ വെളിവാക്കുന്ന മറ്റു പ്രയോഗങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി എഴുതുക.

## പാർട്ട് IV

ഈ വിഭാഗത്തിലുള്ള ചോദ്യങ്ങൾക്കു നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക.

### A

18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിനു ഉത്തരം എഴുതുക. (2×4=8)

18. " നെന്റെ വീട്ടിലിരുന്നാൽ കുമൻ മൂളുന്ന ഒച്ച കേക്കോ നിയ്യ് "

" ഇല്ലച്ചുമ്മേ, ഒന്നും കേക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റു"

" നല്ല വെള്ളോല്ല, നിലാവുല്ല, കുമന്റെ ഒച്ചേമില്ല, പിന്നെ എന്താ ആടെ ഉള്ളത്? "

( ഓരോ വിളിയും കാത്ത് - യു. കെ കുമാരൻ)

മുത്തശ്ശിയും കുട്ടിയും തമ്മിലുള്ള ഈ സംഭാഷണത്തിൽ തെളിയുന്ന നഗരജീവിത ചിത്രങ്ങൾ എന്തെല്ലാം?

19. കാവ്യഭംഗി വ്യക്തമാക്കുക

" നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു
മോമൽക്കവിളു തുടുത്തുംതെല്ലൊരു
നാണത്തോടെ പരുങ്ങി യൊരുങ്ങിട്ടു
മോണക്കോടിയുടുത്തൊരുഷസേ"

20. " ഇതാ രണ്ടു പേരയ്ക്ക"

" ആർക്കാന്ന കൊണ്ടക്കൊട് "

അവൾ അവന്റെ കൈ തട്ടിക്കളഞ്ഞു.

" ഈ പേരയ്ക്ക മേടിക്ക്, നീ കരഞ്ഞത് കൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലെ ഞാനും തിന്നുകൊള്ളൂ"

(കോഴിയും കിഴവിയും - കാരൂർ നീലകണ്ഠപിള്ള)

*പരസ്പരം യുദ്ധം ചെയ്യാൻ തയ്യാറായി നിൽക്കുന്ന രണ്ട് കുടുംബങ്ങൾക്കിടയിൽ അവരുടെ മക്കൾ തമ്മിലുള്ള സംഭാഷണം ആണിത്. ഈ കുട്ടികൾ മുതിർന്ന തലമുറയ്ക്ക് നൽകുന്ന സന്ദേശം എന്ത് ?*

## B

**താഴെ തന്നിരിക്കുന്ന രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക (1×4=4)**

21 " ആരു തേടും, നാളെ നമ്മുടെ കുട്ടികൾ- ക്കോർക്കാനമ്മയെ  വേണ്ടായിരിക്കുമോ? "

(അമ്മയുടെ എഴുത്തുകൾ- വി മധുസൂദനൻ നായർ )

ഓർമ്മിക്കാൻപോലും അമ്മയെ വേണ്ടാത്ത ഒരു തലമുറയെക്കുറിച്ചുള്ള ആശങ്കകൾക്കപ്പുറത്ത് ചില അർത്ഥതലങ്ങൾ ഈ കവിതാശകലത്തിന് ഉണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക.

22. " നെനക്കറിയാലോ, കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്യ. നമ്മുടെ നല്ല കാലത്ത് അവറ്റെയൊക്കെ നല്ല പെടപെടച്ചിട്ടാ ഞാൻ വളർത്തീരിക്കണത് "

( പണയം - ഇ സന്തോഷ് കുമാർ )

കുട്ടികളുടെ അവകാശങ്ങൾക്ക് പ്രാധാന്യം നൽകുന്ന ആധുനികകാഴ്ചപ്പാടിൽ ഈ അഭിപ്രായത്തിന് എത്രത്തോളം പ്രസക്തിയുണ്ട്? ചർച്ചചെയ്യുക.

## പാർട്ട് - V

**താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

## A

**താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. (1×5=5)**

23. പണത്തിനും പദവിക്കും അപ്പുറം പരസ്പരസ്നേഹവും കരുതലും വിട്ടുവീഴ്ചാമനോഭാവവുമാണ് കുടുംബജീവിതത്തെ ആസ്വാദ്യകരമാക്കുന്നത്.- " പ്ലാവിലക്കഞ്ഞി " ഓരോ വിളിയും കാത്ത് " എന്നീ പാഠഭാഗങ്ങളെ മുൻനിർത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക .

24. കേരളത്തിന്റെ തനിമയാർന്ന സംസ്കാരത്തിലും പ്രകൃതി ഭംഗിയിലും ഓണാഘോഷ ത്തിലും അഭിമാനിക്കുകയും അഭിരമിക്കുകയും ചെയ്യുന്ന കവിയെയാണ് " ഓണമുറ്റത്ത് " എന്ന കവിതയിൽ കാണുന്നത്. വർത്തമാനകാലത്ത് ഓണത്തിന്റെ തനിമ നഷ്ടപ്പെട്ടു പോകുന്നുണ്ടോ? " നഷ്ടമാകുന്ന ഓണത്തനിമ " എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയ്യാറാക്കുക.

## കേരളപാഠാവലി

## യൂണിറ്റ് ഒന്ന്
## കാലാതീതം കാവ്യവിസ്മയം

### പാഠഭാഗങ്ങൾ
### ലക്ഷ്മണസാന്ത്വനം (എഴുത്തച്ഛൻ)
### പാവങ്ങൾ (വിക്ടർ ഹ്യൂഗോ)
### ഋതുയോഗം (കാളിദാസൻ)

കാലത്തെഅതിജീവിച്ച് തലയെടുപ്പോടെ നിലകൊള്ളുന്നവയാണ് മഹത്തായകാവ്യങ്ങളും കലാസൃഷ്ടികളും. അവയുടെ ഭാഷയും രചനാരീതിയും വ്യത്യസ്തമാണെങ്കിലും ആശയം കാലികപ്രസക്തമായിരിക്കും. ഈ ഗണത്തിൽപ്പെടുന്ന മൂന്ന് രചനകളാണ് യൂണിറ്റിലുൾ പ്പെടുത്തിയിരിക്കുന്നത്.

<u>പ്രവേശകം</u>

**കെ. സച്ചിദാനന്ദന്റെ കവികളുടെ ഭാഷ എന്ന കവിത.**

ഭാഷ ആശയവിനിമയത്തിനുള്ള ഉപാധിയാണെന്ന് പൊതുവേ പറയാറുണ്ട്. എന്നാൽ ലോകത്തിലെ കവികൾക്കെല്ലാം ഒരു ഭാഷയെ ഉള്ളൂ എന്ന പ്രസ്താവനയ്ക്ക് വിപുലമായ അർഥം ഉണ്ട്. കവികൾ ഉപയോഗിക്കുന്ന ഭാഷ ഏതായാലും അതിലൂടെ വിനിമയം ചെയ്യപ്പെടുന്ന ആശയം, ഭാവം, വികാരം എന്നിവ സമാനമാണ്. മനുഷ്യനന്മയാണ് എല്ലാ കവികളുടെയും ലക്ഷ്യം.

## ലക്ഷ്മണസാന്ത്വനം (എഴുത്തച്ഛൻ)

പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തുഞ്ചത്തുരാമാനുജനെഴുത്തച്ഛൻ ആധുനിക മലയാള ഭാഷയുടെപിതാവ്, കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, ഭക്തി പ്രസ്ഥാനത്തിന്റെ മുഖ്യപ്രയോക്താവ് തുടങ്ങിയ നിലകളിൽ ശ്രദ്ധേയനാണ് . അദ്ദേഹത്തിന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നെടുത്ത ഒരു ഭാഗമാണ് ലക്ഷ്മണസാന്ത്വനം.

ജീവിതത്തിൽ ഉണ്ടാകുന്ന സംഘർഷങ്ങളെയും പ്രതിസന്ധികളെയും വിവേകപൂർണമായ സമീപനം കൊണ്ട് എങ്ങനെ മറികടക്കാമെന്ന് ഇവിടെ വ്യക്തമാക്കുന്നു. ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതിൽ കുപിതനായ ലക്ഷ്മണൻ ക്രോധാവേശനായി പരിസരം മറന്ന് രൂക്ഷമായി പ്രതികരിക്കുന്നു. ലക്ഷ്മണന്റെ പ്രതികരണങ്ങൾ ക്ഷമയോടെകേട്ട രാമൻ, അനുജനെ ഉപദേശങ്ങൾ നൽകി ക്രോധവികാരത്തിൽ നിന്നും മോചിതനാക്കി സാന്ത്വനിപ്പിക്കുന്നതാണ് പാഠസന്ദർഭം.

ഓർമ്മച്ചെപ്പ്

- ➔ വാത്സല്യം നിറഞ്ഞ സംബോധനകളിലൂടെ അനുജനോടുള്ള വാത്സല്യം പ്രകടിപ്പിക്കുന്നതോടൊപ്പം അവന്റെ തത്വമെല്ലാം (ജന്മകാരണം) തനിക്കറിയാമെന്നും രാമൻ സൂചിപ്പിക്കുന്നു.
- ➔ സ്നേഹപൂർണമായ വാക്കുകളിലൂടെ ലക്ഷ്മണനെ ശാന്തനാക്കിയശേഷം ലോകജീവിതം നശ്വരം ആണെന്ന് ബോധ്യപ്പെടുത്തുന്നു.
- ➔ ഈ കാണുന്ന രാജ്യം, ദേഹം, ധനം മുതലായവയെല്ലാം സത്യമാണെങ്കിൽ നിന്റെ ശ്രമത്തിന് അർത്ഥമുണ്ട്. അല്ലെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല.
- ➔ ഭോഗങ്ങൾ ക്ഷണപ്രഭപോലെ (മിന്നൽ പോലെ) ക്ഷണികം ആണ്.
- ➔ ചുട്ടുപഴുത്ത ലോഹത്തിൽ വീണ ജലകണിക പോലെ ക്ഷണികമാണ് മനുഷ്യജന്മം
- ➔ പാമ്പിന്റെ വായിൽലകപ്പെട്ട തവള ഭക്ഷണം ആഗ്രഹിക്കുന്നതുപോലെ കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട മനുഷ്യർ ഭൗതിക സുഖങ്ങളുടെ പിന്നാലെ പരക്കം പായുന്നു.
- ➔ ക്ഷീണിതരായ വഴിയാത്രക്കാർ വഴിയമ്പലത്തിൽ വിശ്രമിച്ച് പിരിഞ്ഞു പോകുന്നതു പോലെയും നദിയിൽകൂടി ഒഴുകിനടക്കുന്ന മരക്കഷണങ്ങൾ പോലെയും ക്ഷണികമാണ് നമ്മുടെ കുടുംബ ജീവിതം.
- ➔ ഭൂമിയിൽ ഐശ്വര്യവും യൗവനവും അസ്ഥിരമാണെന്നും ദാമ്പത്യജീവിതം സ്വപ്നം പോലെയാണെന്നും ശ്രീരാമൻ പറയുന്നു.
- ➔ ബ്രാഹ്മണൻ, രാജാവ് തുടങ്ങിയ ചിന്തകൾ അഹം ബുദ്ധിയിൽ നിന്ന് ഉണ്ടാകുന്നതാണ്.
- ➔ മനുഷ്യരെല്ലാവരും മരിച്ച് മണ്ണോട് ചേരും അതുകൊണ്ട് സ്വന്തം ശരീരത്തെക്കുറിച്ച് ഓർത്തുള്ള അഹങ്കാരം നല്ലതല്ല.
- ➔ അറിവില്ലായ്മ കൊണ്ടാണ് ലക്ഷ്മണൻ കോപാക്രാന്തനായത്.
- ➔ വിദ്യയും അവിദ്യയും തമ്മിലുള്ള വ്യത്യാസം ബോധ്യപ്പെടുത്തുന്നതോടൊപ്പം ഏകാഗ്രമായ മനസ്സോടെ വിദ്യ അഭ്യസിക്കുകയാണ് മോക്ഷാർത്ഥി ചെയ്യേണ്ടതെന്നും പറയുന്നു.
- ➔ ശരിയായ വിദ്യാഭ്യാസം നേടിയാൽ കാമക്രോധാദികൾ നമ്മുടെ ശത്രുക്കളാണെന്ന് ബോധ്യപ്പെടും.
- ➔ ഏറ്റവും വലിയ ശത്രു ക്രോധമാണ്.

➔ ക്രോധം കുടുംബജീവിതത്തെ തകർക്കുകയും, ധർമ്മത്തെ ക്ഷയിപ്പിക്കുകയും, മനസ്താപത്തിന് കാരണമാകുകയും ചെയ്യും. അതുകൊണ്ട് ബുധജനം പൂർണമായി ക്രോധത്തെ ഉപേക്ഷിക്കണം.

## ഒരു മാർക്ക് ചോദ്യങ്ങൾ

1. "വത്സ സൗമിത്രേ, കുമാര, നീ കേൾക്കണം" ഈ വരികളിൽ തെളിയുന്ന ഭാവം എന്ത്?

   വാത്സല്യം

2. ക്ഷണപ്രഭാചഞ്ചലമായിട്ടുള്ളത് എന്ത്?

   ഭോഗങ്ങൾ.

## രണ്ട് മാർക്ക് ചോദ്യങ്ങൾ

3. "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയും"

   " ജന്തുക്കൾ ഭക്ഷിച്ച കാഷ്ഠിച്ച പോകിലാം "

- അടിവരയിട്ട പദങ്ങൾക്ക് രണ്ടു സന്ദർഭങ്ങളിലും വരുന്ന അർത്ഥവ്യത്യാസം എന്ത്?

   കാഷ്ഠങ്ങൾ – മരക്കഷ്ണം, കാഷ്ഠം - വിസർജ്യം

4. "സംസാരകാരിണിയായതവിദ്യയും സംസാരനാശിനിയായതു വിദ്യയും " - ഈ വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ എഴുതുക.

   ഉത്തരസൂചന

   ➔ വരികളിലെ ആദ്യക്ഷരങ്ങൾ ഒരു പോലെ വരുന്നു.

   ➔ രണ്ടാമത്തെ അക്ഷരങ്ങൾ ഒരുപോലെ വരുന്നു.

   ➔ അവസാന അക്ഷരം ഒരു പോലെ.

## മൂന്ന് മാർക്കിനുള്ള ചോദ്യങ്ങൾ

5. ലക്ഷ്മണന്റെ കോപം യുക്തമല്ലെന്ന് ശ്രീരാമൻ പറയുന്നതിന്റെ യുക്തികൾ എന്തൊക്കെയാണ്?

   ഉത്തരസൂചന

   ➔ ഇവിടെ കാണുന്ന രാജ്യം,ദേഹം, വിശ്വം ധനം,ധാന്യം മുതലായവയൊന്നും ശാശ്വതമല്ല.

   ➔ സുഖഭോഗങ്ങളും ആയുസ്സുമൊക്കെ മിന്നൽപ്രഭപോലെ ക്ഷണികമാണ്.

   ➔ അതിനാൽ ലക്ഷ്മണന്റെ പ്രയത്നം നിഷ്ഫലമാണ്.

6. വിദ്യയും അവിദ്യയും നമ്മുടെ ജീവിതത്തെ എങ്ങനെയൊക്കെ സ്വാധീനിക്കുന്നു എന്നാണ് എഴുത്തച്ഛൻ സൂചിപ്പിക്കുന്നത്?

   ഉത്തരസൂചന

- ലോകത്തെ ചുട്ടുചാമ്പലാക്കാം എന്ന ചിന്തയ്ക്ക് കാരണം അറിവില്ലായ്മയാണ്.
- ദേഹമാണ് ഞാനെന്ന ചിന്ത ജനിപ്പിക്കുന്ന മോഹമാതാവാണ് അവിദ്യ.
- എല്ലാ ജീവിതദുഃഖങ്ങൾക്കും അവിദ്യയാണ് കാരണം.
- എന്നാൽ മോഹത്തെ നശിപ്പിക്കുന്നതും ജീവിതദുഃഖങ്ങൾ ഇല്ലാതാക്കുന്നതും വിദ്യയാണ്.
- ഈ തിരിച്ചറിവ് നേടാൻ ശരിയായ വിദ്യാഭ്യാസം നമ്മെ സഹായിക്കും.

<u>നാലു മാർക്കിന്റെ ചോദ്യോങ്ങൾ</u>

7. "വത്സസൗമിത്രേ കുമാര നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ "

വരികൾ വിശകലനം ചെയ്ത് രാമൻ ലക്ഷ്മണനെ സംബോധന ചെയ്യുന്നതിലെ ഔചിത്യം വ്യക്തമാക്കുക ?

ഉത്തര സൂചന

- രാമൻ ലക്ഷ്മണനെ സാന്ത്വനിപ്പിക്കാൻ ശ്രമിക്കുന്നു.
- വാത്സല്യമുള്ള വിളി .
- സുമിത്രയെപോലെ ബഹുമാന്യനായ ഒരു അമ്മയുടെ പുത്രനാണ്
- കുമാരനാകയാൽ എടുത്തുചാട്ടമുണ്ടാകും .

2. "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്
നിൽക്കുമോ യൗവനവും പുനരധ്രുവം
"നന്നല്ല ദേഹം നിമിത്തം മഹാമോഹം "

ഈ വരികളിൽ തെളിയുന്ന ജീവിത വീക്ഷണം പാഠസന്ദർഭത്തെ മുൻനിർത്തി ലഘുക്കുറിപ്പ് തയ്യാറാക്കുക ?

ഉത്തര സൂചന

- ലക്ഷ്മണനെ സാന്ത്വനിപ്പിക്കാൻ രാമൻ പറയുന്ന വാക്കുകളാണിവ. രാജ്യം ഉൾപ്പെടെയുള്ള ഐശ്വര്യങ്ങൾ നൈമിഷികമാണ്.
- നശ്വരമായ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നത് വിഡ്ഢിത്തമാണ്.
- സ്വന്തം ശക്തിയിലുള്ള അതിരുകടന്ന വിശ്വാസം കൊണ്ടാണ് അച്ഛനായ ദശരഥനെ കൊല്ലാൻ പോലും തയ്യാറായത്.
- മോഹം മാതാവായ അറിവില്ലായ്മ മൂലമാണെന്ന് രാമനിലൂടെ എഴുത്തച്ഛൻ ഓർമ്മിപ്പിക്കുന്നു.

## അഞ്ച് മാർക്കിന്റെ ചോദ്യം

**1.** **"ക്രോധമല്ലോ നിജ ധർമ്മക്ഷയകരം**
**ക്രോധം പരിത്യജിക്കേണം ബുധജനം "**

**കാവ്യഭാഗത്തെ മുൻനിർത്തി എഴുത്തച്ഛന്റെ ഉപദേശങ്ങൾക്കുള്ള കാലികപ്രസക്തി തയ്യാറാക്കുക?**

**ഉത്തര സൂചന**

- **മനുഷ്യ ജീവിതത്തെ ആഴത്തിൽ അറിഞ്ഞ കവിയാണ് എഴുത്തച്ഛൻ.**
- **ലോകത്ത് യുദ്ധങ്ങളും കലഹങ്ങളും അക്രമവാസനകളും വർദ്ധിച്ച വരുന്നു.**
- **ക്രോധത്തെ നിയന്ത്രിച്ചാൽ മാത്രമേ ലോകത്തിൽ ധർമം പുലരുകയുള്ളൂ.**
- **ക്രോധം മൂലം മനുഷ്യൻ മാതാപിതാക്കളെയും സഹോദരങ്ങളെയും കൊല്ലാൻ ശ്രമിക്കുന്നു.**
- **ക്ഷമയുടെയും സഹവർത്തിത്വത്തിന്റേയും മാർഗം നാം ശീലിക്കണം**

# ഋതുയോഗം (കാളിദാസൻ)

**വിക്രമാദിത്യസദസ്സിലെ കവിയായിരുന്ന കാളിദാസന്റെ കൃതിയാണ് അഭിജ്ഞാനശാകുന്തളം. ഭാരതത്തിലെ കവികളിൽ അഗ്രഗണ്യനായിരുന്നു കാളിദാസൻ. ശാകുന്തളം നാടകം അദ്ദേഹത്തിന്റെ കൃതികളിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നതാണ്. ജീവിതത്തിലെ ദുഃഖവും ആഹ്ലാദവുമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. ശകുന്തളയുടെയും ദുഷ്യന്തന്റെയും ജീവിതകഥയാണ് ഈ കൃതി. ഇരുവരുടെയും പുനസമാഗമം ആവിഷ്കരിക്കുന്ന നാടക ഭാഗം സ്നേഹത്തിന്റെ ഉദാത്ത മാതൃകയായിരിക്കുന്നു.**

**ഓർമ്മച്ചെപ്പ്**

- **ശകുന്തളയും ദുഷ്യന്തനും സർവ്വദമനനും കൂടിച്ചേരുന്നു.**
- **സർവ്വദമനന്റെ വീരത്വം വ്യക്തമാകുന്നു.**
- **ശകുന്തളയെ ഉപേക്ഷിച്ചത് തെറ്റായെന്ന് ദുഷ്യന്തൻ മനസ്സിലാക്കുന്നു.**
- **ഭർത്താവിനോടൊപ്പം ഒത്തുചേരുന്നതിനായി നോമ്പ്നോക്കുന്ന ശകുന്തള ഭർതൃസ്നേഹത്തിന്റെ മാതൃകയായിത്തിരുന്നു.**
- **കാളിദാസകൃതികൾ മനുഷ്യകഥാനുഗായികളാണ്.**

## ഒരു മാർക്ക് ചോദ്യങ്ങൾ

1. അർത്ഥം നേടി ജീവിക്കാനാണ് അത്യധ്വാനം ചെയ്യുന്നത്. - അടിവരയിട്ട പദത്തിന്റെ അർത്ഥം എഴുതുക.

A.പണം B.പകുതി

C.ആശയം D.മോക്ഷം

ഉത്തരം - A.പണം

2."ധർമ്മപത്നിയെ ഉപേക്ഷിച്ച ഇയാളുടെ നാമധേയം ആരുച്ചരിക്കും" ഈ വാക്കുകളിൽ സ്ഫുരിക്കുന്ന ഭാവം ഏത്?

A.വൈരാഗ്യം B.പുച്ഛം

C.സങ്കടം D.രോഷം

ഉത്തരം - B.പുച്ഛം

## 2 മാർക്ക് ചോദ്യങ്ങൾ

1. താപസി ദുഷ്യന്തനെയും സർവദമനനെയും നോക്കി ആശ്ചര്യം! ആശ്ചര്യം! എന്ന് പറയാൻ കാരണമെന്ത്?

- ➔ രാജാവിനും സർവദമനനും ഒരേ ഛായ
- ➔ ആർക്കും വഴങ്ങാത്ത ബാലൻ രാജാവിന് വഴങ്ങി.

2. ശകുന്തളയ്ക്ക് ദുഷ്യന്തനെ കണ്ടിട്ട് മനസ്സിലാകാതിരുന്നതിനു കാരണമെന്ത്?

- ➔ ദുഷ്യന്തൻ പശ്ചാത്താപം കൊണ്ടു വിവശനാണ്.
- ➔ കുറ്റബോധംകൊണ്ടു വിളറിവെളുത്ത രാജാവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല.

## 3 മാർക്ക് ചോദ്യങ്ങൾ

1.ബാലന്റെ കയ്യിൽ കെട്ടിയിരുന്ന രക്ഷ എടുക്കരുത് എന്ന് താപസിമാർ രാജാവിനോട് പറയാൻ ` കാരണമെന്ത്?

ഉത്തരസൂചന

- ➔ ബാലന്റെ ജാതകർമ്മ സമയത്ത് മാരീചഭഗവാൻ ധരിപ്പിച്ച അപരാജിത എന്ന ഔഷധി.
- ➔ അച്ഛനോ അമ്മയോ അല്ലാതെ ആരും എടുക്കരുത്.
- ➔ എടുത്താൽ അത് സർപ്പമായി മാറി എടുത്ത ആളെ കൊത്തും.

2"ഈ പ്രസ്താവ കാനൽജലം പോലെ ഒടുവിൽ എനിക്ക് വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു."ഈ പ്രസ്താവനയുടെ പൊരുൾ വിശദമാക്കുക.

ഉത്തരസൂചന

➔ മരുഭൂമിയിൽ ജലമുണ്ടെന്ന് തോന്നിക്കുന്ന അവസ്ഥയാണ് കാനൽജലം.

➔ അതിനാൽ ജലം ഉണ്ടെന്നു കരുതി മുന്നോട്ടു പോകുന്നവർ നിരാശരാകും

➔ അതുപോലെ ശകുന്തള എന്ന പേര് കേട്ട് തന്റെ പ്രിയതമയാണെന്ന് കരുതി മുന്നോട്ട് പോയാൽ തനിക്ക് നിരാശയാകേണ്ടി വരുമോ എന്ന് സംശയം.

## 4 മാർക്ക് ചോദ്യങ്ങൾ

1. "മാല്യം മൂർദ്ധാവിലിട്ടാൽ തല കുടയുമുടൻ പാമ്പെന്നോതിയന്ധൻ " ഈ വരികളിൽ തെളിയുന്ന ദുഷ്യന്തന്റെ മാനസികാവനസ്ഥയെന്ത് ?

ഉത്തര സൂചന

➔ ശകുന്തളയെ അകാരണമായി ഉപേക്ഷിച്ചതിലുള്ള കുറ്റബോധം.

➔ ഏതോ മലിനത തന്റെ മനസ്സിനെ ബാധിച്ചതിനാലാണ് ശകുന്തളയെ തിരസ്കരിച്ചത്.

➔ തലയിൽ ഇട്ടു കൊടുത്ത പൂമാലയെ കാഴ്ചയില്ലാത്തവൻ പാമ്പ് എന്ന് പേടിച്ച് കുടഞ്ഞു കളയും.

➔ ഇവിടെ മലിനത എന്നത് ദുർവാസാവിന്റെ ശാപത്തെ ആണ് സൂചിപ്പിക്കുന്നത്

2. ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണചെയ്തു എന്ന് തോന്നുന്നു. ശകുന്തള ഇങ്ങനെ ചിന്തിക്കാൻ ഇടയായ സാഹചര്യം വിശദമാക്കുക ?

ഉത്തര സൂചന

➔ സർവദമനന്റെ കയ്യിൽനിന്നും താഴെ വീണ രക്ഷ യാതൊരു കുഴപ്പവും കൂടാതെ ദുഷ്യന്ത്യൻ കെട്ടുന്നു.

➔ ദുഷ്യന്തൻ തന്റെ ഭർത്താവ് ആണെന്നറിഞ്ഞ് ശകുന്തള പ്രതികരിക്കുന്നതാണ് സന്ദർഭം.

➔ തുടരെത്തുടരെ ദുഃഖങ്ങതന്ന് ദൈവം തന്നോട് മത്സരിക്കുകയായിരുന്നു.

➔ ഇപ്പോൾ ദുഷ്യന്തസമാഗമത്തിലൂടെ മത്സരം വിട്ട് ദൈവം ശകുന്തളയോട് കരുണ കാണിച്ചിരിക്കുന്നു.

## 5 മാർക്ക് ചോദ്യങ്ങൾ

1. "വായ പൊളിക്കൂ സിംഹക്കുട്ടി നിന്റെ പല്ല് ഞാൻ എണ്ണട്ടെ "

" അബ്ബ, വലിയ പേടി തന്നെ "

" എന്റെ അച്ഛൻ ദുഷ്യന്തൻ ആണ്, താനല്ല "

- സർവദമനന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുന്ന ചില സന്ദർഭങ്ങൾ ആണിത്. ഋതുയോഗത്തിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് സർവദമനൻ എന്ന കഥാപാത്രത്തിന് നിരൂപണം തയ്യാറാക്കുക.

- ➔ അഭിജ്ഞാന ശാകുന്തളം ഏഴാം അങ്കത്തിലെ പ്രധാന കഥാപാത്രമാണ് സർവദമനൻ .
- ➔ ദുഷ്യന്തന് ശകുന്തളയിൽ ഉണ്ടായ പുത്രനാണ് സർവദമനൻ.
- ➔ മാരീചാശ്രമത്തിൽ വളരുന്ന അവനെ അവിടെ എത്തുന്ന ദുഷ്യന്തൻ കാണുന്നു.
- ➔ അവന്റെ വാക്കുകളിലും പ്രവർത്തികളിലും കണ്ട ബാല്യത്തിന്റെ കുസൃതി, ധൈര്യം, നിഷ്കളങ്കത എന്നിവ ദുഷ്യന്തനെ അവനോടടുപ്പിക്കുന്നു.
- ➔ സ്നേഹമാണ് ദുഷ്യന്തനിലും നിറയുന്നത് .
- ➔ ആരുടെയും വാക്കുകൾ വകവയ്ക്കാതെ തള്ളയുടെ അരികിൽ പാൽ കുടിച്ചുകൊണ്ടിരുന്ന സിംഹകുട്ടിയുടെ രോമങ്ങൾ പിടിച്ചുവലിച്ച് കളിക്കാൻ നിർബന്ധിക്കുന്നു .
- ➔ ദുഷ്യന്തൻ തന്റെ അച്ഛനാണെന്ന് കൂസലില്ലാതെ നിഷ്കളങ്കമായി അവൻ മറുപടി പറയുന്നു.
- ➔ ഇന്ദ്രിയങ്ങളെ അടക്കി വിജയം നേടിയ അവനെന്ന അർത്ഥത്തിൽ മഹർഷിമാർ നൽകിയ പേരാണിത് .
- ➔ സർവദമന് സഹജീവികളെയും ആശ്രമവാസികളേയും സ്നേഹം കൊണ്ട് വരുതിയിലാക്കാൻ സാധിക്കുന്നു.

## പാവങ്ങൾ (വിക്ടർ ഹ്യൂഗോ)

ലോകസാഹിത്യത്തിലെ പ്രസിദ്ധമായ കൃതിയാണ് പാവങ്ങൾ. ഴാങ് വാൽ ഴാങ് എന്ന കള്ളൻ മനുഷ്യത്വത്തിലേക്ക് മടങ്ങി വരുന്നതാണ് നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. തിന്മയിൽ നിന്ന് നന്മയിലേക്കുള്ള മനുഷ്യന്റെ പ്രയാണം എക്കാലത്തും സാഹിത്യത്തിന് വിഷയമായിട്ടുണ്ട് . ലാമിറബലെ എന്ന വിക്ടർ ഹ്യൂഗോവിന്റെ നോവലാണ് പാവങ്ങൾ എന്ന പേരിൽ നാലപ്പാട്ട് നാരായണമേനോൻ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

നോവലിൽ ഴാങ് അരമനയിൽ എത്തി മോഷണം നടത്തുന്നതും അടുത്ത ദിവസം പോലീസുകാർ അരമനയിലെത്തുമ്പോൾ മെത്രാൻ നൽകിയതാണ് അവ എന്ന് പറഞ്ഞു അവനു തന്നെ തിരികെ നൽകുന്നതുമായ ഭാഗമാണ് പാഠഭാഗം. തുടർന്ന് ജീവിതത്തിൽ സത്യവാനായിരിക്കാൻ മറക്കരുത് എന്ന ഉപദേശം മെത്രാൻ അവന് നൽകുന്നു.

ഓർമ്മച്ചെപ്പ്

- മെത്രാന്റെ വീട്ടിലെത്തിയ ഴാങ് വിലപിടിപ്പുള്ള വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കുന്നു.
- പോലീസുകാർ ഴാങ്ങിനെ പിടികൂടി മെത്രാന്റെ സമീപം എത്തിച്ചു
- മോഷണമുതലായി കൊണ്ടുവന്നതെല്ലാം താൻ നൽകിയതാണെന്ന് പറഞ്ഞുകൊണ്ട് മെത്രാൻ ഴാങ്ങിനെ സ്വതന്ത്രനാക്കുന്നു.
- തന്നെ സ്വതന്ത്രനാക്കിയ മെത്രാന്റെ പ്രവർത്തിയും വാക്കുകളും ഴാങ്ങിൽ മനപരിവർ ത്തനമുണ്ടാക്കി.
- തെറ്റ് ചെയ്ത ആളെ വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കുക എന്നതാണ് ഏറ്റവും ഉചിതമായ ശിക്ഷ എന്ന് നമ്മെ ഈ പ്രവർത്തികൾ ഓർമിപ്പിക്കുന്നു.
- പുരോഹിതന്റെ ഉത്തരവാദിത്വവും കടമയും മെത്രാനിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നു.
- നന്മയ്ക്ക് മാത്രമേ അവസാന വിജയം ഉണ്ടാവൂ എന്ന സന്ദേശമാണ് ഈ പാഠഭാഗം നൽകുന്നത്.

## 1 മാർക്കിന്റെ ചോദ്യങ്ങൾ

**1.** വൃദ്ധമതാചാര്യന്റെ അടുക്കൽ നിന്നും തനിക്ക് കിട്ടിയതാണ് ആ സമ്മാനമെന്ന് ............

അടിവരയിട്ട പദത്തിന്റെ അർത്ഥം കണ്ടെത്തുക?

ഉത്തരം - വൃദ്ധനായ മതാചാര്യന്റെ

**2.** "ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചുകൊണ്ടു നിന്നു "

ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ കണ്ടെത്തുക ?

ഉത്തരം - നിർവികാരത

**3.** വിക്ടർ ഹ്യൂഗോവിന്റെ പാവങ്ങൾ എന്ന കൃതി ആദ്യമായി മലയാളത്തിലേക്ക് തർജ്ജമ ചെയ്തതാരാണ്

ഉത്തരം - നാലപ്പാട്ട് നാരായണമേനോൻ

## 2 മാർക്കിന്റെ ചോദ്യങ്ങൾ

**4.** പാവങ്ങൾ എന്ന നോവലിന്റെ മഹത്വത്തിന് രണ്ട് കാരണങ്ങൾ എഴുതുക.

ബൈബിൾ കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷയിലേക്ക് പരിഭാഷ ഉണ്ടായ പുസ്തകമാണ് പാവങ്ങൾ.

ടോൾസ്റ്റോയി ഉൽക്കൃഷ്ടമായ 5 കൃതികൾ തെരഞ്ഞെടുത്തപ്പോൾ അതിൽ ഒന്നാം സ്ഥാനം പാവങ്ങൾ എന്ന കൃതിക്കായിരുന്നു.

5. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല "

-ഈ വാക്യത്തിൽ തെളിയുന്ന മെത്രാന്റെ കാഴ്ചപ്പാടുകൾ സൂചനകളായി എഴുതുക

➔ ലാളിത്യം കൊണ്ട് ജീവിതത്തെ ആഹ്ലാദകരമാക്കാം .

➔ ജീവിക്കാൻ വളരെ കുറച്ചു വസ്തുക്കൾ മാത്രമേ ആവശ്യമുള്ളൂ.

## 3. മാർക്കിന്റെ ചോദ്യങ്ങൾ

6. പാവങ്ങൾ എന്ന ശീർഷകത്തിന്റെ ഔചിത്യം പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

ഉത്തരസൂചനകൾ

➔ ദാരിദ്ര്യവും കുറ്റകൃത്യവുമൊക്കെ ഉൾക്കൊള്ളുന്ന മഹത്തായ ഒരു കൃതിയാണ് പാവങ്ങൾ.

➔ ആരും അഭയം നൽകാതിരുന്ന ഒരു കുറ്റവാളിക്ക് ഹൃദ്യമായ വിരുന്നൊരുക്കിയ മെത്രാൻ .

➔ മെത്രാന്റെ ഭവനത്തിൽ നിന്നും ഴാങ് വാൽ ഴാങ് വെള്ളി സമ്മാനങ്ങൾ മോഷ്ടടിച്ചു.

➔ വെള്ളി സമ്മാനങ്ങളുടെ സൂക്ഷിപ്പുകാരൻ മാത്രമാണ് താനെന്നഭിപ്രായക്കാരനാണ് മെത്രാൻ.

➔ ഈ ലോകത്തിലെ എല്ലാ വസ്തുക്കളും പാവങ്ങൾക്കുകൂടി അവകാശപ്പെട്ടതാണ് .

7. "എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ ഴാങ് വാൽ ഴാങ് ഇങ്ങനെ ചോദിക്കാൻ കാരണം എന്ത് ?

ഉത്തര സൂചന -

➔ മോഷ്ടിക്കപ്പെട്ട വസ്തുക്കളുമായി പോലീസ് ഴാങ് വാൽ ഴാങ്ങനെ അറസ്റ്റ് ചെയ്ത് മെത്രാന്റെ സമീപം എത്തിക്കുന്നു.

➔ ഈ ഒരു സാഹചര്യത്തിൽ തന്നെ വെറുതെ വിടുന്നുവെന്നുള്ളത് അവിശ്വസനീയമായി തോന്നി.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

8. "ആ വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടില്ല അത് പാവങ്ങളുടെയാണ് " സ്വകാര്യ സ്വത്തുക്കൾ കൈവശം വെക്കുന്നതിനെപ്പറ്റിയുള്ള കാഴ്ചപ്പാട് വിലയിരുത്തുക ?.

ഉത്തര സൂചന

➔ ആരും ഒന്നിന്റേയും ശാശ്വതമായ ഉടമസ്ഥരല്ല.

- ➔ എല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണ്.
- ➔ ദൈവത്തിന്റെ വസ്തുവകകൾ എല്ലാവർക്കും ഒരുപോലെ അവകാശപെട്ടതാണ് .
- ➔ മാനുഷികനന്മയിൽ ഊന്നിയ തന്റെ ജീവിതത്തിൽ ഇത്തരം ഭൗതികവസ്തുക്കൾക്ക് യാതൊരു സ്ഥാനവുമില്ല.

**9.** "ആ നിലയ്ക്കുള്ള ഒരുത്തനെ അകത്തു കടത്തുക !എന്നല്ല അവനവൻ കിടക്കുന്നതിന് അടുത്ത് കിടത്തുകയും. ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്യുള്ളൂ ?

ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?

ഉത്തര സൂചന

- ➔ അപരിചിതനും കുറ്റവാളിയുമായ ഒരാളെ അകത്ത് കയറ്റി അവനവൻ കിടക്കുന്നതിന് അടുത്ത് കിടത്തുന്നത് ഉചിതമല്ല.
- ➔ മോഷണം നടത്തുന്നതിനിടയിൽ കൊലപാതകം നടക്കാതിരുന്നത് ഭാഗ്യം കൊണ്ടാണ് .
- ➔ അപരിചിതനായ ഒരാളെ വിശ്വസിച്ച് വീട്ടിൽ കയറ്റുക ഏതുകാലഘട്ടത്തിലും യോജിച്ചതല്ല.

## 5 മാർക്കിന്റെ ചോദ്യങ്ങൾ

**10.** മോൺസിന്യോർ മാനവികതയുടെ മഹനീയ രൂപം -

പ്രസ്താവനയെ അടിസ്ഥാനമാക്കി കഥാപാത്രനിരൂപണം തയ്യാറാക്കുക ?

ഉത്തര സൂചന -

- ➔ മഹാമനസ്കനായ മെത്രാൻ ഴാങ്ങിന്റെ പൂർവ്വചരിത്രം ചോദിക്കാതെ അയാൾക്ക് അഭയം നൽകുന്നു.
- ➔ പൂട്ടാത്ത വാതിൽ അതിൽ പൂട്ടാത്തമനസ്സിന്റെ പ്രതീകമാണ് .
- ➔ ലോകമേ തറവാട് എന്ന ദർശനം മെത്രാനിൽ വെളിപ്പെടുന്നു.
- ➔ ഴാങ്ങിന് മെത്രാൻ നൽകിയ സമ്മാനം മനുഷ്യസ്നേഹത്തിന്റെ മെഴുകുതിരിക്കാലുകളാണ്.

.......................................

## യൂണിറ്റ് രണ്ട്

## അനുഭൂതികൾ ആവിഷ്കാരങ്ങൾ

### ലളിതാംബിക അന്തർജനം - വിശ്വരൂപം - കഥ

### കുമാരനാശാൻ - പ്രിയദർശനം (നളിനി ) - ഖണ്ഡകാവ്യം

### ഒ.വി.വിജയൻ - കടൽത്തീരത്ത് - കഥ

കലയും സാഹിത്യവും ജീവിതത്തിന്റെ നേർചിത്രങ്ങളാണ്. മനുഷ്യ ബന്ധങ്ങളുടെ വൈകാരികവും ഭാവാത്മകവുമായ ആവിഷ്കാരമാണ് സാഹിത്യത്തിലുള്ളത്. എഴുത്തുകാരുടെ അനുഭവതലങ്ങളിൽ രൂപപ്പെടുന്ന സർഗാത്മക അനുഭൂതികൾ വായനക്കാരുടെ മനസ്സിൽ വ്യത്യസ്ത തലത്തിൽ സ്വാധീനം ചെലുത്തുകയും അത് നവ്യമായ മറ്റൊരു അനുഭൂതിയായി മാറുകയും ചെയ്യുന്നു. സത്യം , ദയ, കാരുണ്യം, സ്നേഹം തുടങ്ങിയ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്ന തോടൊപ്പം വ്യക്തി - കുടുംബ - സാമൂഹിക-സാംസ്കാരിക-ബന്ധങ്ങൾ കൂടി കാത്തുസൂക്ഷിക്കാനും നമുക്ക് കഴിയണം എന്ന ഗുണപാഠം കൂടി ഉൾക്കൊള്ളുന്ന രചനകളാണ് അനുഭൂതികൾ ആവിഷ്കാരങ്ങൾ എന്ന യൂണിററിൽ ഉൾപ്പെടുന്നത്. ഉപാധികളില്ലാത്ത സ്നേഹമാണ് യഥാർത്ഥ സ്നേഹമെന്ന് ഈ പാഠഭാഗങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

#### പ്രവേശകം

തിരുവള്ളുവരുടെ വരികളിൽ സ്നേഹ ബന്ധത്തിന്റേയും സൗഹൃദത്തിന്റേയും പ്രാധാന്യവും മഹത്വവും വ്യക്തമാക്കുന്നു. നമ്മെ സ്നേഹിക്കുന്നവരോട് നമുക്ക് തോന്നുന്ന ആത്മബന്ധമാണ് യഥാർത്ഥ സൗഹൃദം . ഈ സൗഹൃദം ജീവിതാവസാനം വരെ സംരക്ഷിക്കേണ്ട മഹത്തായ ഒരു സൗഭാഗ്യം കൂടിയാണെന്ന് കവി ഓർമ്മപ്പെടുത്തുന്നു.

### വിശ്വരൂപം

സമൂഹത്തിലേയും സ്വസമുദായത്തിലേയും ഉച്ചനീചത്വങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ച മലയാളത്തിന്റെ കഥാകാരിയാണ് ലളിതാംബിക അന്തർജനം. കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണെന്ന് വിശ്വസിച്ചിരുന്ന താഴത്ത് കുഞ്ഞുക്കുട്ടിയമ്മയുടെ ജീവിത പരിണാമങ്ങൾ ' വിശ്വരൂപം' എന്ന കഥയിൽ വായിച്ചെടുക്കാം. മിസ്സിസ് തലത്തിന്റെ ജീവിതത്തിലെ രണ്ടവസ്ഥകളാണ് കഥയിൽ നമുക്ക് കാണാൻ കഴിയുന്നത്.

ഓർമ്മച്ചെപ്പ്

- ➔ മിസ്സിസ് തലത്ത്, ഡോക്ടർ തലത്ത്, സുധീർ , വൃദ്ധൻ, ഇവരാണ് കഥാപാത്രങ്ങൾ
- ➔ മിസ്സിസ് തലത്തിൽ നിന്ന് താഴത്തു കുഞ്ഞുകുട്ടിയമ്മയിലേക്ക് വരുമ്പോൾ സ്ത്രീത്വത്തിനും മാതൃത്വത്തിനും സംഭവിക്കുന്ന മാറ്റങ്ങൾ
- ➔ മാതൃത്വത്തിന്റെമഹത്വം തിരിച്ചറിയാതെജീവിച്ച മിസ്സിസ് തലത്ത് എന്ന സ്ത്രീയുടെ തിരിച്ചറിവിന്റെ കഥ
- ➔ മിസ്സിസ് തലത്ത് എന്ന ലേഡീ തലത്തിന്റെ താഴത്തു കുഞ്ഞുക്കുട്ടിയമ്മയിലേക്കുള്ള തിരിച്ചു പോക്കിന്റെ കഥ
- ➔ മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാക്കുന്ന കുഞ്ഞുക്കുട്ടിയമ്മയുടെ ജീവിതത്തിലേക്ക് ഡോക്ടർ തലത്തിന്റെ സെക്രട്ടറിയായ സുധീർ പഴയയജമാനത്തിയെ അന്വേഷിച്ചു വരുന്നു.
- ➔ വർഷങ്ങൾക്കു ശേഷമുള്ള സുധീറുമായുള്ള കണ്ടുമുട്ടൽ കഥയെ ഭാവതീവ്രമാക്കുന്നു.
- ➔ സുധീറിന്റെ ഓർമ്മകളിൽ മിസ്സിസ് തലത്തിന്റെ ഇന്നെലകൾ കടന്നുവരുന്നു.
- ➔ പ്രൗഢവനിത. ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ , ആരുടെ മുന്നിലും തല കുനിക്കാത്തവൾ , കുട്ടികളെ വളർത്താത്ത അമ്മ , മക്കൾ ബോർഡിങ്ങിൽ, ഭർത്താവിനു വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം.
- ➔ ജീവിതത്തിന്റെ വൈകിയ വേളയിൽ ഒരു സ്ത്രീ എങ്ങനെയായിരിക്കണമെന്ന് തിരിച്ചറിഞ്ഞ ഒരമ്മയുടെ ജീവിത കഥ.
- ➔ ഭാരതീയ സംസ്കാരത്തിൽ വ്യക്തി - കുടുംബ - സാമൂഹിക ബന്ധങ്ങൾക്ക് കല്പിക്കുന്ന മൂല്യങ്ങളെ ഓർമ്മപ്പെടുത്തുന്ന കഥ.

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1 "തങ്ങൾക്ക് രണ്ടു പേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി'

ഈ സന്ദർഭത്തിൽ പരാമർശിക്കപ്പെടുന്ന വ്യക്തിയാര്?

a) സുധീർ

b) ഡോക്ടർ തലത്ത്

c) മിസ്സിസ് തലത്ത്

ഉത്തരം: ഡോക്ടർ തലത്ത്

2 'കൊടുത്തതു മാത്രമേ നേടാനൊക്കൂ അല്ലേ സുധീർ' ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ ' ഈ സംഭാഷണത്തിലൂടെ കഥാകാരിപറയാൻ ശ്രമിക്കുന്നത്?

A കൊടുത്താൽ മാത്രം തിരിച്ചു കിട്ടുന്നതാണ് സുഖവും സമ്പത്തും

B കൊടുത്താൽ മാത്രം തിരിച്ചു കിട്ടുന്നവയാണ് പദവിയും അധികാരവും

C കൊടുത്താൽ മാത്രം തിരിച്ചു കിട്ടുന്നവയാണ് സ്നേഹവും കരുതലും

ഉത്തരം - കൊടുത്താൽ മാത്രം തിരിച്ച കിട്ടുന്നവയാണ് സ്നേഹവും കരുതലും

3 തുളസിത്തറ എന്ന പദത്തെ തുളസി+ തറ എന്ന് എഴുതാമല്ലോ?

താഴെ പറയുന്ന പദത്തെ മാറ്റി എഴുതുക

അങ്ങനെയല്ല

ഉത്തരം: അങ്ങനെ + അല്ല

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1 അർത്ഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കുക

'ഒരോട്ടു ഗ്ലാസ്സിൽ ചൂടുള്ള കാപ്പിയും താലത്തിൽ നെയ്യപ്പവും മലരുമായി മാഡം തലത്ത് മെല്ലെ നടന്നു വന്നു'. പണ്ട് തന്റെ അമ്മ നടന്നുവരാറുള്ളതു പോലെ.

ഉത്തര സൂചന : ഓട്ടു ഗ്ലാസ്സിൽ ചൂടുള്ള കാപ്പിയും താലത്തിൽ നെയ്യപ്പവും മലരുമായി തന്റെ അമ്മയെപ്പോലെ മാഡം തലത്ത് നടന്നു വന്നു.

2 'മിസ്സിസ് തലത്ത് ഓർമ്മകളുടെ ഓളക്കുത്തിലേക്ക് വഴുതി വീഴുകയായിരുന്നു'

അയാൾ കടവിലേക്കു വഴുതിവീഴുകയായിരുന്നു

അടിവരയിട്ട വാക്യത്തിന്റെ അർത്ഥവ്യത്യാസം കുറിക്കുക

ഉത്തര സൂചന :

ഓളക്കുത്തിലേക്ക് വഴുതി വീഴുകയായിരുന്നു - ഗതകാല സ്മരണകൾ

കടവിലേക്കു വഴുതിവീഴുകയായിരുന്നു - യഥാർത്ഥത്തിലുള്ള വീഴ്ച

3 "രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു "

ഈ കഥാവാക്യം നൽകുന്ന രണ്ട് സൂചനകൾ എഴുതുക

ഉത്തര സൂചന :

- ➔ ദീർഘകാലത്തെ വേർപാട് സൃഷ്ടിച്ച അവസ്ഥ
- ➔ കാലം വരുത്തിയ മാറ്റങ്ങൾ

## 3 മാർക്കിന്റെ ചോദ്യങ്ങൾ

1 "മാഡം തലത്ത് എത്രയോ തവണ എനിക്ക് കാപ്പി തന്നിട്ടുണ്ട്. എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല. വയററിയാതെ കഴിച്ചു പോവുന്നു "

(വിശ്വരൂപം)

സുധീർ ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക

ഉത്തര സൂചനകൾ :

➔ മാഡം തലത്തും സുധീറുമായുള്ള അത്മബന്ധം

➔ മാതൃസ്നേഹം.

➔ തന്റെ അമ്മയെപ്പോലെ അടുത്തിരുന്ന് തീറ്റിക്കുന്ന പ്രകൃതം.

**2** നൺപ് മഹിത സൗഭാഗ്യമായി കരുതുന്ന തിരുവള്ളുവരുടെ തത്ത്വത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു. സ്വാഭിപ്രായം കുറിക്കുക

**ഉത്തര സൂചനകൾ :**

➔ സൗഹൃദത്തിന്റെ പ്രാധാന്യം.

➔ നമ്മെ സ്നേഹിക്കുന്നവരോട് നാം കാണിക്കേണ്ട ആത്മബന്ധം.

➔ സ്നേഹബന്ധങ്ങളാണ് നമ്മെ മുന്നോട്ട് നയിക്കുന്നതെന്ന തിരിച്ചറിവ്

**3** "മാഡം ഒന്നു ചോദിക്കട്ടെ . നിങ്ങൾ ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിക്കുന്നുവെന്നു കേട്ടിട്ടുണ്ട്. അതു ശരിയാണോ" ? വൃദ്ധന്റെ വാക്കുകൾ വിലയിരുത്തി സ്വാഭിപ്രായം എഴുതുക.

**ഉത്തര സൂചനകൾ :**

ഭാരതീയ സംസ്കാരത്തോടുള്ള ആദരവ്.

ഭാരതം കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

മാതാപിതാക്കളെ ദൈവത്തെപ്പോലെ കാണുന്നു.

പാശ്ചാത്യ നാടുകളിൽ വൃദ്ധരെ സംരക്ഷിക്കാത്ത അവസ്ഥ.

## 4 മാർക്കിന്റെ ചോദ്യങ്ങൾ

**1** "പക്ഷേ, ഒന്ന് ഓർക്കണം .നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ , കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന് . അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടു കൂടുകയും വേണം. "

(വിശ്വരൂപം )

മാഡം തലത്തിന്റെ സ്വഭാവത്തിലുണ്ടായ മാറ്റം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**ഉത്തര സൂചനകൾ :**

- സ്വന്തം ജീവിതാനുഭവങ്ങൾ നൽകിയ തിരിച്ചറിവ്, പശ്ചാത്താപം
- മാതാപിതാക്കളുടെയും മക്കളുടേയും കടമകളെക്കുറിച്ചുള്ള തിരിച്ചറിവ്
- സ്നേഹം കൊടുത്താലെ തിരിച്ചു ലഭിക്കുകയുള്ളൂ.
- തിരക്കുകൾക്കിടയിൽ മക്കളെ മറക്കാൻ പാടില്ല എന്ന സന്ദേശം.

**2** " വീടിനെപ്പറ്റി ഓർക്കുന്നത് ഡോക്ടർ തലത്തിന് ഒരു ലഹരിയായിരുന്നു. തന്റെ അമ്മ ... തന്റെ അമ്മൂമ്മ എന്നൊക്കെ വച്ചാൽ .... അദ്ദേഹം പറയാറുണ്ട് : ഡോളി ! ഭാരത സ്ത്രീകൾ എത്ര ഭാഗ്യമുള്ളവരായിരുന്നു ! "

ഭാരത സ്ത്രീകളെക്കുറിച്ചുള്ള ഡോക്ടർ തലത്തിന്റെ ഈ അഭിപ്രായത്തോട് യോജിക്കുന്ന കഥാപാത്രമാണോ മിസ്സിസ് തലത്ത് ? കഥയിലെ മറ്റുസന്ദർഭങ്ങൾകൂടി വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

ഉത്തര സൂചനകൾ :

- ➔ വ്യക്തി -കുടുംബ ബന്ധങ്ങൾക്ക് ഭാരതം കല്പിക്കുന്ന പ്രാധാന്യം.
- ➔ ഭാരതസംസ്കാരവും പാശ്ചാത്യസംസ്കാരവും തമ്മിലുള്ള അന്തരം.
- ➔ ഡോക്ടർ തലത്തിന്റെ നാടിനെക്കുറിച്ചുള്ള അഭിമാനം.
- ➔ മാതൃഭാവത്തിന് ഭാരതസ്ത്രീകൾ നൽകുന്ന പ്രാധാന്യം.

3 "എന്തൊരുയർച്ചയായിരുന്നു അത്. എന്തൊരഭിമാനമായിരുന്നു! അമ്മേ! ഭവതി ഭാഗ്യവതിയാണ്. അവസാനമായെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിച്ചവല്ലോ. "

വിശ്വരൂപം എന്ന ശീർഷകത്തിന്റെ ഔചിത്യം വിശദമാക്കുക

ഉത്തര സൂചനകൾ :

- ➔ മിസ്സിസ് തലത്തിന്റെ ജീവിതം
- ➔ കുട്ടികളെ വളർത്താത്ത അമ്മ
- ➔ ഡോക്ടർ തലത്തിനു വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം
- ➔ ഡോക്ടർ തലത്തിന്റെ മരണത്തെത്തുടർന്നുണ്ടായ മാറ്റം
- ➔ ദീർഘകാലത്തിനു ശേഷം അഞ്ചാമത്തെ കുട്ടി എന്ന വിശേഷണമുണ്ടായിരുന്ന സുധീറുമായുള്ള കണ്ടുമുട്ടൽ
- ➔ മാതൃഭാവത്തിലേക്കുള്ള-താഴത്തുകുഞ്ഞിക്കുട്ടിയമ്മയിലേക്കുള്ള വിശ്വരൂപത്തിലേക്കുള്ള തിരിച്ചു പോക്ക്

## <u>5 മാർക്കിന്റെ ചോദ്യങ്ങൾ</u>

1 "മാഡം തലത്ത് മരിച്ചുപോയി മോനേ ; ഡോക്ടർ തലത്തിനൊപ്പം അവരും പോയി . ഇത് അമ്മയാണ് ; താഴത്തു കുഞ്ഞുക്കുട്ടിയമ്മ. അങ്ങനെ പറഞ്ഞാലേ ഇന്നാട്ടുകാർ അറിയൂ ".

( വിശ്വരൂപം )

വാർധക്യത്തിന്റെ എന്തെല്ലാം പ്രശ്നങ്ങളാണ് ലളിതാംബിക അന്തർജനം വിശ്വരൂപം എന്ന കഥയിൽ ചർച്ച ചെയ്യുന്നത്. ആനുകാലിക സംഭവങ്ങൾ കൂടി പരിഗണിച്ച് 'വൃദ്ധരെ അവഗണിക്കാത്ത ലോകം ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു എഡിറ്റോറിയൽ (മുഖപ്രസംഗം) തയ്യാറാക്കുക.

ഉത്തര സൂചനകൾ

➔ കഥാസന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് അവതരിപ്പിക്കണം

ഉദാ: *ഭർത്താവിന്റെ വിയോഗം

* മക്കളുപേക്ഷിച്ച അവസ്ഥ

* ഒറ്റയ്ക്കുള്ള ജീവിതം

➔ ആനുകാലിക സംഭവങ്ങൾ തിരിച്ചറിയണം

ഉദാ : * വൃദ്ധ സദനങ്ങളുടെ കടന്നുവരവ്

* മക്കളിൽ നിന്നും നേരിടുന്ന ഉപദ്രവങ്ങളെക്കുറിച്ചുള്ള വാർത്തകൾ

* സ്വത്ത് തർക്കം

➔ ആശയം ക്രമപ്പെടുത്തി മുഖപ്രസംഗ രൂപത്തിൽ അവതരിപ്പിക്കണം.

മുഖപ്രസംഗം ഘടന

x ഉചിതമായ തലക്കെട്ട്

X ആമുഖം

x ആശയ ക്രമീകരണം

x സമകാലിക സംഭവങ്ങളെ കോർത്തിണക്കൽ

x ആർജവമുള്ള ഭാഷ

x സ്വന്തം കാഴ്ചപ്പാട് അവതരിപ്പിക്കൽ

x ഖണ്ഡിക തിരിച്ച് സംക്ഷിപ്തമായി പറയുക

x ഉപസംഹാരം

2 " കൃശമായ ശരീരം . നെറ്റിയിൽ ഭസ്മക്കുറി . കഴുത്തിൽ രുദ്രാക്ഷമാല ....."
"ചക്രവർത്തിനിയുടെ ജൻമമാണ് അവർക്ക് . ആരുടെ മുന്നിലും തല കുനിക്കില്ല "
"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടു കൂടി ഉണ്ടാവുമല്ലോ. ഓർമ്മകൾ .... അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ "

( വിശ്വരൂപം )

കഥയിലെ മറ്റ് കഥാസന്ദർഭങ്ങൾ പരിഗണിച്ച് മിസ്സിസ് തലത്ത് എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക

ഉത്തര സൂചനകൾ :

x കേന്ദ്ര കഥാപാത്രം

x ആരുടെ മുന്നിലും തല കുനിക്കാത്ത പ്രകൃതം

x നിശ്ചയദാർഢ്യം

x അഭിമാന ബോധം

x കുട്ടികളെ വളർത്താത്ത അമ്മ

x ഡോ. തലത്തിനു വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം

x ഭർത്താവിന്റെ നിലയ്ക്കും വിലയ്ക്കും അനുസരിച്ച് ജീവിച്ചു

x ജീവിത സായാഹ്നത്തിൽ ഒറ്റപ്പെടുന്നു

x സുധീറുമായുള്ള ആത്മബന്ധം

x മാതൃത്വത്തിലേക്കുള്ള തിരിച്ചു പോക്ക്

x മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകാശിപ്പിക്കുന്ന താഴത്ത് കുഞ്ഞുക്കുട്ടിയമ്മ

➔ കഥാപാത്ര നിരൂപണം ഘടന

= ആമുഖം: ആരുടെ ഏത് കഥയിലെ കഥാപാത്രം

= കഥയിലുള്ള സ്ഥാനം

= കഥാപാത്രത്തിന്റെ സ്വഭാവത്തിലെ പ്രത്യേകതകൾ

= മറ്റ് കഥാപാത്രങ്ങളുമായുള്ള ബന്ധം

= കഥാപാത്രത്തിന്റെ കാഴ്ചപ്പാടുകൾ

=കഥാപാത്രത്തെക്കുറിച്ചുള്ള സ്വന്തം നിരീക്ഷണം

3 "കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണെന്ന് വിശ്വസിച്ചിരുന്ന താഴത്തുകുഞ്ഞിക്കുട്ടിയമ്മയുടെ ജീവിത പരിണാമങ്ങളാണ് ' വിശ്വരൂപം എന്ന കഥയിൽ ചർച്ച ചെയ്യുന്നത്." ഈ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ 'വിശ്വരൂപം'എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

ഉത്തര സൂചന :

➔ മിസ്സിസ് തലത്തിൽ നിന്ന് താഴത്തു കുഞ്ഞുകുട്ടിയമ്മയിലേക്ക് വരുമ്പോൾ സ്ത്രീത്വത്തിനും മാതൃത്വത്തിനും സംഭവിക്കുന്ന മാറ്റങ്ങൾ

➔ മാതൃത്വത്തിന്റെമഹത്വം തിരിച്ചറിയാതെജീവിച്ച മിസ്സിസ് തലത്ത് എന്ന സ്ത്രീയുടെ തിരിച്ചറിവിന്റെ കഥ

➔ മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാക്കുന്ന കുഞ്ഞുക്കുട്ടിയമ്മയുടെ ജീവിതത്തിലേക്ക് ഡോക്ടർ തലത്തിന്റെ സെക്രട്ടറിയായ സുധീർ പഴയയജമാനത്തിയെ അന്വേഷിച്ചു വരുന്നു.

➔ വർഷങ്ങൾക്കു ശേഷമുള്ള സുധീറുമായുള്ള കണ്ടുമുട്ടൽ കഥയെ ഭാവതീവ്രമാക്കുന്നു.

➔ പ്രൗഢവനിത. ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ , ആരുടെ മുന്നിലും തല കുനിക്കാത്തവൾ , കുട്ടികളെ വളർത്താത്ത അമ്മ , മക്കൾ ബോർഡിങ്ങിൽ, ഭർത്താവിനു വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം.

➔ ഭാരതീയ സംസ്കാരത്തിൽ വ്യക്തി - കുടുംബ - സാമൂഹിക ബന്ധങ്ങൾക്ക് കല്പിക്കുന്ന മൂല്യങ്ങളെ ഓർമ്മപ്പെടുത്തുന്ന കഥ.

**ആസ്വാദനം ഘടന**

**X ഉചിതമായ ശീർഷകം**

**X ആമുഖം: കഥാകൃത്ത്, കഥ, പ്രമേയം**

**X ആശയ വിശകലനം**

**X കഥാപാത്രങ്ങളും അവർ കഥയിൽ വഹിക്കുന്ന സ്ഥാനവും**

**X സമകാലിക പ്രാധാന്യം**

**X കഥയുടെ ആഖ്യാന രീതിയുടെ പ്രത്യേകത**

**X കഥയിലെ ഭാഷ**

**X കഥാകൃത്തിന്റെ കാഴ്ചപ്പാട്**

**X സ്വന്തം നിരീക്ഷണം**

## കുമാരനാശാൻ - പ്രിയദർശനം (നളിനി ) - ഖണ്ഡകാവ്യം

**കുമാരനാശാന്റെ റൊമാന്റിക് കഥാകാവ്യമാണ് നളിനി . ഒരു സ്നേഹം എന്നുകൂടി ഈ കൃതിക്ക് പേരുണ്ട് .നളിനിയും ദിവാകരനും കുട്ടിക്കാലം മുതൽ കൂട്ടുകാരായിരുന്നു .നളിനി ദിവാകരനെ ഏറെ സ്നേഹിച്ചിരുന്നു. ദിവാകരൻ യൗവനാരംഭത്തിൽ ലൗകിക വിരക്തനായി നാടുവിട്ടു. ഈ വേർപാട് നളിനിയെ ദുഃഖത്തിലാഴ്ത്തി. കൗമാരകാലഘട്ടത്തിൽ നളിനിയുടെ മനസിന്റെ ഇഷ്ടം തിരിച്ചറിയാതെ പോയ ദിവാകരൻ സന്യാസത്തിനായി ഹിമാലയ പാർശ്വങ്ങളിലേക്കു പോയി. ദിവാകരനെ മാത്രം മനസ്സിൽ നിനച്ചിരുന്ന നളിനി പക്വതയുടെ ഒരു കാലഘട്ടമെത്തിയപ്പോൾ ദിവാകരനെ തേടി വീട് വിട്ടിറങ്ങി. ദിവാകരനെ വർഷങ്ങളായി അന്വേഷിച്ചെങ്കിലും കണ്ടെത്താൻ സാധിക്കാതെ വന്നതിനാൽ നളിനി ഒരു പൊയ്കയിൽ ചാടി മരിക്കാൻ തുടങ്ങി. അവിടെ നിന്ന് ഒരു സന്യാസിനി അവളെ രക്ഷപെടുത്തി. സന്യാസത്തിനു പോയ ദിവാകരനെ കണ്ടെത്താൻ ഏറ്റവും നല്ല മാർഗ്ഗം സന്യാസം തന്നെ എന്ന് മനസിലാക്കിയ നളിനി സന്യാസം സ്വീകരിക്കുന്നു.**

**അഞ്ചു വർഷങ്ങൾക്ക് ശേഷം ഹിമാലയ പരിസരത്തിൽ വച്ച് തന്നെ നളിനി ദിവാകരനെ കണ്ടു മുട്ടുന്നു. മൃദുലവികാരങ്ങൾക്കടിപ്പെട്ട സ്ത്രീകൾ പൊതുവെ തങ്ങൾ താലോലിക്കുന്ന ഓർമ്മകളേയും ആ ഓർമ്മകളിലെ വ്യക്തികളെയും വസ്തുക്കളെയും എത്ര നാളുകൾ കഴിഞ്ഞാലും എത്ര മാറ്റങ്ങൾ സംഭവിച്ചാലും പെട്ടന്നു തിരിച്ചറിയും. ഇവിടെ ദിവാകരനെ കണ്ട മാത്രയിൽ നളിനി അയാളെ തിരിച്ചറിഞ്ഞു. എന്നാൽ ദിവാകരൻ നളിനിയെ തിരിച്ചറിഞ്ഞില്ല. നളിനി ദിവാകര സംഗമത്തിന്റെ ഹൃദയ സ്പർശിയായ സന്ദർഭമാണ് "പ്രിയദർശനം" എന്ന പാഠഭാഗത്തു വർണിക്കുന്നത്.**

## *ഓർമ്മച്ചെപ്പ്*

= നളിനിയും ദിവാകനും ബാല്യകാല കൂട്ടുകാരായിരുന്നു
= ദിവാകരനെ നളിനി ഏറെ സ്നേഹിച്ചിരുന്നു.
= ദിവാകരൻ സന്ന്യാസം സ്വീകരിച്ചു നാടുവിടുന്നു.
= നളിനി ആത്മഹത്യക്ക് ശ്രമിക്കുന്നു
= നളിനി ആശ്രമത്തിൽ എത്തപ്പെടുന്നു
= സന്യാസിയായ ദിവാകരനെ നളിനി കണ്ടുമുട്ടുന്നു
= ദിവാകരൻ തിരിച്ചറിയുന്നില്ല
= ദിവാകരൻ തിരിച്ചറിയാത്തതിൽ ദു:ഖിക്കുന്നു
= തിരിച്ചറിഞ്ഞ ദിവാകരൻ നളിനിയെ ആശ്വസിപ്പിക്കുന്നു
= കരഞ്ഞു പ്രാർത്ഥിക്കുന്നവരുടെ ഇഷ്ടം ഈശ്വരൻ സാധിച്ചു കൊടുക്കും. നളിനിയുടെ പ്രാർത്ഥനയ്ക്ക് ഫലമുണ്ടായി
= നളിനിയുടെ മനസ്സ് യുവതിയായിട്ടും മാറ്റം വന്നിട്ടില്ലെന്ന് ദിവാകരൻ മനസ്സിലാക്കുന്നു
= സ്നേഹമുള്ളവർ പിരിഞ്ഞു കൂടിയാൽ ആ സുഖം വികാരനിർഭരമായിരിക്കും
= ഇരുവരുടേയും ലക്ഷ്യവും പ്രായവും മാറിയെന്നും മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്നവരാണ് യഥാർത്ഥ വിവേകികൾ എന്നും ദിവാകരൻ നളിനിയെ ഓർമ്മിപ്പിക്കുന്നു.
= തത്ത്വചിന്താ പ്രദാനമായ വാക്കുക കളിലൂടെ കാവ്യഭാഗം അവസാനിക്കുന്നു.

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1 'പ്രാണനൊടുമൊരു നാൾ ഭവൽ പദം
കാണവാൻ ചിരമഹോ കൊതിച്ചു ഞാൻ
കേണവാണിവിടെ, യേ കുമർഥിയാം
പ്രാണിതൻ പ്രിയ മൊരിക്കലീശ്വരൻ '
അർഥി എന്ന വാക്ക് സൂചിപ്പിക്കുന്നത് ആരെ ?

* ദിവാകരനെ
* നളിനിയെ
* ഈശ്വരനെ
* ജീവനെ

ഉത്തരം: നളിനിയെ

2 "ഭാവശാലികൾ പിരിഞ്ഞു കൂടിയാ –
ലിവിധം വികലമാം സുഖോദയം "
'ഭാവശാലികൾ 'എന്ന പദം നൽകുന്ന സൂചനയേത് ?

* സ്നേഹമുള്ളവർ
* ഭാവനയുള്ളവർ
* വിരഹികൾ
* സംശയിക്കുന്നവർ

ഉത്തരം: സ്നേഹമുള്ളവർ

3 മാതൃകപോലെ മാറ്റിയെഴുതുക

ചാരു ശൈശവകഥ –ചാരുവായ ശൈശവ കഥ

പ്രണയ ചാപലം

ഉത്തരം: പ്രണയത്താലുള്ള ചാപലം

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1 "പൂരിതാഭയൊട്ടു ഷസ്സിൽ മഞ്ഞുതൻ –
ധാരയാർന്ന പനിനീർ സുമോപമം"

പനിനീർ പൂവിന് സമമെന്ന് കവി വിശേഷിപ്പിക്കുന്നതെന്തിനെ ?

ഉത്തര സൂചന :

= നളിനിയുടെ ചുവന്ന് തുടുത്ത മുഖം

2 "ധന്യയായി സപദി കാൺകമൂലമ –
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്

ഈ വരികളിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥയുടെ രണ്ട് സൂചനകൾ എഴുതുക

**ഉത്തര സൂചന :**

= സ്നേഹത്തിന്റെ തീവ്രത

= നളിനിയുടെ സ്നേഹം അനശ്വരമാണ്

3 "പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ ,സപദി വല്ലിയായി നീ "

ഈ വരികളിലെ കാവ്യപരമായ പ്രത്യേകതകൾ എഴുതുക

ഉത്തര സൂചന :

= പ്രാസഭംഗി (ദ്വിതീയാക്ഷരം )

= പ്രയോഗ ഭംഗി (വല്ലിയായി )

## 3 മാർക്കിന്റെ ചോദ്യങ്ങൾ

1 "പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും
ആയതത്വമറിവിന്നു മാർന്നു , – പോപ –
ട്ടായതെന്തിവിടെ വാണിടുന്നു നീ ? "

'ആയതത്വം ' ഈ പദം നൽകുന്ന അർത്ഥ സൂചന കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക

ഉത്തര സൂചനകൾ :

= ഏറെ നാളുകൾക്കുശേഷമുള്ള നളിനീ ദിവാകര സംഗമം

= നളിനിയിലെ പ്രണയ ചാപല്യത്തിന് ഇടമില്ല

= യുവതിയായ നളിനിയിൽ അറിവും പക്വതയും അനുഭവങ്ങളിലൂടെ ആർജിച്ചിരിക്കുന്നു എന്ന ദിവാകരന്റെ ബോധ്യപ്പെടുത്തൽ

2 പ്രിയദർശനം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക

ഉത്തര സൂചന :

= വിരഹിയായ നളിനി ദിവാകരനെ കണ്ടുമുട്ടിയത്

= ദിവാകരന് നളിനിയെപ്പോലെ പ്രണയ ചാപല്യം ഇല്ലെങ്കിലും നളിനിക്ക് ദിവാകരൻ പ്രിയനായി മാറുന്നു

= നളിനിയുടെ ഓർമ്മകളിൽ പ്രിയ നായ ദിവാകരൻ നിറഞ്ഞു നിൽക്കുന്നു.

3 "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി ' ഞാൻ മഹാമതേ "

കാവ്യ സന്ദർഭത്തിൽത്തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

ഉത്തര സൂചന :

= നളിനിയുടെ ദിവാകരനോടുള്ള സ്നേഹത്തിന്റെ തീവ്രത

= ദിവാകരനെ കണ്ടുമുട്ടിയതിൽ സന്തോഷവും തന്നെ തിരിച്ചറിയാത്തതിലുള്ള ദുഃഖവും

= തന്നെ ദിവാകരൻ സ്നേഹിക്കുന്നുണ്ടോ എന്ന സംശയം

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1 "അന്യ ജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ ! "

"അവനവനാത്മസുഖത്തിനാചരിക്കുന്
യപരന്ന് സുഖത്തിനായ് വരേണം "

( ശ്രീനാരായണ ഗുരു)

ഈ വരികളിലെ ജീവിത ദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

ഉത്തര സൂചന

= മനുഷ്യ സ്നേഹത്തെക്കുറിച്ചുള്ള പ്രസക്തമായ വരികൾ

= ജീവിതം പരോപകാര പ്രദമാക്കേണ്ടതിന്റെ ആവശ്യകത

= നാരായണ ഗുരുവിന്റെ ജീവിത ദർശനം തന്നെയാണ് കുമാരനാശാനും പിന്തുടരുന്നത്.

= മറ്റുള്ളവരുടെ ജീവിതത്തിനുതകുന്നവരാണ് യഥാർത്ഥ വിവേകികൾ

2 ചമൽക്കാര ഭംഗി കണ്ടെത്തുക

"ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം;
പരിതാഭയൊടുഷസ്സിൽ മഞ്ഞു തൻ
ധാരയാർന്ന പനിനീർ സുമോപമം"

ഉത്തര സൂചന :

= കരഞ്ഞു തുടുത്ത നളിനിയുടെ മുഖം വർണിക്കുന്നു.
= ദിവാകരൻ തിരിച്ചറിയാത്തതിലുള്ള സങ്കടം
= ഉദയസൂര്യന്റെ പ്രകാശമേറ്റിട്ടാണ് പനിനീർ പൂവ് വികസിക്കുന്നത്
= ദിവാകര സാന്നിധ്യം നളിനിയിൽ നൽകിയ സന്തോഷം
= നളിനിയുടെ മുഖത്തെ പനിനീർ പൂവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു

3 "ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴഞ്ഞി നിന്നവൾ
ഭാവശാലികൾ പിരിഞ്ഞു കൂടിയാ
ലീവിധം വികലമാം സുമോദയം " –നളിനിയുടെ മാനസികാവസ്ഥ വർണിക്കുന്നതിൽ ഇവിടെ കവി എത്രമാത്രം വിജയിച്ചിരിക്കുന്നു.

വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

ഉത്തര സൂചന :

= സ്നേഹമുള്ളവർ പിരിഞ്ഞതിനു ശേഷം വീണ്ടും കണ്ടു മുട്ടുമ്പോഴുള്ള മാനസികാസ്ഥ
= ദിവാകരനെ കണ്ട നളിനിയുടെ സന്തോഷം
= ദിവാകരൻ തിരിച്ചറിയാത്തതിലുള്ള സങ്കടം
= നളിനിയുടെ പ്രതീക്ഷ

## 5 മാർക്കിന്റെ ചോദ്യം

1 ആസ്വാദനം തയ്യാറാക്കുക

*സ്മാരകം*

അപ്പൂപ്പൻ താടിയുടെ പറക്കത്തെ
വിനീതമായ ഒരു ശ്രമമായി കാണണം
ചിറകുകളില്ല
ദേശാന്തരം വിധിച്ചിട്ടില്ല
ആകാശവും സ്വന്തമല്ല
എന്നിട്ടും അതു പറക്കുന്നു
കുഞ്ഞിനെ എന്ന പോലെ
വിത്തിനെ മടിയിൽ വച്ച്
" അതു കാണും സ്വപ്നത്തിലെ
മരത്തിന്റെ തണലിൽ
നാളെയൊരാൾ വന്നിളവേൽക്കും "

എന്ന കവിത അതിനറിയില്ല
അറിവില്ലായ്മയുടെ ഭാരക്കുറവിൽ
അതു പറക്കുന്നു
അതിനെ പക്ഷി എന്നു വിളിക്കാതിരിക്കാൻ
നാം കാണിക്കുന്ന കരുണയിൽ
അതു കുറച്ചുകൂടി ദൂരം പോയേക്കും
ധീരമെങ്കിലും എളിയ അതിന്റെ ശ്രമം
വീണു പോകുന്നിടത്ത്
സ്മാരകമായി
ഉയർന്നു വന്നേക്കും
ആരുമറിയാതെ

നാളെ ഒരു മരം (വീരാൻകുട്ടി)

(മലയാള കവിതയിൽ സ്വന്തമായി ഒരു ശൈലി തേടിയ എഴുത്തുകാരനാണ് വീരാൻകുട്ടി . വീരാൻകുട്ടിക്കവിതകളുടെ ലാളിത്യം ഭാഷയിൽ മാത്രം പ്രകടമാകുന്ന ഒന്നല്ല. പ്രമേയത്തിൽ, കാവ്യബിംബങ്ങളുടെ തെരഞ്ഞെടുപ്പിൽ, പലപ്പോഴും രൂപത്തിൽ ഒക്കെ പ്രകടമാകുന്ന സവിശേഷ സ്വഭാവമാണ് .ചെറുചലനങ്ങളെക്കുറിച്ചും ചെറുവസ്തുക്കളെക്കുറിച്ചും പറയുന്ന വീരാൻകുട്ടിക്കവിതകൾ ചെറുതുകൾക്കൊപ്പം നിൽക്കുന്ന രാഷ്ട്രീയ നിലപാടുകൾ കൂടിയായിത്തീരുന്നുണ്ട്.

'സ്മാരകം'എന്ന കവിതയിൽ ഈ പ്രയോജനത്തെ ഒരു തണലായി കവി വിടർത്തിവെക്കുന്നുണ്ട് അറിവില്ലായ്മയുടെ ഭാരക്കുറവിൽ പറക്കുന്ന അപ്പൂപ്പൻ താടിയുടെ ശ്രമം – എളിയതെങ്കിലും അത് ധീരമാണ്. വീണുപോകുന്നിടത്ത് അതൊരു സ്മാരകമായി ഉയരുമെന്നും മരമായി തണൽ വിരിക്കുമെന്നും വീരാൻകുട്ടി എഴുതുമ്പോൾ ചെറുതെങ്കിലും അർത്ഥപൂർണ്ണമായ ഒരു ജീവിതത്തിന്റെ ചിത്രം നമുക്ക് കിട്ടുന്നു. സ്മാരകം എന്ന കവിതയുടെ ആശയം വീരാൻകുട്ടി കവിതകളുടെ മേൽവിലാസം കൂടിയായിത്തീരുന്നുണ്ട്. ചെറുതിനെക്കുറിച്ച് പറയുന്ന ചെറു കവിതകളാണിവയെങ്കിലും ഇക്കവിതകളും അപ്പൂപ്പൻ താടികളെ പോലെയാണ്. വലിയ ആശയങ്ങളുടെ വിത്തുകളെ അവ വഹിക്കുന്നു .

*ആസ്വാദനം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

x കവിത ഒന്നിലധികം തവണ വായിക്കുക
x കവിതയിലെ പ്രമേയം, കേന്ദ്രാശയങ്ങൾ, കവിതയുടെ പശ്ചാത്തലം, വർണന, വാങ്മയ ചിത്രം, പ്രയോഗ സവിശേഷതകൾ എന്നിവ മനസ്സിലാക്കുക
x കവിത വർത്തമാന കാലത്തോട് എങ്ങനെ സംവദിക്കുന്നു എന്ന് ചിന്തിക്കുക
x വർണനയിലെ ഭാഷാ , സമാനമായ മറ്റ് കവിതകൾ, കവിയുടെ കാഴ്ചപ്പാട് , കവിത നൽകുന്ന സന്ദേശം എന്നിവ മനസ്സിലാക്കുക

*എഴുതുമ്പോൾ ശ്രദ്ധിക്കേണ്ടവ*

* ഉചിതമായ ശീർഷകം

*ആമുഖം: കവിപരിചയം, കവിതാ പരിചയം, കവിതയിലെ പ്രമേയം

* കേന്ദ്രാശയം വിശകലനം ചെയ്യൽ
* അസ്വാദന ഘടകങ്ങൾ (വർണന, വാങ്മയ ചിത്രം, പ്രയോഗ സവിശേഷതകൾ etc..) കണ്ടെത്തിയത് ആശയഅവതരണത്തോടൊപ്പം ക്രമീകരിക്കൽ
* കവിതയുടെ കാലികപ്രസക്തി
* സ്വന്തം നിരീക്ഷണം

## ഒ.വി.വിജയൻ - കടൽത്തീരത്ത് - കഥ

മലയാള കഥാ സാഹിത്യത്തെ സമ്പന്നമാക്കിയ എഴുത്തുകാരിൽ പ്രമുഖനാണ് ഒ.വി വിജയൻ . ഭാവതീവ്രമായ ആഖ്യാനം കൊണ്ട് ശ്രദ്ധേയമായ ഒരു കഥയാണ് കടൽത്തീരത്ത് .വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട തന്റെ മകൻ കണ്ടുണ്ണിയെ കാണാൻ വൃദ്ധനായ വെള്ളായിയപ്പൻ പാഴുതറ ഗ്രാമത്തിന്റെ മുഴുവൻ വേദനയും ഏറ്റുവാങ്ങിക്കൊണ്ട് കണ്ണൂർ ജയിലിലേക്ക് യാത്രയാവുന്നു. പണമില്ലാത്തത് കൊണ്ട് കുടുംബക്കാർക്കോ അയൽവാസികൾക്കോ നിസ്സഹായനായ ആ വൃദ്ധനെ പിൻതുടരാൻ കഴിഞ്ഞില്ല. പാഴുതറയുടെ പ്രതിനിധിയായി ഗ്രാമവാസികളുടെ നിലവിളികൾക്ക് സാക്ഷ്യം വഹിച്ച് അയാൾ നാട്ടുപാതയിലൂടെ നടന്നു.

ഭാര്യ കോടച്ചി നൽകിയ പൊതിച്ചോറുമായി പോകുമ്പോൾ വെള്ളായിയപ്പൻ പലതും ഓർമ്മിച്ചു. അപ്പന്റെ ശവം കുളിപ്പിച്ചത്, മകൻ കണ്ടുണ്ണിയെ കുളത്തിൽ കുളിപ്പിച്ചത് തുടങ്ങിയവയെല്ലാം.

കണ്ണൂർക്ക് ടിക്കറ്റ് വാങ്ങി കാത്തിരിക്കുമ്പോൾ അപരിചിതന്റെ വാക്കുകളിൽ അയാൾക്ക് രസിക്കാനായില്ല. ഒരു കൊലക്കയറിനെപ്പോലെ അത് വെള്ളായിയപ്പന്റെ കഴുത്തിൽ മുറുകി. പുലർച്ചെ വെള്ളായിയപ്പൻ കണ്ണൂരെത്തി. ഓട്ടോ തൊഴിലാളികളുടെ പരിഹാസങ്ങളും ഏറ്റു വാങ്ങി അയാൾ ജയിലിൽ എത്തി. ജയിലിൽ വെച്ച് മകനെ കാണാൻ വെള്ളായിയപ്പന് അനുമതി കിട്ടി. വികാരതീവ്രമായ കണ്ടുമുട്ടലിൽ കണ്ടുണ്ണി തന്റെ നിരപരാധിത്വം വിളിച്ച് പറയുന്നു.

പിറ്റേ ദിവസം വെളുപ്പിന് മകന്റെ മൃതശരീരം പാറാവുകാരനിൽ നിന്ന് ഒരു പേറ്റിച്ചിയെപ്പോലെ ഏറ്റുവാങ്ങി. സംസ്കരണത്തിനു പണമില്ലാത്തതിനാൽ പോലീസുകാർ തോട്ടികളെ ഏർപ്പാടാക്കി. ഉന്തുവണ്ടിയിലൂടെ കൊണ്ടുപോയ കണ്ടുണ്ണിയുടെ ശവം കടപ്പുറത്ത് കുഴിച്ചുമൂടി. കോടച്ചി നൽകിയ പൊതിച്ചോറ് മകനുള്ള ബലിതർപ്പണമെന്നോണം വെള്ളായിയപ്പൻ കടപ്പുറത്ത് വിതറി. ബലിക്കാക്കകൾ അത് സ്വീകരിക്കാനെത്തുന്നതോടെ കഥ അവസാനിക്കുന്നു

## *ഓർമ്മച്ചെപ്പ്*

= ജയിലിനുള്ളിൽ പരസ്പരം കാണുന്ന വെള്ളായിയപ്പനും മകനും കെട്ടിപ്പിടിക്കുകയും മൗനത്താൽ സങ്കടങ്ങൾ കൈമാറുകയും ചെയ്യുന്നു.

= മകന്റെ ഉച്ചസ്ഥായിയിലുള്ള നിശബ്ദമായ നിലവിളിക്ക് മുന്നിൽ വെള്ളായിയപ്പൻ പകച്ചു പോകുന്നു .

= മനസ്സും ശരീരവും തളർന്ന്ജയിൽ പരിസരത്ത് കാത്തുനിൽക്കുന്ന വൃദ്ധ പിതാവ്.

= വധശിക്ഷ അറിയിച്ചുകൊണ്ടുള്ള കൊമ്പ് വിളി വെള്ളായിയപ്പൻ തിരിച്ചറിയുന്നില്ല.

= ഒരു പേറ്റിച്ചിയെ പോലെ മകന്റെ ശരീരം ഏറ്റുവാങ്ങുന്ന വെള്ളായിയപ്പൻ.

= മകന്റശരീരം സംസ്കരിക്കാൻ കഴിവില്ലാതെ നിസ്സഹായനായ വെള്ളായിയപ്പൻ.

= കണ്ടുണ്ണിയുടെ ശരീരം വെളിമ്പ്രദേശത്ത് സംസ്കരിക്കുന്നു.

= മണ്ണ് മൂടുന്നതിനു മുൻപ് കണ്ടുണ്ണിയുടെമുഖം ഒരു നോക്ക് കാണുകയും ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിക്കുകയും യും ചെയ്യുന്ന വെള്ളായിയപ്പൻ.

= ആദ്യമായി കടൽ കാണുന്ന വെള്ളായിയപ്പൻ.

= യാത്രയിലുടനീളം വെള്ളായിയപ്പന്റെ കൈയ്യിൽ ഉണ്ടായിരുന്ന പൊതിച്ചോറ് കഥാവസാനം ബലിച്ചോറായി മാറുന്നു.

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1 മാതൃകപോലെ മാറ്റിയെഴുതുക

നെടുവരമ്പ് – നെടു തായവരമ്പ്

പുഴമണൽ

ഉത്തരം: പുഴയിലെ മണൽ

2 "കാരണവർക്കു താൽപര്യമുള്ള പോലെ ശവം സംസ്കരിക്കാം " വേണ്ട. എനിക്ക് താൽപര്യമില്ല "

വെള്ളായിയപ്പന്റെ വാക്കുകളിൽ നിഴലിക്കുന്ന ഭാവം ?

* രോഷം

* നിസ്സഹായാവസ്ഥ

* സഹതാപം

3 "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ! "

ഈ വാക്കുകൾ ധ്വനിപ്പിക്കുന്നത് എന്ത്? * കടം വാങ്ങുന്നത് പാപമാണ്

* കടം വാങ്ങിയ ആൾ കൊടുക്കാതിരുന്നാൽ ദൈവത്തിന് നഷ്ടമാണ്

* കടം വാങ്ങിയ വ്യക്തിയുടെ നിസ്സഹായാവസ്ഥ കാരണം ദൈവം പൊറുക്കും

## 2 മാർക്കിന്റെ ചോദ്യങ്ങൾ

1 "പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി "

വെള്ളായിയപ്പനെ തളർത്തിയ അനുഭവങ്ങൾ എന്തെല്ലാം ? രണ്ട് സൂചനകൾ എഴുതുക

ഉത്തര സൂചനകൾ

= അപ്പന്റെ ശവത്തെ കുളിപ്പിച്ചത്

= മകനെ കുട്ടിക്കാലത്ത് കുളിപ്പിച്ചത്

2 'രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്' .

"കടൽത്തീരത്ത് എന്ന കഥയിലെ സംഭാഷണങ്ങൾക്കിടയിലെ മൗനം കഥയെ ഭാവസാന്ദ്രമാക്കുന്നു. "

ഈ പ്രസ്താവനയ്ക്ക് അനുയോജ്യമായ സന്ദർഭങ്ങളിൽ രണ്ടെണ്ണം എഴുതുക

ഉത്തര സൂചന :

= വെള്ളായിയപ്പൻ കുട്ട്യസ്സൻ മാപ്പിളയെ കണ്ടുമുട്ടുന്ന സനർഭം

= നീലിയുമായി വെള്ളായിയപ്പൻ നടത്തുന്ന സംഭാഷണം

## 3 മാർക്കിന്റെ ചോദ്യങ്ങൾ

1 "ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന "

"ഗദ്യഭാഷയും കാവ്യാത്മകമാണ്. " കഥയിലെ കാവ്യാത്മകമായ മറ്റ് സന്ദർഭങ്ങൾ കൂടി കണ്ടെത്തി ഗദ്യഭാഷയിൽ കാവ്യാത്മക പ്രയോഗം നടത്തുന്നതിന്റെ സാധുതയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

ഉത്തര സൂചന :

= കഥാസന്ദർഭത്തിന്റെ ഭാവതീവ്രത ആവിഷ്കരിക്കാൻ

= കഥാപാത്രത്തിന്റെ മാനസികാവസ്ഥ സൂചിപ്പിക്കാൻ

= കഥയിലെ ഭാവപ്രപഞ്ചം വ്യക്തമാക്കാൻ

= വികാരവിചാരങ്ങളെ ചുരുങ്ങിയ വാക്കുകളിൽ വർണിക്കാൻ

2 'ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരി കുന്നതു പോലെ '

"പുത്രസ്നേഹത്തിന്റെ ഉദാത്ത മാതൃകയാണ് വെള്ളായിയപ്പൻ " – പ്രസ്താവനയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

ഉത്തര സൂചന :

= യാത്രയിലുടനീളം മകനെക്കുറിച്ചുള്ള മായാത്ത ഓർമ്മകൾ

= മകന്റെ മൃതദേഹത്തിനായി കാത്തിരിക്കുന്ന നിസ്സഹായാവസ്ഥ

## 4 മാർക്കിന്റെ ചോദ്യങ്ങൾ

1 "അച്ഛനും മകനും നേരോട്ടു നേരായി തെല്ലിട നേരം നിന്നു. വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. "

വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു : "മകനേ !"

കഥയെ ഭാവസാന്ദ്രമാക്കുന്നതിൽ ഇത്തരം മുഹൂർത്തങ്ങൾ എത്രമാത്രം അനുയോജ്യമാണ്. മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വിലയിരുത്തുക

ഉത്തര സൂചന :

= ജയിലിൽ അച്ഛനും മകനും തമ്മിൽ കണ്ടുമുട്ടുന്ന രംഗം

= മകന്റെ മൃതദേഹത്തിനായി കാത്തിരിക്കുന്ന രംഗം

= മകന്റെ മൃതദേഹം സംസ്കരിക്കാൻ കടൽപ്പുറത്തെത്തിയ രംഗം

2 " വെള്ളായിയപ്പൻ തനിച്ചായി . ചോറു പൊതി അഴിക്കാൻ തോന്നിയില്ല. " യാത്രയിൽ ഞാൻ അതുകഴിക്കാതെ ഇവിടം വരെ എത്തിച്ചു. "ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ. "

" വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു "

കടൽത്തീരത്ത് എന്ന കഥയിൽ പൊതിച്ചോറ് (പാഥേയം) വഹിക്കുന്ന പങ്ക് കഥാസന്ദർഭം പരിഗണിച്ച് വിശദമാക്കുക

ഉത്തര സൂചന :

= വെള്ളായിയപ്പന് യാത്രയ്ക്കിടയിൽ കഴിക്കുന്നതിന് ഭാര്യ കോടച്ചി നൽകിയതാണ് പൊതിച്ചോറ്

= വെള്ളായിയപ്പന്റെ യാത്രയിലുടനീളം പൊതിച്ചോറ് കൈയിലുണ്ടായിട്ടും സങ്കടം കാരണം കഴിക്കാൻ സാധിച്ചിരുന്നില്ല

= കഥയുടെ ആദ്യാവസാനം പൊതിച്ചോറിന് പ്രസക്തിയുണ്ട്

= കഥയുടെ വൈകാരിക സന്ദർഭത്തിന് സാക്ഷി

= പൊതിച്ചോറ് മകനുള്ള ബലിച്ചോറായി (പാഥേയം) മാറുന്നു.

## 5 മാർക്കിന്റെ ചോദ്യം

1 "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി "

"സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല "

" മണ്ണു മൂടുന്നതിന് മുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു "

(കടൽത്തീരത്ത് )

ഉചിതമായ മറ്റു കഥാ സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക

ഉത്തര സൂചനകൾ :

= മകന്റെ മരണശിക്ഷയ്ക്ക് സാക്ഷിയാകാൻ യാത്രയാവുന്ന നിഷ്കളനും നിരക്ഷരനും ഗ്രാമീണനുമായ വെള്ളായിയപ്പൻ

= വാക്കുകളിൽ തളം കെട്ടി നിൽക്കുന്ന മൗനത്തിലൂടെ കഥാപാത്രത്തിന്റെ മാനസികവ്യഥ വ്യക്തമാകുന്നു

= യാത്രയിലുടനീളം കഥാപാത്രത്തെ അലട്ടുന്ന ഓർമ്മകൾ
= അപരിചിതന്റെ വാക്കുകൾ അസഹനീയമായി മാറുന്നു
= വാർഡന്റെ കുത്തുവാക്കുകൾ കഥാപാത്രത്തിന് കൊലക്കയർ പോലെ അനുഭവപ്പെടുന്നു.
= അപ്പനും മകനും തമ്മിലുള്ള സ്നേഹ ബന്ധം
= നിസ്സംഗത അനുഭവിക്കുന്ന കഥാപാത്രം
= കഥാപാത്രത്തിന്റെ അന്തഃസംഘർഷങ്ങൾ

## യൂണിറ്റ് 3
## സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

**പ്രലോഭനം**
**യുദ്ധത്തിന്റെ പരിണാമം**
**ആത്മാവിന്റെ വെളിപാടുകൾ .**

**അസൂയാലുവും അസംതൃപ്തനുമായ പുഷ്കരൻ, തന്റെ ബലഹീനതകളിൽ ആകുലനായി കലിദ്വാപരൻമാർക്ക് വിധേയനാകുന്ന പ്രലോഭനമെന്ന പാഠഭാഗവും മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തി വെയ്ക്കുന്ന ഭയങ്കരമായ ദുരന്തത്തെ വിശകലം ചെയ്യുന്ന കുട്ടികൃഷ്ണമാരാരുടെ യുദ്ധത്തിന്റെ പരിണാമവും ലോകപ്രശസ്തയെഴുത്തുകാരനായ ദസ്തയേവ്സ്കിയുടെ മാനസിക സംഘർഷങ്ങളെ അനാവരണം ചെയ്യുന്ന ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗവുമാണ് യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**

## പ്രലോഭനം

**ദമയന്തിയുടെ സ്വയംവരത്തിൽ പങ്കെടുക്കാൻ വരുന്ന കലിദ്വാപരന്മാർ വഴിയിൽവെച്ച് ദമയന്തി നളനെ വരിച്ചവിവരം അറിയുന്നു. ഇതിൽ കോപാകുലനായ കലി നളദമയന്തിമാരെ തമ്മിൽലകറ്റി രാജ്യത്തിന് പുറത്താക്കുമെന്ന് ശപഥം ചെയ്യു. അതിനായി കലി, നള സഹോദരനായ പുഷ്കരനെ സമീപിച്ച് പ്രലോഭിപ്പിക്കുന്നതാണ് പാഠസന്ദർഭം**

**<u>ഓർമ്മച്ചെപ്പ്</u>**

- ➔ **കോപത്തിനും മത്സരത്തിനും വിധേയനായ കലി, ദ്വാപരന്റെ ഒപ്പം ഭൂമിയിലേക്ക് വരുന്നു.**
- ➔ **പുഷ്കരനെ സമീപിച്ചു അയാൾക്ക് രാജ്യവും സമ്പത്തുമൊക്കെ ലഭിക്കുമെന്ന് പ്രലോഭിപ്പിക്കുന്നു.**

## 1 മാർക്കിന്റെ ചോദ്യങ്ങൾ

1, "പുഷ്കര! നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ" കലിയുടെ ഉപദേശത്തിലൂടെ വെളിപ്പെടുന്നതെന്ത്

(a) നളനുമായി ചേർന്ന് രാജ്യ ഭരണം നടത്തുക

(b) സ്വന്തമായി രാജ്യം കെട്ടിപ്പടുക്കുക

(c) ശ്രമിച്ചാൽ നിനക്ക് പലതും നേടാനാവും

ഉത്തരം - ശ്രമിച്ചാൽ നിനക്ക് പലതും നേടാനാവും

2. "സ്വാപദേ സ്വയമചോദയജ്ജളം

സ്വാപതേയഹരണായ പുഷ്കരം "ജളൻ എന്ന് പുഷ്കരനെ വിശേഷിപ്പിക്കുന്നതിനുള്ള ന്യായീകരണമെന്ത്?

(a) അപരിചിതരോട് തന്റെ മനോഗതം തുറന്നു പറഞ്ഞതിനാൽ .

(b) അസൂയയും ദൗർബല്യങ്ങളുമുള്ള വ്യക്തിയായതിനാൽ .

(c) രാജാധികാരം ഇല്ലാത്തവനാകയാൽ

ഉത്തരം - അപരിചിതരോട് തന്റെ മനോഗതം തുറന്നുപറഞ്ഞതിനാൽ

3. "ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ "

വരികളിൽ തെളിയുന്ന പുഷ്കരന്റെ മനോഭാവകമന്ത് ?

a) നിരാശ

b) അസൂയ

c) സങ്കടം

ഉത്തരം - നിരാശ

## 2 മാർക്കിന്റെ ചോദ്യങ്ങൾ

4. "വൈരി വൈരസേനിക്കിഹ ഞാൻ കലി

തവ ഞാൻ മിത്രം, തസ്യ നാട്ടു ഞാൻ

തേ തരുന്നു, ചൂതു പൊരുക പോരിക" .

ഇവിടെ തെളിയുന്ന കലിയുടെ ഉദ്ദേശങ്ങളെന്ത് ?

ഉത്തര സൂചന

- ➔ ശത്രുവിന്റെ ശത്രുവിനെ മിത്രമായി കരുതുക
- ➔ കുതന്ത്രത്തിലൂടെ നളനെ സ്ഥാനഭ്രഷ്ടനാക്കുക

## 3 മാർക്കിന്റെ ചോദ്യങ്ങൾ

5. പ്രലോഭനം എന്ന ശീർഷകത്തിന്റെ ഔചിത്യമെന്ത്?

ഉത്തര സൂചന

- ➢ പ്രലോഭനം എന്ന വാക്കിന് മോഹിപ്പിക്കുക, പ്രലോഭിപ്പിക്കുക എന്നാണർത്ഥം

- രാജ്യമോ അധികാരമോ സ്വന്തമായി ഇല്ലാത്തതിനാൽ അസൂയയും അപകർഷതാബോധവുമുള്ളവനുമാണ് പുഷ്കരൻ
- അയാളുടെ മാനസികാവസ്ഥയെ നന്നായി പ്രതിഫലിപ്പിക്കാൻ ശീർഷകത്തിന് കഴിയുന്നുണ്ട്.

6 "നമുക്കില്ല നാട്ടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻ പടയും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളു മുറ്റും"
വരികളിൽ നിന്ന് പുഷ്കരനെക്കുറിച്ച് ലഭ്യമാകുന്ന വിവരങ്ങളെന്തൊക്കെയാണ്?
ഉത്തര സൂചന

- പ്രലോഭനമെന്നപാഠഭാഗത്തിലെ പ്രതിനായകനാണ് പുഷ്കരൻ .
- അധികാരമോ ശക്തിയോ ഇല്ലാത്തതിനാൽ നിരാശനായവൻ.
- ക്ഷത്രിയൻ എന്ന പേര് മാത്രം സ്വന്തമായുള്ളവൻ.

## 4 മാർക്കിന്റെ ചോദ്യം

7. "ധനവും ധാന്യം നാട്ടുമൊക്കെയും കൈക്കലാക്കിയവനെ വിട്ടുക വനഭുവി "......
കാവ്യഭാഗം വിശകലനം ചെയ്ത് കലിയുടെ സ്വഭാവസവിശേഷതകൾ വിലയിരുത്തുക
ഉത്തര സൂചന

- ചൂതുകളിയിലൂടെ നളനെ പരാജയപ്പെടുത്തുവാൻ പുഷ്കരനെ കലി ഉപദേശിക്കുന്നു.
- രാജ്യം,ധനം,സമ്പത്ത് എന്നിവയെല്ലാം പുഷ്കരന് ലഭിക്കുമെന്ന് പറഞ്ഞു പ്രലോഭിപ്പിക്കുന്നു.
- നളചരിതത്തിലെ ദുഷ്ടനായ ഒരു കഥാപാത്രമാണ് കലി .
- സമ്പത്തുക്കളെല്ലാം അപഹരിക്കുന്ന മോഷ്ടാവിന്റെ മാനസികാവസ്ഥയാണ് കലിക്കുള്ളത്.

## 5.മാർക്കിന്റെ ചോദ്യം

8. "നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ "
നളചരിതത്തിലെ പുഷ്കരൻ തന്റെ കർമ്മത്തെക്കുറിച്ച് ബോധവാനാണെങ്കിലും മനുഷ്യ സഹജമായ ദൗർബല്യങ്ങളാണ് അയാളെ നയിക്കുന്നത്. പ്രസ്താവനയോട് പ്രതികരിക്കുക.
ഉത്തര സൂചന

- നളചരിതത്തിലെ ഒരു അപ്രധാന കഥാപാത്രമാണ് പുഷ്കരൻ .
- എന്നാൽ നളചരിതത്തിൽ ഉണ്ണായിവാരിയർ പുഷ്കരനെ ഒരു പ്രതിനായകനാക്കി അവതരിപ്പിച്ചു .
- മനുഷ്യസഹജമായ അസൂയയും നിരാശയും സ്വാർത്ഥതയും നിറഞ്ഞ കഥാപാത്രമാണ് പാഠഭാഗത്തിലെ പുഷ്കരൻ

- അധികാരമോഹം, കർമ്മഫലത്തെ കുറിച്ചുള്ളചിന്ത, മൂഢത്വം തുടങ്ങിയവ അയാളുടെ സ്വഭാവ സവിശേഷതയാണ്.
- വർത്തമാനകാല സമൂഹത്തിലും ഇത്തരം വ്യക്തികളെ കണ്ടെത്താവുന്നതാണ്.

9. പുഷ്കരന് രാജ്യം നഷ്ടമാകാതിരിക്കാൻ എന്തെല്ലാം തന്ത്രങ്ങളാണ് കലി ഉപദേശിക്കുന്നത് ?

ഉത്തര സൂചന

- ദമയന്തിയെ സ്വന്തമാക്കാൻ പറ്റാത്തതിലുള്ള അമർഷമാണ് കലിക്കുള്ളത്.
- നളദമയന്തിമാരെ തമ്മിൽ അകറ്റുമെന്ന് അയാൾ ശപഥം ചെയ്യുന്നു.
- പ്രതിജ്ഞ നിറവേറ്റാൻ നളന്റെ അനുജനായ പുഷ്കരനെ വശത്താക്കുന്നു.
- ചൂതുകളിയിലൂടെ എല്ലാനേടാമെന്നും തന്നെ വിശ്വസിച്ചാൽ മാത്രം മതിയെന്നും ഉപദേശിക്കുന്നു

## യുദ്ധത്തിന്റെ പരിണാമം

മഹാഭാരതത്തിലെ കഥയുടേയും കഥാപാത്രങ്ങളുടേയും കാലികപ്രസക്തി ചർച്ചചെയ്യുന്ന കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനം എന്ന കൃതിയിലെ ഒരു ഭാഗമാണ് യുദ്ധത്തിന്റെ പരിണാമം. ധർമ്മയുദ്ധം എന്നറിയപ്പെടുന്ന കുരുക്ഷേത്രയുദ്ധം സഹോദരങ്ങൾ തമ്മിലായിരുന്നു. എല്ലാ യുദ്ധവും നാശം മാത്രമേ സമ്മാനിക്കുന്നുള്ളൂ. അതിന്റെ ദുരന്തഫലങ്ങൾ തലമുറകളോളം അനുഭവിക്കേണ്ടിവരുന്നു. ഈ സത്യമാണ് കുരുക്ഷേത്രയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ വ്യാസൻ അവതരിപ്പിച്ചിരിക്കുന്നതെന്ന് കുട്ടികൃഷ്ണമാരാർ വിലയിരുത്തുന്നു.

ഓർമ്മച്ചെപ്പ്

- ധർമ്മയുദ്ധമെന്ന് പേരുകേട്ട കുരുക്ഷേത്രയുദ്ധത്തിനുമുമ്പ് ഇരുപക്ഷവും തമ്മിൽ ഉണ്ടാക്കിയ കരാറുകൾ മിക്കതും പാലിക്കപ്പെട്ടിട്ടില്ല.
- ദുര്യോധനനെ ഭീമൻചതിപ്രയോഗത്തിലൂടെയാണ് വീഴ്ത്തിയത്.
- ദ്രൗണി പാണ്ഡവരുടെ ശിബിരത്തിൽ എത്തി. അവിടെയുണ്ടായിരുന്നവരെയെല്ലാം വധിച്ചു .
- ദുര്യോധനന്റെ സ്വഭാവമഹിമകളെ കുട്ടികൃഷ്ണമാരാർ പാഠഭാഗത്തിൽ ചൂണ്ടിക്കാണിക്കുന്നു.
- പകയുടെയും പ്രതികാരത്തിന്റേയും പ്രതീകമാണ് ദ്രൗണി .
- മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവെക്കുന്ന ദുരന്തങ്ങളെ വരച്ചുകാട്ടാനും കൂടിയാണ് വ്യാസൻ മഹാഭാരതം രചിച്ചിട്ടുള്ളത്.

## ഒരു മാർക്കിന്റെ ചോദ്യങ്ങൾ

1.താഴെ പറയുന്നതിൽ ഏത് യുദ്ധ നിയമത്തിനെതിരായിട്ടാണ് ഭീമൻ പ്രവർത്തിച്ചത്?

a) പ്രമാദം പറ്റിയവനെ ഉപദ്രവിക്കുന്നത്

b) മറ്റൊരാളെ നേരിടുന്നവനെ ആക്രമിക്കുന്നത്.

c) ഓർക്കാതെയും ക്ഷീണിച്ചുമിരിക്കുന്നവനെ ആക്രമിക്കുന്നത്.

ഉത്തരം - ഓർക്കാതെയും ക്ഷീണിച്ചുമിരിക്കുന്നവനെ ആക്രമിക്കുന്നത്

2 ശപിക്കപ്പെട്ടവൻ എന്ന വാക്ക് മുഴുവനർത്ഥത്തിൽ വല്ലവരെയും പറ്റിയും പറയാമെങ്കിൽ ; "

ഈ പരാമർശം മഹാഭാരതത്തിലെ ഏത് കഥാപാത്രത്തെക്കുറിച്ചാണ്?

a) ദുര്യോധനൻ

b) ഭീമൻ

c) ദ്രോണർ

d) ദ്രൗണി

ഉത്തരം -ദ്രൗണി

3. "ഭാരതമാകട്ടെ നടന്നകഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു ". വാക്യം സൂചിപ്പിക്കുന്നത്?

a) മഹാഭാരതകഥ ഏത് രാജ്യത്തും പ്രസക്തമാണ്.

b) മഹാഭാരതകഥയിലാവിഷ്കരിക്കപ്പെട്ട ആശയങ്ങൾക്ക് എക്കാലവും പ്രസക്തിയുണ്ട്

c) ലോകത്ത് യുദ്ധമെന്നത് ഒഴിവാക്കാനാവാത്ത ഒന്നാണ്.

ഉത്തരം

മഹാഭാരതകഥയിലാവിഷ്കരിക്കപ്പെട്ട ആശയങ്ങൾക്ക് എക്കാലവും പ്രസക്തിയുണ്ട്.

## 2 മാർക്കിന്റെ ചോദ്യങ്ങൾ

4 "അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യക്ക് ജയഘോഷത്തോടെ കൂടാരങ്ങളിലേക്ക് തിരിച്ചു".- പാണ്ഡവരുടെ വിജയത്തെ വല്ലപാടും നേടിയ വിജയം എന്ന് വിശേഷിപ്പിച്ചതിന്റെ സാംഗത്യമെന്ത്?

ഉത്തരം-

➔ ചതിയിലൂടെയും അധർമ്മത്തിലൂടെയും യുദ്ധവിജയം നേടിയതിനെ

➔ തെറ്റായ മാർഗത്തിലൂടെ വിജയിച്ചതിനെ.

➔ കരാറുകൾ ലങ്കിച്ചു.

5. "ആർക്കുള്ളു എന്റേതിനേക്കാൾ നല്ല അവസാനം " . ഈ പ്രസ്താവനയ്ക്ക് അടിസ്ഥാനമായ രണ്ട് സൂചനകൾ എഴുതുക ?

ഉത്തരം

➔ ദുര്യോധനൻ യജ്ഞം ചെയ്തു , ഭരിക്കേണ്ടവരെ ഭരിച്ചു, ഭൂമിയടക്കിവാണു, ശത്രുക്കളുടെ തലയിൽ കാൽവച്ചു.

<u>3 മാർക്കിന്റെ ചോദ്യം</u>

6. "ആ ഹൃദയോന്നതിക്കുമുമ്പിൽ, ആഭിജാത്യത്തിന് മുമ്പിൽ, ഒരിറ്റു കണ്ണുനീർ തൂകാതിരിക്കാൻ ആർക്കും സാധിക്കും"

യുദ്ധത്തിന്റെപരിണാമം - കുട്ടികൃഷ്ണമാരാർ

കുട്ടികൃഷ്ണമാരാരുടെ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

➔ യുദ്ധത്തിൽ തുടചതഞ്ഞ് പ്രാണവേദനയോടെ കിടക്കുന്ന ദുര്യോധനൻ.

➔ ദുര്യോധനൻ മാതാപിതാക്കളേയും ഭാര്യയും ഓർക്കുന്നതിനുമുൻപ്. സ്വസഹോദരിയെക്കുറിച്ചോർത്ത് വ്യസനിക്കുന്നു.

7. "എനിക്ക് ഭീഷ്മരും കർണ്ണനും ദ്രോണരും കൂടി ചെയ്തു തരാത്തത് നിങ്ങൾ മൂന്നുപേരും കൂടി ചെയ്തുതന്നു " .

യുദ്ധത്തിന്റെപരിണാമം - കുട്ടികൃഷ്ണമാരാർ

ഇവിടെ ദുര്യോധനൻ എന്തിനെക്കുറിച്ചാണ് പരാമർശിക്കുന്നത് ?

ഉത്തര സൂചന

➔ കൃപരും കൃതവർമ്മാവും അശ്വത്ഥാമാവും ചേർന്ന് പാണ്ഡവരോട് പ്രതികാരം ചെയ്തു.

➔ പാണ്ഡവപാളയത്തിൽ നാശം വിതച്ചു.

➔ പഞ്ചാലിയുടെ മക്കൾ,ധൃഷ്ടദ്യുമ്നൻ,ശിഖണ്ഡിയേയും വധിച്ചു.

<u>4 മാർക്കിന്റെ ചോദ്യം</u>

8. " സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി" ഈ ഉപമയിലൂടെ വിവക്ഷിക്കുന്നതെന്ത് ?

ഉത്തര സൂചന

➔ അധർമ്മത്തിലൂടെ പാണ്ഡവർ നേടിയ വിജയം പരാജയമായി.

➔ പാണ്ഡവപാളയത്തിൽ അശ്വത്ഥാമാവ് നാശം വിതച്ചു.

➔ മഹാവിജയം നേടിയെന്ന് കരുതുമ്പോഴും സന്തതിപരമ്പരകൾ നഷ്ടപ്പെടുന്നതിന്റെ മഹാവ്യഥയെ സൂചിപ്പിക്കുന്നു.

**9.** **"ശ്രീയെയെന്നപോലെ ചേട്ടയേയും ഭഗവതിയായിക്കണ്ട ആർഷസംസ്കാരം വ്യാസനെയെന്നപോലെ അശ്വത്ഥാമാവിനേയും ചിരഞ്ജീവിയെന്നുവാഴ്ത്തുന്നത് ഒരിക്കലും നിരർത്ഥകമല്ല " . അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി വാഴ്ത്തുന്നതിന്റെ ഔചിത്യമെന്ത്?**

**ഉത്തര സൂചന**

- **പകയുടെയും പ്രതികാരത്തിന്റെയും പ്രതീകമാണ് അശ്വത്ഥാമാവ് .**
- **വിലപിടിച്ചത് പലതും നഷ്ടപ്പെട്ടാലും ശത്രുവിനെ വേരോടെ പിഴുതെടുത്തേയടങ്ങൂ എന്നുള്ള വാശിയാണ് അശ്വത്ഥാമാവിന്.**
- **ഇതിനൊക്കെ അടിസ്ഥാനമായ പക സർവ്വവ്യാപിയാണ് . അതുകൊണ്ട് അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കല്പിച്ചിരിക്കുന്നത് .**

<u>**5 മാർക്കിന്റെ ചോദ്യം**</u>

**10.** **പാഠഭാഗത്ത് പരാമർശിക്കുന്ന അശ്വത്ഥാമാവിന്റെ സ്വഭാവ സവിശേഷതകൾ വിലയിരുത്തി കഥാപാത്ര നിരൂപണം തയാറാക്കുക ?**

**ഉത്തര സൂചന**

- **ദുര്യോധനന്റെ കിടപ്പുകണ്ട് പൊട്ടിക്കരഞ്ഞ അശ്വത്ഥാമാവ് പാണ്ഡവകുലം മുടിക്കുമെന്ന് ശപഥം ചെയ്തു.**
- **അശ്വത്ഥാമാവും കൂട്ടരും പാണ്ഡവ ശിബിരത്തിൽ കയറി അരുംകൊല നടത്തി.**
- **ദുഷിച്ച മനസ്സിന്റെ ഉടമ പിശാചിനെ പോലെ പ്രവർത്തിക്കും. ശപിക്കപ്പെട്ടവൻ എന്ന വാക്കിന് പൂർണ്ണ അർത്ഥത്തിൽ അർഹനാണ് അശ്വത്ഥാത്മാവ് .**

## ആത്മാവിന്റെ വെളിപാടുകൾ

**പ്രശസ്ത റഷ്യൻ എഴുത്തുകാരനാണ് ദസ്തയേവ്സ്കി. സ്റ്റെനോഗ്രാഫറായ അന്നയുമൊത്തുള്ള രണ്ടാഴ്ച കാലത്തെ ദസ്തയേവ്സ്കിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി മലയാളത്തിലെ പ്രമുഖ നോവലിസ്റ്റ് പെരുമ്പടവം ശ്രീധരൻ എഴുതിയ നോവലാണ് ഒരു സങ്കീർത്തനം പോലെ. ഈ നോവലിലെ പത്താം അധ്യായമാണ് ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗം. ആത്മസംഘർഷങ്ങൾക്ക് അടിമപ്പെട്ടു പോകുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിൽ വെളിച്ചം പകർന്നുകൊണ്ട് കടന്നുവന്ന അന്ന എന്ന പെൺകുട്ടി ചെലുത്തിയ സ്വാധീനമാണ് എടുത്ത് പറയേണ്ടത്.**

<u>**ഓർമ്മച്ചെപ്പ്**</u>

- **തോൽവികളും തകർച്ചകളും അപമാനങ്ങളും ഒറ്റപ്പെടലുകളും കൊണ്ട് തകർന്നു പോയ ജീവിതമാണ് തന്റേതെന്ന് ദസ്തയേവ്സ്കി ആകുലതപ്പെടുന്നു.**

➔ ജീവിതത്തിൽ പലതും ചെയ്തുതീർക്കാനുണ്ട് എന്ന ശുഭാപ്തിവിശ്വാസം അദ്ദേഹത്തിൽ ഉണ്ടാകുന്നു.

➔ സാമ്പത്തികപ്രതിസന്ധിയുണ്ടെങ്കിലും മേരിയായുടെ മകനായ പാഷയുടെയും ജ്യേഷ്ഠന്റെ അനാഥമായ കുടുംബത്തിനുവേണ്ടിയും ഓരോ പ്രാരാബ്ധങ്ങൾ എടുത്തു വയ്ക്കുന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു.

➔ ജീവിതത്തിലെ ചെറിയപരാജയങ്ങളും നഷ്ടങ്ങളും താങ്ങാനാവാതെ കടുത്ത മാനസിക സംഘർഷങ്ങൾക്കും ലഹരികൾക്കും അടിമകളാകുകയും അതുവഴി ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന പുതിയ തലമുറയ്ക്ക് അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ഒരു വഴികാട്ടിയാണ്.

➔ സ്റ്റെനോഗ്രാഫർ ആയിട്ട് എത്തുന്ന അന്നയുടെ സ്വാധീനം എഴുത്തുകാരന് കൂടുതൽ പ്രചോദനമാകുന്നു.

**<u>1 മാർക്കിന്റെ ചോദ്യങ്ങൾ</u>**

1. "ഇത് നിലമുഴുന്നതു പോലെയും പാറപൊട്ടിക്കുന്നത് പോലെയോ അല്ല ആത്മാവിന്റെ വെളിപാടുകളാണ് " ഇവിടെ സൂചിപ്പിക്കുന്നത്

   a. മദ്യപാനം  b. പ്രാർത്ഥന

   c. നോവലെഴുത്ത്  d. ഉറക്കം

   ഉത്തരം -നോവലെഴുത്ത്

2. "നീ എന്റെ ഹൃദയത്തിന്റെയകത്താണോ നിൽക്കുന്നത" ? എന്ന ചോദ്യത്തിന്റെ ആശയവുമായി ഏറ്റവും പൊരുത്തപ്പെടുന്ന വാക്യമേതാണ്

   a) കഥാകൃത്തിന്റെ ജീവിത രഹസ്യങ്ങൾ മനസ്സിലാക്കിയവൾ.

   b) കഥാകൃത്തിനെ വിടാതെ പിന്തുടരുന്നവൾ.

   c) എഴുത്തുകാരന്റെ കഥാപാത്രങ്ങളുടെ സൃഷ്ടി രഹസ്യം മനസ്സിലാക്കിയവൾ.

   ഉത്തരം - എഴുത്തുകാരന്റെ കഥാപാത്രങ്ങളുടെ സൃഷ്ടി രഹസ്യം മനസ്സിലാക്കിയവൾ .

3. "മഹാനോ?അട്ട ! എഴുത്തുകാരന്റെ രക്തം ഊറ്റിക്കുടിക്കുന്ന അട്ട . അല്ലെങ്കിൽ ചെകുത്താൻ" ഈ പ്രസ്താവനയിൽ പരാമർശിക്കുന്ന വ്യക്തിയാരാണ് ?

   a) പുഷ്കിൻ

   b) സ്റ്റെല്ലോവ്സ്കി

   c) മേരിയായോ

   d) ദസ്തോവ്സ്കി

   ഉത്തരം -സ്റ്റെല്ലോവ്സ്കി.

## 2 മാർക്കിന്റെ ചോദ്യങ്ങൾ

**4.** "ആകാശത്തിന്റെനിഴൽപോലെ ഭൂമിയിൽ വെളിച്ചമുണ്ട് " . ഈ വാക്യത്തിന്റെ സവിശേഷ സൂചനകൾ എഴുതുക ?

ഉത്തരം

➔ പുലർച്ചയ്ക്കുമുമ്പുള്ള അരണ്ടവെളിച്ചം നിഴൽ പോലെ തോന്നിക്കുന്നു.

➔ ദസ്തയേവ്സ്കിയുടെ മനസ്സിന്റെ വെളിച്ചത്തെയാണ് വരികളിൽ സൂചിപ്പിക്കുന്നത്.

**5.** "അവൾ പോയ്ക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് ഞാനറിയുന്നത്" .ഈ വരികൾക്ക് ദസ്തയേവ്സ്കിയുടെ ജീവിതത്തിലുള്ള പ്രാധാന്യമെന്ത്?

ഉത്തരം

➔ ഭാര്യ മേരിയോടുള്ള ദസ്തയേവ്സ്കിയുടെ അഗാധമായ സ്നേഹം .

➔ നഷ്ടമാകുമ്പോഴാണ് സ്നേഹബന്ധത്തിന്റെവില തിരിച്ചറിയുന്നത്.

## 3.മാർക്കിന്റെ ചോദ്യം

**6.** "അതിനേക്കാൾ പ്രയാസമുള്ള എന്ത് പണിയാണ് ഈ ഭൂമിയിലുള്ളത് ? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത് " - പ്രയാസമുള്ള പണി എന്താണ്?

ഉത്തരസൂചന

➔ പുതുതായി എഴുതാൻ പോകുന്ന നോവലിനെക്കുറിച്ചുള്ള പരാമർശം

➔ ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറയുന്നു.

➔ ഏറെ പ്രയാസമുള്ള ഉള്ള കാര്യമാണത്

**7.** "പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുകൊണ്ട് നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ്ബർഗ് നഗരം ഒരു പ്രപഞ്ചമായി വികസിച്ചു"- വരികൾ മുന്നോട്ടുവയ്ക്കുന്ന ആശയമെന്താണ്?

ഉത്തരസൂചന

➔ സർവ്വചരാചരങ്ങളും ശാന്തമായിരിക്കുന്ന അവസ്ഥ.

➔ പ്രപഞ്ചം ദസ്തയേവ്സ്കിയെ പല പാഠങ്ങളും പഠിപ്പിക്കുന്നു.

➔ മനുഷ്യൻ എത്ര നിസ്സാരനാണെന്ന് അദ്ദേഹം മനസ്സിലാക്കുന്നു

<u>4 മാർക്കിന്റെ ചോദ്യം</u>

**8.** "ആരോ എഴുതിയത് ഞാൻ വായിച്ചിട്ടുണ്ട് എഴുതാനൊന്നുമില്ലാത്തതാണ് മിക്ക എഴുത്തുകാരുടെയും പ്രശ്നം " അന്നയുടെ ഈ വിമർശനം ദസ്തയേവ്സ്കിയിലെ എഴുത്തുകാരനെ പ്രചോദനമാക്കുവാൻ പര്യാപ്തമായിരിന്നോ? കുറിപ്പ് തയാറാക്കുക?

ഉത്തരസൂചന

- ➔ സ്റ്റെല്ലോവ്സ്കിയുടെ കരാർപ്രകാരം എത്രയും പെട്ടെന്ന് നോവലെഴുതിത്തീർത്താൽ അന്ന പോകും
- ➔ തന്റെ മനസ്സിൽ ഒരുപാട് ആശയങ്ങൾ ഉണ്ടെന്ന് ദസ്തേവ്സ്കി കൂട്ടിച്ചേർക്കുന്നു
- ➔ മഹാനായ ദസ്തയേവ്സ്കി എഴുതുന്നത് വായിക്കാൻ കാത്തിരിക്കുന്നവർ നിരവധി ഉണ്ടെന്ന് അന്ന കൂട്ടിച്ചേർക്കുന്നു
- ➔ അന്നയുടെ വാക്കുകൾ എഴുത്തുകാരനെ ഉപ്രചോദനമാക്കുവാന്പ്ര ചോദനമാക്കുവാൻ പര്യാപ്തമായിരുന്നു.

**9.** "ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുടുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു " ഈ വരികളിൽ ആവിഷ്കരിക്കപ്പെടുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥ വിശകലനം ചെയ്യുക?

ഉത്തരസൂചന

- ➔ ദസ്തയേവ്സ്കിയുടെ ആത്മസംഘർഷം വെളിവാക്കുന്ന വരികളാണിവ
- ➔ ചേട്ടന്റെ മരണവും ഭാര്യയുടെ രോഗവും മരണവും അയാളെ ആകെ തളർത്തിയിരുന്നു
- ➔ കടക്കെണി അയാളെ വിടാതെ പിന്തുടരുന്നു
- ➔ പ്രസാധകന്റെ നിർബന്ധപ്രകാരം പുസ്തകമെഴുതിത്തീർത്താൽ അന്ന വേഗം പോകും എന്ന ചിന്ത അയാളെ വേദനിപ്പിക്കുന്നു
- ➔ ഏതു പ്രതിസന്ധിയിലും ബന്ധങ്ങളും കടമകളും ഓർമ്മകളും കാത്തുസൂക്ഷിക്കണം എന്ന മഹത്തായ സന്ദേശമാണ് അദ്ദേഹത്തിന്റെ ജീവിതം നമുക്ക് പകർന്നു നൽകുന്നത്

<u>5 മാർക്കിന്റെ ചോദ്യം</u>

**10.** ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗത്ത് പരാമർശിക്കപ്പെടുന്ന അന്ന എന്ന കഥാപാത്രത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക?

ഉത്തരസൂചന

- ➔ പ്രതിസന്ധികൾ നിറഞ്ഞ ജീവിതത്തിലൂടെയാണ് ദസ്തയേവ്സ്കി കടന്നുപോയി-ക്കൊണ്ടിരിക്കുന്നത്

- ➔ പുസ്തകപ്രസാധകന് കൊടുത്തവാക്കുപ്രകാരം പറഞ്ഞസമയത്ത് നോവലെഴുതി കൊടുത്തില്ലെങ്കിൽ ഇതുവരെ എഴുതിയതിന്റേയും ഇനി എഴുതാനുള്ളതിന്റേയും ഉടമസ്ഥാവകാശം അയാൾക്കായിത്തീരും.
- ➔ നോവൽരചന വേഗത്തിലാക്കാൻ വേണ്ടിയാണ് സ്റ്റെനോഗ്രാഫറായ അന്നയെ നിയമിക്കുന്നത്.
- ➔ എഴുത്തുകാരന്റെ ഉള്ളിലുള്ള ആശയത്തെ പുറത്തേക്ക് കൊണ്ടുവരുവാൻ ഒരുപരിധിവരെ അന്ന പ്രേരകശക്തിയായി.
- ➔ ദസ്തയേവ്സ്കിയുടെ സ്റ്റെനോ എന്നതിലുപരി അദ്ദേഹത്തിന്റെ നല്ലൊരു വായനക്കാരിയും നിരൂപകയുമാണ് അന്ന

## യൂണിറ്റ് 4

# വാക്കുകൾ സർഗ്ഗതാളങ്ങൾ

അക്കർമാശി - ശരൺകുമാർ ലിംബാളെ

**ഞാൻ കഥാകാരനായ കഥ - എസ്.കെ പൊറ്റെക്കാട്ട്**

**അശ്വമേധം - വയലാർ**

## അക്കർമാശി

**പ്രശസ്ത മറാത്തിസാഹിത്യകാരൻ ശരൺകുമാർ ലിംബാളെയുടെ ആത്മകഥോപാഖ്യാനമാണ് അക്കർമാശി. ജാതി വിവേചനത്തിന്റെ പേരിൽ പാർശ്വവത്ക്കരിക്കപ്പെടുന്നവർ അനുഭവിക്കേണ്ടിവരുന്ന യാതനകളെ തുറന്ന് കാട്ടുന്ന കൃതിയാണ് അക്കർമാശി. ചാണകത്തിൽനിന്ന് ലഭിക്കുന്ന ധാന്യമണികൾ പെറുക്കിയെടുത്ത് പൊടിച്ച് പാചകം ചെയ്ത് പട്ടിണി മാറ്റുന്നവരുടെയും ചപ്പുചവറുകൾക്കിയിൽ നിന്ന് ഒരുനേരത്തെ അന്നത്തിനായി കഷ്ടപ്പെടുന്നവരുടെയും ദുരിതപൂർണമായ ലോകത്തിലേക്ക്, തന്റെ ബാല്യകാലത്തിലെ തീക്ഷ്ണമായ അനുഭവങ്ങളിലേക്ക് വായനക്കാരെ ലിംബാളെ എത്തിക്കുന്നു. അക്കർമാശി എന്നാൽ അർദ്ധജാതി എന്നാണ്. മേൽജാതിക്കാരനായ അച്ഛനും കീഴ്ജാതിക്കാരിയായ അമ്മയ്ക്കും ജനിച്ച കുട്ടിയെന്ന അർഥത്തിലാണ് ലിംബാളെയെ സമൂഹം അക്കർമാശി (അർദ്ധജാതി) എന്ന് വിളിച്ചത്. കഷ്ടപ്പാടുകൾക്കിടയിലും ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനാവുമെന്ന സന്ദേശമാണ് അക്കർമാശി എന്ന പാഠഭാഗം നൽകുന്നത്.**

പ്രധാന കഥാപാത്രങ്ങൾ

മസാമായി - ശരൺകുമാർ ലിംബാളെയുടെ അമ്മ

സന്താമായി - മുത്തശ്ശി

ശരൺകുമാർ ലിംബാളെ -

കുമാർ മാമ - ശരൺകുമാർ ലിംബാളെയുടെ സഹോദരി നാഗിയുടെ ഭർത്താവ്

ശാന്താ ആത്യ - നാഗിയുടെ ഭർതൃമാതാവ്.

ദാദ- മുത്തശ്ശി സന്താമായിയുടെ രണ്ടാം ഭർത്താവ്.

കാക്ക- മസാമായിയുടെ മൂന്നാം ഭർത്താവ്

ഓർമ്മച്ചെപ്പ്

- ദാരിദ്ര്യവും കഷ്ടപ്പാട്ടും നിറഞ്ഞുനിന്ന എഴുത്തുകാരന്റെ ഓർമ്മകളാണ് പാഠത്തിലുള്ളത്.
- ശരൺകുമാർ ലിംബാളെ ശാന്ത ആത്യയ്ക്കൊപ്പം പഴം വിൽക്കുവാനും ചവറുപെറുക്കുവാനും പോകുന്നസന്ദർഭം.
- താഴ്ന്നജാതിക്കാരെന്നപേരിൽ ചെരിപ്പുകുത്തിയിൽ നിന്ന് സാന്താമായിക്ക് നേരിടേണ്ടി വരുന്ന വിവേചനം.
- വിദ്യാർഥിയായിരുന്ന കാലത്ത് സത്യസന്ധത തെളിയിച്ചതും അതിന്റെ പേരിൽ അധ്യാപകനിൽ നിന്ന് പ്രശംസലഭിച്ചതും.

ഒറ്റവാക്കിൽ ഉത്തരം എഴുതുക -സ്കോർ 1

1. ശാന്താ ആത്യയുടെയും കുമാർമാമയുടെയും ജീവിതങ്ങൾ വഴിമുട്ടി നിന്നു.

അടിവരയിട്ട പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത്

a) കഷ്ടസ്ഥിതിയിലാവുക

b) മത്സരിച്ച്നിൽക്കുക

c) ചേർന്ന് നിൽക്കുക

ഉത്തരം - കഷ്ടസ്ഥിതിയിലാവുക

2. "ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെതുക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപോലുള്ള മനുഷ്യർക്ക് " ?

ശരൺകുമാർ ലിംബാളെയുടെ ഈ വാക്കുകളിൽ തെളിയുന്ന മനോഭാവമെന്ത്?

a) സങ്കടം

b) പ്രതീക്ഷ

c) നിരാശ

d) കൗതുകം

ഉത്തരം - നിരാശ

**സ്കോർ 2**

3. **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക ?**

"ചവറുകൾക്കുപകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്ക് തോന്നി" . ശരൺകുമാർലിംബാളെയുടെ ജീവിതാവസ്ഥയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് വരികളിലുള്ളത്

➔ ദാരിദ്ര്യം

➔ ചവറ് വിറ്റ് കിട്ടുന്ന വരുമാനം വിശപ്പകറ്റുന്നതിന് പര്യാപ്തമായിരുന്നില്ല.

**സ്കോർ 3**

4. "എന്റെ സത്യസന്ധത എനിക്ക് നൽകിയ ആനന്ദം മുപ്പതുരൂപയേക്കാൾ എത്രയോ വലുതായിരുന്നു" - ഈ വാക്കുകളിലൂടെ ശരൺകുമാർ ലിംബാളെ മുന്നോട്ട് വയ്ക്കുന്ന ആശയം എന്ത്?

➔ ഏത് പ്രതിസന്ധിയിലും മൂല്യത്തിൽ ഉറച്ച് നിൽക്കുന്നു.

➔ പണം കൊണ്ട് ജീവിതത്തിലെല്ലാം നേടാനാവില്ല.

➔ നന്മ ചെയ്യുന്നതിലൂടെ ലഭിക്കുന്ന ആനന്ദമാണ് ഏറ്റവും വലുത്.

**സ്കോർ 4**

5. "ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും. ഞാനത് നിവർത്തി വായിക്കാൻ തുടങ്ങുമ്പോഴേക്കും ശാന്ത മുത്തശ്ശി ഉറക്കെ വിളിച്ച് പറയും അതിങ്ങ്താ? കഷ്ടപ്പാടുകൾക്കിടയിലും ഉത്കൃഷ്ടമായ ഒരു ജീവിതം സ്വപ്നം കണ്ട വ്യക്തിയായിരുന്ന ശരൺകുമാർലിംബാളെ" - പാഠഭാഗത്തെ മറ്റുസന്ദർഭങ്ങൾകൂടി പരിഗണിച്ച്കൊണ്ട് കുറിപ്പ് തയ്യാറാക്കുക

➔ കഷ്ടപ്പാടുകൾക്കിടയിലും വിജ്ഞാനം നേടുന്നതിനുള്ള വ്യഗ്രത

➔ ചപൽഗാവിൽ ചെന്നതിന് ശേഷമുള്ള മാറ്റം

➔ 30 രൂപ വീണ് കിട്ടിയപ്പോൾ സുഹൃത്തിന്റെ പ്രലോഭനത്തിൽ വീഴാതെ സത്യത്തിൽ ഉറച്ച് നിൽക്കുന്നു

**സ്കോർ 5**

**6.** "ദിവസേന പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കി നടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിന് വഴിയില്ലാത്ത അവസ്ഥയിലായിരുന്നു അവർ സാന്താമായി ഒരു മഹാർ ആണെന്ന് മനസ്സിലായപ്പോൾ ചെരുപ്പ് കുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല "

-ജാതി വിവേചനത്താൽ മാറ്റി നിർത്തപ്പെട്ട ജനസമൂഹത്തിന്റെ ജീവിതാവസ്ഥകൾ അക്കർമാശി എന്ന കൃതിയിൽ എത്രത്തോളം പ്രതിഫലിക്കുന്നു?. പാഠഭാഗത്തെ മറ്റ് ആശയങ്ങൾ കൂടി പരിഗണിച്ച്കൊണ്ട് ഉപന്യാസം തയ്യാറാക്കുക

1 ജീവിത്തിൽ അനുഭവിക്കുന്ന ദാരിദ്ര്യം.

2 ശിഥിലമായ കുടുംബ ജീവിതം.

3. അരക്ഷിതമായ ജീവിതം.

4. വൃത്തിഹീനമായ ജീവിത പരിസരം.

## ഞാൻ കഥാകാരനായ കഥ

ജീവിതാനുഭവങ്ങൾ സർഗ്ഗപ്രതിഭകളിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങളിൽ നിന്നാണ് സാഹിത്യം ജനിക്കുന്നത്. സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ച എസ്.കെ പൊറ്റെക്കാട്ട് തന്റെ രചനാജീവിതം എങ്ങനെ ആരംഭിച്ചുവെന്ന് വ്യക്തമാക്കുന്ന ലേഖനമാണ് ഞാൻ കഥാകാരനായ കഥ. ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന സമയത്ത് ഒരു വൃദ്ധമാതാവിന്റെ അപേക്ഷപ്രകാരം കത്തെഴുതി നൽകിയ സംഭവമാണ് ഇതിൽ പ്രതിപാദിക്കുന്നത്.

**ഓർമ്മച്ചെപ്പ്**

- ➔ നിസ്സഹായതയിലും പട്ടിണിയിലും വലയുന്ന വൃദ്ധമാതാവ് തന്റെ മകന്റെ മനസ്സിളക്കാൻ വേണ്ടി കത്തെഴുതിക്കാൻ ലേഖകന്റെ അടുത്തേക്ക് വരുന്നു
- ➔ മാറത്തിട്ട കീറമുണ്ടിന്റെ അറ്റംകൊണ്ട് കണ്ണീർ തുടച്ചും മൂക്കുപിഴിഞ്ഞുമുള്ള വൃദ്ധമാതാവിന്റെ അവതരണം
- ➔ വൃദ്ധമാതാവ് കണ്ണീരിൽക്കലർത്തിപ്പറഞ്ഞ കഥ കേട്ട് വികാരപരവശനാകുന്ന ലേഖകൻ.
- ➔ വൃദ്ധമാതാവിന്റെ വിവരണവും തന്റെ ഭാവനാവിലാസവും ചേർത്തെഴുതിയ കത്തുകൾ മകന്റെ മനസ്സ് മാറ്റുന്നു.

➔ വൃദ്ധയുടെ മകനെ നന്മയിലേക്ക് നയിക്കാൻ കഴിഞ്ഞതിലുള്ള അഭിമാനബോധം ലേഖകനുണ്ടാകുന്നു.

**<u>സ്കോർ 1</u>**

**1.** വൃദ്ധമാതാവ് എന്നപദത്തിന്റെ ശരിയായ വികഗ്രഹാർഥം

**a)** വൃദ്ധയായ മാതാവ്

**b)** വൃദ്ധയാകുന്ന മാതാവ്

**c)** വൃദ്ധയുടെ മാതാവ്

**d)** വൃദ്ധയെന്നമാതാവ്

ഉത്തരം - വൃദ്ധയായ മാതാവ്

**<u>സ്കോർ 2</u>**

**2.** "അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി"

ലേഖകനെ ഇത്തരത്തിൽ ചിന്തിക്കാൽ പ്രേരിപ്പിച്ചത്

**1.**കഥാകാരനായതിലുള്ള സന്തോഷം

**2.**വൃദ്ധയുടെ മകനെ നന്മയിലേക്ക് നയിക്കാൻ കഴിഞ്ഞതിലുള്ള അഭിമാനം

**3.**വൃദ്ധയുടെ മകൻ കത്തിനെക്കുറിച്ച് ആരാഞ്ഞതിലുള്ള സന്തോഷം

**4.**കത്തെഴുതിയത് ഷ്ക്കോൾ കുട്ടിയാണെന്നുള്ള അമ്മയുടെ മറുപടി

ഉത്തരം - കത്തെഴുതിയത് ഷ്ക്കോൾ കുട്ടിയാണെന്നുള്ള അമ്മയുടെ മറുപടി

**<u>സ്കോർ 3</u>**

**3.** "അവൻ എന്നെ <u>"കുഠം" പിടിച്ച പട്ടിയെപ്പോലെ</u> ആട്ടിപ്പായിച്ചു"

അടിവരയിട്ട പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്തെല്ലാം ?

ഉത്തരസൂചന

- മകൻ അവഗണിക്കുന്നതിലുള്ള ദുഃഖം
- വാർദ്ധക്യത്തിന്റെ നിസ്സഹായത

**<u>സ്കോർ 4</u>**

**4.** "എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി. അവർ കണ്ണീരിൽ കലർത്തിപ്പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി അവർ പറഞ്ഞതെല്ലാം

പാകപ്പെടുത്തി സ്വന്തംവകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മായനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു".

ഞാൻ കഥാകാരനായ കഥ - എസ്.കെ പൊറ്റെക്കാട്ട്

മുകളിൽ തന്നിരിക്കുന്ന വരികളുടെ വെളിച്ചത്തിൽ ചെറുകഥയ്ക്ക് പിന്നിലെ മാനസികപ്രക്രിയയെ ക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

ഉത്തരസൂചന

- വൃദ്ധയുടെ മാനസികാവസ്ഥ ഉൾക്കൊള്ളുന്നു.
- വൃദ്ധ കണ്ണീരിൽക്കലർത്തിപ്പറഞ്ഞ കഥകൾ വികാരപരവശനാക്കുന്നു
- വികാരങ്ങളെ ഭാവനാത്മകമായി അവതരിപ്പിക്കുന്നു.

<u>സ്കോർ 5</u>

5. ഒരു ദിവസം മെലിഞ്ഞ ഒരു കവിത
ഗാന്ധിയെ കാണാൻ ആശ്രമത്തിലെത്തി
കുനിഞ്ഞിരുന്ന് രാമനിലേയ്ക്കുള്ള നൂൽ-
നൂൽക്കുകയായിരുന്നു ഗാന്ധി
താൻ ഒരു ഭജനായാകത്തിൽ ലജ്ജിച്ച്
വാതിലിൽ തന്നെ നിന്ന കവിതയെ
ഗാന്ധി ആദ്യം ശ്രദ്ധിച്ചില്ല
കവിത മുരടനക്കിയപ്പോൾ
ഗാന്ധി നരകം കണ്ട തന്റെ കണ്ണടയിലൂടെ
ഇടം കണ്ണിട്ട് നോക്കി ചോദ്യമാരംഭിച്ചു..
എപ്പോഴെങ്കിലും നൂൽ നൂറ്റിട്ടുണ്ടോ?
തോട്ടിയുടെ വണ്ടി വലിച്ചിട്ടുണ്ടോ?
വെളുപ്പിനെണീറ്റ് അടുക്കളയിലെ പുകയേറ്റിട്ടുണ്ടോ?
എപ്പോഴെങ്കിലും പട്ടിണി കിടന്നിട്ടുണ്ടോ?

(ഗാന്ധിയും കവിതയും--സച്ചിദാനന്ദൻ)

ചെറുകഥകൾകൊണ്ട് മറ്റാളുകളുടെ മനസ്സിളക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ, എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചുകാണിച്ച

മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്കു സാധിച്ചിട്ടുണ്ട് എന്നു ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു.

ഞാൻകഥാകാരനായ കഥ

സാഹിത്യത്തെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത്കുറിപ്പ് തയ്യാറാക്കുക.

## അശ്വമേധം - വയലാർ

തൂലികപടവാളാക്കിയ കവിയാണ് വയലാർ രാമവർമ്മ. മനുഷ്യശക്തിയെക്കുറിച്ച് പാടിയ കവിയുടെ കാവ്യദർശനം വെളിപ്പെടുത്തുന്ന കവിതയാണ് അശ്വമേധം. മാനവരാശിയുടെ വളർച്ചയുടെ ഓരോഘട്ടത്തിലും സർഗ്ഗശക്തി എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് ഈ കാവ്യം വ്യക്തമാക്കുന്നു.

ഓർമ്മച്ചെപ്പ്

- ➔ പുരാതന ഭാരതത്തിലെ ചക്രവർത്തിമാർ ദിഗ്വിജയം നേടിയ ശേഷം നടത്തി വരുന്ന ഒരു മഹായാഗമാണ് അശ്വമേധം
- ➔ കവിതയിൽ സർഗ്ഗശക്തിയുടെ പ്രതീകമായി അശ്വമേധം മാറുന്നു.
- ➔ ദിഗ്വിജയത്തിനായി സർഗ്ഗശക്തിയാകുന്ന കുതിരയെയാണ് കവി അഴിച്ചുവിടുന്നത്.
- ➔ സർഗ്ഗശക്തിയുടെ മുന്നേറ്റത്തെത്തടയാൻ ആർക്കാണ് കെൽപ്പുള്ളത് എന്ന വെല്ലുവിളികൾ ഉയർത്തിയാണ് പുതിയ അശ്വമേധത്തിന് കവി തുടക്കം കുറിക്കുന്നത്.
- ➔ മാനവചരിത്രത്തിന്റെ ഏടുകൾ കവി പങ്കുവയ്ക്കുന്നു.
- ➔ മാനവനന്മയ്ക്കായുള്ള ജാഗ്രത കവിതയിലുടനീളം പുലർത്തുന്നു.
- ➔ വിവിധകാലഘട്ടങ്ങളിൽ സംസ്കാരശക്തികൾ സർഗ്ഗശക്തിയെ വീണ്ടെടുത്തത് കവി സൂചിപ്പിക്കുന്നു.
- ➔ നിരൂപകരുടെയും ആസ്വാദകരുടെയും ഹൃദയങ്ങളിലേക്കുകൂടിയാണ് കവി അശ്വമേധം നടത്തുന്നത്

### സ്കോർ 1

**1.** അശ്വമേധത്തിനായി കവി വിട്ടയയ്ക്കുന്ന കുതിര എന്തിന്റെ പ്രതീകമാണ്?

a) അധ്വാനത്തിന്റെ

b) സാഹിത്യത്തിന്റെ

c) സർഗ്ഗശക്തിയുടെ

d) കവിതയുടെ

ഉത്തരം - സർഗ്ഗശക്തിയുടെ

**സ്കോർ 2**

**2.** എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ കുത്തിനിർത്തിയ മുത്തണിക്കുണങ്ങൾ - അടിവരയിട്ട പ്രയോഗം എന്തിനെ സൂചിപ്പിക്കുന്നു

a) അധികാരകേന്ദ്രങ്ങൾ

b) തൊഴിലാളികൾ

c) കർഷകർ

d) ശില്പികൾ

ഉത്തരം - അധികാരകേന്ദ്രങ്ങൾ

**സ്കോർ 3**

**3.** "ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!

ഈ വരികളിൽതെളിയുന്ന കവിയുടെ ജീവിതദർശനത്തെക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുക

ഉത്തരസൂചന

- കവിക്ക് ദിവ്യത്വമില്ല, പച്ചമണ്ണിന്റെ മനുഷ്യത്വമാണുള്ളത് .
- സാധാരണ മനുഷ്യന്റെ കരുത്തും കർമ്മവീര്യവുമാണ് കവിയുടെ കൈമുതൽ.
- അമാനുഷികശക്തിയോ മന്ത്രതന്ത്രങ്ങളോ അല്ല കവിയുടെ ശക്തിക്ക് കാരണം.
- മനുഷ്യന്റെ പച്ചയായ നന്മകൾ മാത്രമാണ് കവിക്ക് കൂട്ടിനുള്ളത്.

**സ്കോർ 4**

**4.** "കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു

കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ

കണ്ടതാണിക്കുതിരയെ; ക്കാട്ടുപുൽ-

ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ";

കവിതാസാഹിത്യത്തിന്റെ വളർച്ചയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് വരികളിലുള്ളത്? കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന

- കവിതയുടെ ഉത്പത്തി
- ആദികാവ്യം
- വാമൊഴിപാരമ്പര്യം
- **സ്കോർ 5**

5. മാനവപുരോഗതിയുടെ വളർച്ചയിൽ സർഗ്ഗ ശക്തി വഹിച്ച പങ്കിനെക്കുറിച്ച് പ്രഭാഷണം തയ്യാറാക്കുക.

ഉത്തരസൂചന

- ➔ സംബോധന
- ➔ വിഷയാവതരണം
- ➔ വിഷയവിശകലനം
- ➔ ഉപസംഹാരം

## യൂണിറ്റ് 5
## കലകൾ കാവ്യങ്ങൾ

### ഉരുളക്കിഴങ്ങ് തിന്നുന്നവർ - സുഭാഷ് ചന്ദ്രൻ
### മൈക്കലാഞ്ചലോ മാപ്പ് - ഓ.എൻ.വി കുറുപ്പ്

സാഹിത്യം ജീവിതത്തെ അടയാളപ്പെടുത്തുന്നതുപോലെ കലകളും ജീവിതത്തെയാണ് അടയാളപ്പെടുത്തുന്നത്. കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ ജീവിതത്തെ എഴുത്തുകാരനെപ്പോലെ കലാകാരനും ക്യാൻവാസിൽ പകർത്തുന്നു. സാഹിത്യത്തോടൊപ്പം കലകളും മനുഷ്യജീവിതത്തെ സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. മൗലികമായ അർത്ഥങ്ങളെ ലോകത്തിനുനൽകുംവിധം ചിത്രകല പാരമ്പര്യമായി നമുക്കൊപ്പം നിലകൊള്ളുന്നു എന്ന് പറഞ്ഞാൽ അത് അതിശയോക്തിയാവില്ല. ഇങ്ങനെ നമുക്കൊപ്പം സഞ്ചരിക്കുന്ന കലകളെ അടുത്തറിയാൻ കഴിയുന്ന പാഠങ്ങളാണ് കലകൾ കാവ്യങ്ങൾ എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉരുളക്കിഴങ്ങ് തിന്നുന്നവർ (ചെറുകഥ ), മൈക്കലാഞ്ജലോ മാപ്പ് ( കവിത) തുടങ്ങിയ പാഠങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത് .

### ഉരുളക്കിഴങ്ങ് തിന്നുന്നവർ - സുഭാഷ് ചന്ദ്രൻ

ഉരുളക്കിഴങ്ങു തിന്നുന്നവർ എന്ന ചിത്രം വിൻസന്റ് വാൻഗോഗിന്റെ പ്രസിദ്ധമായ ചിത്രമാണ് . ഈ ചിത്രത്തിന് ദൃശ്യഭാഷ നൽകുകയാണ് സുഭാഷ് ചന്ദ്രൻ. ദാരിദ്ര്യവും ജീവിക്കാനുള്ള ആഗ്രഹവും ചിത്രത്തിൽ എന്നതുപോലെ കഥയിലും നിഴലിച്ചുകാണാം. സാധാരണ മനുഷ്യന്റെ ദൈനംദിന ജീവിതത്തെയാണ് ഈ കഥയിൽ വരച്ചുകാട്ടുന്നത് . ജീവിതത്തെ അതിന്റെ എല്ലാ പരിശുദ്ധിയോടെയും സ്വീകരിക്കുന്നവരെയാണ് കഥയിൽ നമുക്ക് ദർശിക്കാനാവുന്നത് . ജൂലിയാന ആഹാരം കഴിക്കാൻ ക്ഷണിക്കുന്നതും പ്രതീക്ഷിച്ചിരിക്കുന്ന മിറൽ നമ്മുടെ തന്നെ ജീവിതത്തെയാണ് അവതരിപ്പിക്കുന്നത്. കാത്തിരിപ്പ് എവിടെയും സമാനമാണ്. അതിനാൽ

അനുഭവത്തെ ആവിഷ്കരിക്കുന്ന സാഹിത്യവും ചിത്രകലയും അടിസ്ഥാനപരമായി ജീവിതത്തെയാണ് ആവിഷ്കരിക്കുന്നതെന്ന് പറയാനാകും. കഥയും ചിത്രകലയും ലയിച്ച് ചേർന്ന അപൂർവ്വത നമുക്ക് ഈ കഥയിൽ ദർശിക്കാനാവും. സൂര്യാസ്തമനത്തിന് ശേഷമുള്ള സമയത്ത് തണുത്തുവിറച്ച് വൃദ്ധനായ മിറൽ വീട്ടിലെത്തുന്നതും തുടർന്ന് ആ വീട്ടിൽ നടക്കുന്ന സംഭാഷണങ്ങളും നിമിഷങ്ങളുമാണ് കഥയിൽ. വൃദ്ധനായ മിറൽ, ഭാര്യ, ജൂലിയാന, അന്ന, റാങ് തോസ് തുടങ്ങിയവർ കഥയിൽ കടന്നു വരുന്ന കഥാപാത്രങ്ങളാണ്.

<u>ഓർമ്മച്ചെപ്പ്</u>

- വിൻസൻറ് വാൻഗോഗിന്റെ പ്രസിദ്ധ ചിത്രമാണ് പൊട്ടെറ്റോ ഈറേഴ്സ്.
- യൂറോപ്പിൽ നിലനിന്നിരുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയവയെ ലോകത്തിനു മുന്നിലെത്തിച്ച ചിത്രമാണിത് .
- ഈ ചിത്രത്തെ അടിസ്ഥാനമാക്കി സുഭാഷ്ചന്ദ്രൻ രചിച്ച ചെറുകഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ.
- ദാരിദ്ര്യത്തെ ഈ കഥയിൽ ഒരു കഥാപാത്രത്തിന്റെ സാന്നിധ്യമായി ആവിഷ്കരിച്ചിരിക്കുന്നു.
- ഉരുളക്കിഴങ്ങ് കൃഷി ചെയ്ത് ജീവിക്കുന്ന മിറലിന്റെ കുടുംബം ദാരിദ്ര്യത്തിന്റെ ദുരിതമനുഭവിക്കുന്നു.
- ഇതിൽ നിന്ന് രക്ഷപ്പെടാൻ മിറലിന്റെ മകൻ അപകടകരമായ ഖനിയിൽ ജോലിക്ക് പോയിത്തുടങ്ങി.
- മകനെ അന്വേഷിച്ച് പോയ മിറൽ തിരിച്ച് വരുന്നതോടെ കഥ ആരംഭിക്കുന്നു
- ജൂലിയാനയുടെ മകൾ എട്ടുവയസ്സുകാരി അന്ന അച്ഛൻ കൊണ്ടുവരുമെന്ന് പറഞ്ഞ ഈസ്റ്റർ മുട്ടകൾക്കുവേണ്ടി കാത്തിരിക്കുന്നു.
- മകൻ മരിച്ചു എന്ന യാഥാർഥ്യം കഥാകൃത്ത് മിറലിന്റെ പ്രവർത്തികളിലൂടെ പറയാതെ പറയുകയാണ്.

<u>കഥയിലെ ഹൃദയസ്പർശിയായ വരികൾ:-</u>

- ആ നിമിഷം ചുവരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായി സമയം താഴെക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു,
- അപ്പോൾ കുരിശിൽ നിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു.
- ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു
- ഒരേയൊരു വെളുത്തപൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റി കാണിച്ചു.

## 1 മാർക്ക് ചോദ്യങ്ങൾ

**1.** "പ്രാചീനകാലത്തെ ഏതോ പക്ഷിയുടെതുപോലുള്ള അയാളുടെ ശിരസ്സ് ദൈന്യതയോടെ ഒന്ന്  ഇളകുക മാത്രം ചെയ്തു "  - ആരെക്കുറിച്ചാണ് കഥയിൽ പരാമർശിക്കുന്നത് ?

ഉത്തരം - കിഴവൻ മിറലിനെ

**2.** "അമിതാകാംക്ഷ കൊണ്ട് വിളർത്തിയ നിഴൽ മുഖം തെളിഞ്ഞു "

അടിവരയിട്ട പദത്തെ ഘടകപദങ്ങളാക്കുക.

ഉ - അമിതമായ ആകാംക്ഷ

## 2 മാർക്ക് ചോദ്യങ്ങൾ

**3.** "ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്ന് വരുന്നതുപോലെ മിറലന് വീട് അപരിചിതമായിത്തോന്നി" - ഏതുതരത്തിലുള്ള മാനസികാവസ്ഥയാണ് കഥാകൃത്ത് ഈ വാക്യത്തിലൂടെ അവതരിപ്പിക്കുന്നത്

ഉ - വീട്ടുകാരെ അഭിമുഖീകരിക്കാനുള്ള വിമുഖത

**4.** "ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണ " അടിവരയിട്ട പദത്തിന്റെ ഭാവഭംഗി കണ്ടെത്തുക.

ഉ - മകൻ നഷ്ടപ്പെട്ട പിതാവിന്റെ ഹൃദയ വേദനയെ തീക്കനൽ എന്ന പ്രയോഗത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

## 3 മാർക്ക് ചോദ്യങ്ങൾ

**5.** ജൂലിയാനയുടെ വീടിന്റെ നിശബ്ദമായ അവസ്ഥയെ കഥയിൽ വരച്ചുകാട്ടുന്നതെങ്ങനെ?

ഉ - ആ നിമിഷം ചുവരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായി സമയം താഴെക്കിറ്റുന്ന ശബ്ദം  വീട്ടിൽ നിറഞ്ഞു.

**6.** കഥയെ ഭാവതീവ്രമാക്കുന്ന വരികളാൽ ശ്രദ്ധേയമാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ - കഥയിൽ നിന്ന് ഒരു ഉദാഹരണം എഴുതുക.

ഉ - അപ്പോൾ കുരിശിൽ നിന്ന് തുള്ളി തുള്ളിയായി ചോര ഇറ്റുന്ന ശബ്ദവും അവൾ കേട്ടു.

## 4.മാർക്ക് ചോദ്യങ്ങൾ

**7.** ഭാവതീവ്രമായ പ്രയോഗങ്ങൾ ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയുടെ അന്തരീക്ഷത്തെ സ്വാധീനിക്കുന്നു. - പ്രതികരണകുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചന

➔ ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണ

➔ വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിയുന്നത് കണ്ട ആ നിമിഷം ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞു പോകുന്നതായി ജൂലിയാന അറിഞ്ഞു

**8.** ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിൽ സമയം,ദാരിദ്ര്യം എന്നിവആവിഷ്ക്കരിച്ചിരിക്കുന്നത് എങ്ങനെ ?

ഉത്തര സൂചന

➔ ആ നിമിഷം ചുവരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായി സമയം താഴെക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു,

➔ അപ്പോൾ കുരിശിൽ നിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു.

➔ ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റി കാണിച്ചു.

## 5.മാർക്ക് ചോദ്യങ്ങൾ

**9.** "ഈർച്ചമില്ലുകൾ പോലെ ശബ്ദിച്ച ഇരുട്ടിലെ ചീവീടുകളുടെ സ്വരം പൊടുന്നനെ മുറിഞ്ഞു. ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളി തുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു" . ( ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ഇത്തരത്തിലുള്ള ഭാവതീവ്രമായ കൽപനകൾ കഥാന്തരീക്ഷത്തിന് ഉണ്ടാക്കുന്നസ്വാധീനം വിശകലനം ചെയ്യുക

ഉത്തര സൂചന

➔ കിഴവൻ മിറലിന് മകന്റെ മരണവൃത്താന്തം അറിയിക്കുന്നതിനുള്ള വിഷമം.

➔ മകൻ നഷ്ടപ്പെട്ട പിതാവിന്റെ ഹൃദയ വേദനയെ തീക്കനൽ എന്ന പ്രയോഗത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

## മൈക്കലാഞ്ചലോ മാപ്പ് - ഒ.എൻ.വി കുറുപ്പ്

വിശ്വവിഖ്യാത ശിൽപിയായ മൈക്കലാഞ്ചലോയുടെ പ്രസിദ്ധ ചിത്രമാണ് പിയത്ത. ആ ശില്പത്തെ അടുത്തറിയാൻ അവസരം ലഭിച്ച ഒ.എൻ.വി കുറുപ്പ് തന്റെ അനുഭവത്തെ കവിതയിലേക്ക് ലയിപ്പിക്കുന്നു. കുരിശിൽ നിന്ന് ഇറക്കിയ ക്രിസ്തുദേവന്റെ മൃതശരീരം അമ്മയുടെ മടിത്തട്ടിൽ കിടക്കുന്നു. മകന്റെ തണുത്തുറഞ്ഞ ശരീരത്തെ വാത്സല്യപൂർവ്വം അമ്മ കൈകളിൽ താങ്ങിയിരിക്കുന്നു. ശിൽപത്തെ നോക്കിയിരിക്കുന്ന കവിയുടെ മനസ്സിൽ ധാരാളം ചിന്തകൾ

ഉയർന്നുവരുന്നു. കവിതയുടെ ഭംഗിയെ വർധിപ്പിക്കുന്ന അലങ്കാര പ്രയോഗസമാനമായ വർണ്ണനകൾ കവിതയിൽ ധാരാളം കാണുവാനാവും.

ഓർമ്മച്ചെപ്പ്

- ➔ മൈക്കലാഞ്ചലോയുടെ ലോകപ്രശസ്തമായ ശില്പമാണ് പിയത്ത.
- ➔ കുരിശിൽ മരിച്ച ക്രിസ്തുവിന്റെ മൃതശരീരം മടിയിൽ കിടത്തി വിലപിക്കുന്ന കന്യാമറിയത്തിന്റെ രൂപത്തിലാണ് ശിൽപം.
- ➔ മൈക്കലാഞ്ചലോ നിർമ്മിച്ച പിയത്ത ശില്പത്തെ കാണുവാൻ എത്തിയ കവിയുടെ ചിന്തകളാണ് കവിതയ്ക്ക് ആധാരം.
- ➔ കവിമനസ്സിനെ സ്വാധീനിക്കുന്ന വിഷയങ്ങൾ കവിതയാക്കി മാറ്റാനാവും എന്നതിന് പ്രകടമായ ഉദാഹരണമാണ് ഈ കവിത.
- ➔ ശിൽപത്തെ രൂപപ്പെടുത്തുന്നതിന് ശില്പയനുഭവിച്ച പ്രയത്നത്തെ ആസ്വാദകനും അനുഭവിക്കാൻ ഈ കവിതയിലൂടെ കഴിയുന്നു.
- ➔ മദ്യത്തിനും മയക്കുമരുന്നിനും അടിമയായി മാനവരാശിക്ക് പ്രിയപ്പെട്ടവയെ നിഷ്ഠുരുണം നശിപ്പിക്കുന്നു.
- ➔ ഭ്രാന്തൻ ചെയ്തികൾക്ക് കവി ലോകത്തോട് തന്നെ മാപ്പ് ചോദിക്കുന്നത് കവിതയിൽ കാണാം.

## 1.മാർക്ക് ചോദ്യങ്ങൾ

**1.**പിയത്ത എന്ന ശില്പം രചിച്ചത് ആര് ?

a) ഡാവിഞ്ചി

b) വിൻസന്റ് വാൻഗോഗ്

c) മൈക്കലാഞ്ചലോ

ഉത്തരം -മൈക്കലാഞ്ചലോ

**2.** "മാപ്പ്,വർ ചെയ്യുന്നതെ-

ന്തെന്നിവരറിവീല !" - ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

d) യേശു

e) മറിയം

f) മൈക്കലാഞ്ചലോ

g) ലാസ്‌ലോടോത്

ഉത്തരം - ലാസ്‌ലോടോത്

## 2.മാർക്ക് ചോദ്യങ്ങൾ

3. "ഒരായിരം സ്പന്ദന പുഷ്പങ്ങൾ നിൻ മുന്നിൽ ഞാനർപ്പിക്കുന്നു നിൻ കരം മുത്തുന്നു ഞാൻ "
- എന്നുപറഞ്ഞ കവി മൈക്കലാഞ്ചലോ മാപ്പ് m എന്ന് പറയേണ്ടിവന്നത് എന്തുകൊണ്ടാവാം ?

മയക്കുമരുന്ന് ഉപയോഗിച്ച് മനസ്സിന്റെ താളം തെറ്റിയ ഒരു അക്രമി ശിൽപത്തെ നശിപ്പിക്കാനായി ശ്രമിച്ചു . അതോർത്തിട്ടാണ് കവി ഇങ്ങനെ പറഞ്ഞത്.

4. പിയത്ത ശിൽപം മാനവരാശിയിൽ എന്തെല്ലാം ചിന്തകളാണ് ഉണർത്തുന്നത് എന്നാണ് കവി പറയുന്നത്?

ലോകത്തിനു വേണ്ടി ജീവൻ അർപ്പിച്ച പുത്രനെ മടിയിൽ പേറിയിരിക്കുന്ന മാതാവിന്റെ ശിൽപം മനുഷ്യനിൽ കരുണ എന്ന വികാരം ഉണർത്തുന്നു.

## 3.മാർക്ക് ചോദ്യങ്ങൾ

5. ശില്പ നിർമ്മാണവും ശില്പഭഞ്ജനവും ആവിഷ്കരിക്കാൻ കവി ഉപയോഗിച്ച പ്രയോഗങ്ങൾ എന്തെല്ലാം ?

- ജഡമായിരുന്ന ശിലയിൽ നിന്ന് ശില്പി കരുണയുടെ ഭാവഗാനത്തെ തൊട്ടുണർത്തി.
- ഇടിവെട്ടും പോലെ ചുറ്റിക മുട്ടുന്ന ശബ്ദം കേട്ട് കവി ഞെട്ടി.
- മൈക്കലാഞ്ജലോയുടെ ചുറ്റിക ഒരു കരിവണ്ടിനെപ്പോലെ ചുറ്റിപറന്നു ഉളിയുടെ നെറുകയിൽ ചുംബിക്കുന്നു.

6. "പാഴ് ചിപ്പിയുടെ മൂകസങ്കടം പോലേയമ്മയിരിപ്പൂ " പ്രയോഗഭംഗി വ്യക്തമാക്കുക.

- ചിപ്പിക്കുള്ളിലാണ് മുത്ത് വളരുക
- മുത്ത് പുറത്തുവരുന്നതോടെ ചിപ്പി തകർന്നടിയുന്നു.
- യേശുദേവനെ മുത്തായും മറിയത്തെ ചിപ്പിയായും കല്പിക്കുന്നു.
- മകന്റെ വിയോഗത്തിൽ ആകെ തകർന്ന മറിയം.

## 4.മാർക്ക് ചോദ്യങ്ങൾ

7. "മാപ്പു നൽകുകെൻ പ്രിയ മൈക്കലാഞ്ചലോ മാപ്പ്" മാപ്പിവർ ചെയ്യുന്നതെന്തെന്നിവരറിവീലാ" അടിവരയിട്ട വരികൾ കാവ്യ സന്ദർഭത്തിൽ നൽകുന്ന അർത്ഥവ്യാപ്തി കണ്ടെത്തി എഴുതുക.

ഉത്തരസൂചന

- ➔ ഭ്രാന്തൻ ചെയ്തികൾക്ക് കവി ലോകത്തോട് തന്നെ മാപ്പ് ചോദിക്കുന്നു.
- ➔ ഒരുകാലാസൃഷ്ടിക്കു പിന്നിലുള്ള പ്രയത്നത്തെഅംഗീകരിക്കുന്നു.
- ➔ ക്രിസ്തുവിന്റെ അവസാന വാക്കുകളെ വരികളിലൂടെ അനുസ്മരിക്കുന്നു.

**8.** അവനുചുറ്റും ബിംബഭഞ്ജകപരിവേഷ-
മണിയിക്കുവാനേതോ ക്യാമറ കൺചിമ്മുന്നു

ഈ വരികളിൽ തെളിയുന്ന സാമൂഹ്യവിമർശനം കണ്ടെത്തി എഴുതുക.

ഉത്തരസൂചന

- ➔ ഈ കാലഘട്ടത്തിലെ മാധ്യമങ്ങൾ തെറ്റയചെയ്തികൾക്കു നൽകുന്ന പ്രാധാന്യം.
- ➔ വാർത്തകൾ സൃഷ്ടിക്കാനുള്ള പ്രവണത.

## 5.മാർക്ക് ചോദ്യങ്ങൾ

**9.** മൈക്കലാഞ്ജലോയുടെ ചുറ്റിക ഒരു കരിവണ്ടിനെപ്പോലെ ചുറ്റിപ്പറന്നു ഉളിയുടെ നെറുകയിൽ ചുംബിക്കുന്ന ശബ്ദം കേട്ട് കവി പുളകം കൊള്ളുന്നു.

ജഢമായിരുന്ന ശിലയിൽ നിന്ന് ശില്പി കരുണയുടെ ഭാവഗാനത്തെ തൊട്ടുണർത്തിയപ്പോൾ ശില്പിയോടൊപ്പം ഉണർന്നും ഉറങ്ങിയും താൻ അനശ്വരനായി എന്നും കവി പറയുന്നു.

ശില്പിയുമായി ഹൃദയൈക്യം പ്രഖ്യാപിച്ചു നിൽക്കുന്ന കവിയെ ഞെട്ടിച്ചുകൊണ്ട് ഇടിവെട്ടും പോലെ ചുറ്റിക മുട്ടുന്ന ശബ്ദം കേട്ട് കവി ഞെട്ടി എന്ന് പറയുന്നു .

-സൃഷ്ടിക്കായി ചുറ്റിക കയ്യിലേന്തിയ പഴയ തലമുറയേയും തച്ചുടയ്ക്കാനായി മാത്രം ചുറ്റിക എടുക്കുന്ന പുതിയ തലമുറയേയും ഇവിടെ കവി എങ്ങനെ വരച്ചുകാട്ടുന്നു ?

**10.** മൈക്കലാഞ്ചലോ മാപ്പ് എന്ന കവിതയിൽ മകനെ നഷ്ടപ്പെട്ട അമ്മയുടെ വേദനയും എന്തിനെയും ഏതിനെയും നശിപ്പിക്കാനുള്ള പുതിയ തലമുറയുടെ പ്രവണതയും കവിയുടെ വേദനയും ആവിഷ്കരിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ മൈക്കലാഞ്ചലോ മാപ്പ് എന്ന കവിതയ്ക്ക് നൽകുന്ന ചമൽക്കാരഭംഗി വിശദീകരിക്കുക.

.................................

പ്രിയമുള്ള കുട്ടുകാരെ,

ഈ വർഷത്തെ

എസ്.എസ്.എൽ.സി ചോദ്യപേപ്പറിന്റെ

ഘടനയിലും സ്കോർ വിതരണത്തിലും കാതലായ മാറ്റം വരുത്തിയിട്ടുണ്ട്.

ഇതനുസരിച്ച് എ,ബി  എന്നീ പാർട്ടുകളിലായി

നാല് വിഭാഗം ചോദ്യങ്ങൾ ഉണ്ടായിരിക്കും.

അഞ്ചാം വിഭാഗത്തിലെ ചോദ്യങ്ങൾക്ക് പാർട്ട് വിഭജനം ഉണ്ടായിരിക്കില്ല.

എ- പാർട്ട് ഫോക്കസ് ഏരിയ ചോദ്യങ്ങളും

ബി-പാർട്ട് ഫോക്കസ് ഏരിയയ്ക്ക് പുറത്തുള്ള ചോദ്യങ്ങളും ആണ്.

അതിൽ 37 സ്കോറിനുള്ളചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നും ചോദിക്കും.

അതിൽ 28 സ്കോറിനുള്ളത് നമുക്ക് തെരഞ്ഞെടുക്കാം.

18 സ്കോർ ചോദ്യങ്ങൾ ഫോക്കസ് ഏരിയയുടെ പുറത്തു നിന്നും ഉണ്ടാകും.

അതിൽ 12 മാർക്കിനുള്ള ചോദ്യങ്ങൾക്ക ഉത്തരം എഴുതണം.

ചുരുക്കത്തിൽ ഫോക്കസ് ഏരിയ മാത്രം ശ്രദ്ധിച്ചാൽ ഫുൾ എ പ്ലസ് ലഭിക്കില്ല.
അതിനാൽ എല്ലാ പാഠഭാഗങ്ങളും

ശ്രദ്ധയോടെ മനസ്സിലാക്കി ഉന്നത വിജയം നേടാൻ പരിശ്രമിക്കുമല്ലോ?

**മാതൃകാചോദ്യപേപ്പർ**

## *S.S.L.C EXAMINATION - MARCH 2022*

**കേരളപാഠാവലി**

**സ്കോർ 40** **സമയം 1 1/2 മണിക്കൂർ**

## പാർട്ട് 1

## A

**ഒന്നുമുതൽ ആറുവരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.**

**1.** "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്
നിൽക്കുമോ യൗവനവും പുനരധ്രുവം. " -അധ്രുവം എന്ന പദത്തിൻറെ കാവ്യ സന്ദർഭത്തിലെ അർത്ഥം

എ.അചഞ്ചലം ബി.ചഞ്ചലം

സി. അചലം ഡി.ചപലം

**2.** "ഇത് വൈഷമ്യക്കാരനാണ്. അന്ന് ആര്യപുത്രന് ഓർമ്മിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെ പോയല്ലോ" -ഇവിടെ ശകുന്തള സൂചിപ്പിക്കുന്നത്.

എ. സർവ്വദമനൻ ബി. സിംഹ കുട്ടിയെ

സി. മൺ മയിലിനെ ഡി. മുദ്ര മോതിരത്തെ

**3.** <u>സൗമ്യസ്വര</u>ത്തിൽ മദാം മഗ്ളറോട് പറഞ്ഞു - അടിവരയിട്ട പദത്തിൻറെ ശരിയായ ഘടകപദമെന്ത്?

എ . സൗമ്യത്തിന്റെ സ്വരം ബി.സൗമ്യമായ സ്വരം

സി. സൗമ്യയുടെ സ്വരം ഡി.സ്വരത്തിന്റെസൗമ്യം.

**4.**വിശ്വരൂപം എന്ന കഥയിലെ ആശയത്തിനു സമാനമായ ചൊല്ലേത് ?

എ.വിതച്ചതേ കൊയ്യൂ ബി.കാറ്റുള്ളപ്പോൾതൂറ്റണം.

സി.അഴകുള്ള ചക്കയിൽ ചുളയില്ല ഡി.വിത്തുഗുണം പത്തുഗുണം.

**5.** കഥകളിയിൽ കലിയുടെ വേഷം

എ മിനുക്ക് ബി പച്ച

സി. കറുത്തതാടി ഡി. കരി

6. ദുര്യോധനന്റെ സ്വഭാവ സവിശേഷതയായി മാരാർ സൂചിപ്പിക്കുന്നത് ?

എ. സ്വപ്രത്യയസ്ഥൈര്യം ബി.യുദ്ധവീര്യം

സി.സത്യസന്ധത ഡി.നേതൃത്വപാടവം

**B.**ഏഴ് മുതൽ ഒൻപത് വരെയുള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതുക .

7. അശ്വമേധത്തിലെ അശ്വം എന്തിൻറെ പ്രതീകമാണ്

എ. കായിക ശക്തി ബി.സർഗ്ഗശക്തി

സി.മനശ്ശക്തി ഡി.ബുദ്ധിശക്തി

8. ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥ ഉൾപ്പെടുന്ന സമാഹാരം ഏത്

എ.മനുഷ്യന് ഒരു ആമുഖം ബി.ഘടികാരങ്ങൾനിലയ്ക്കുന്നസമയം

സി.പറുദീസാനഷ്ടം ഡി.സമാന്തര രേഖകൾ .

9. പിയത്ത എന്ന വാക്കിൻറെ അർത്ഥം

എ.കരുണ ബി.സ്നേഹം

സി.വാത്സല്യം ഡി. അഹന്ത .

## പാർട്ട് II

## A

10. " പണ്ട് നിന്നെയൊരിളകുരുന്നതായി-
കണ്ടു ഞാൻ , സപദി വല്ലിയായി നീ " നളിനി യിലുണ്ടായ എന്തു മാറ്റമാണ് ഈ വരികളിൽ അവതരിപ്പിയ്ക്കുന്നത് **(1 x 2 = 2 )**

## B

**11** മുതൽ **12** വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.

11. അക്കർമാശി യിൽ തെളിയുന്ന സാമൂഹിക ജീവിതാവസ്ഥയുടെ രണ്ട് പ്രത്യേകതകൾ എഴുതുക

12. " അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതിവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതി അയച്ച, " അടിവരയിട്ട പദത്തിൻറെ പ്രയോഗഭംഗി വ്യക്തമാക്കുക.? **(1 x 2 = 2 )**

# പാർട്ട് III

## A

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക**

**13.** ഋതുയോഗം എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

**14.** വെള്ളിപ്പാത്രം മോഷ്ടിക്കാൻ ഒരുങ്ങുന്ന , ഴാങ് വാൽ ഴാങ്ങിന്റെ ചിന്തകൾ കുറിക്കുക.

**15 .** ഒരു പേറ്റിച്ചിയെ പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരനിൽ നിന്ന് ഏറ്റുവാങ്ങി - പ്രയോഗത്തിന്റെപൊരുൾ വ്യക്തമാക്കുക. ?.

**16.** "മനതാരില്ലുണ്ടൊന്നഭിമഷിതം"- പുഷ്കരന്റെ മനസ്സിൽ ഉന്മേഷം തോന്നാൻ കാരണമെന്ത് ?

**(3 x 3 =9)**

## B

**17.** അശ്വമേധം എന്ന കവിതയിൽ മനുഷ്യന്റെ സർഗാത്മകതയുടെ ഉത്ഭവത്തെക്കുറിച്ച് കവി നൽകുന്ന സൂചനകൾ എന്തെല്ലാം ? **(1 x 3 = 3)**

# പാർട്ട് 4

**A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിനു ഉത്തരമെഴുതുക .**

**18.** "മാഡം തലത്ത് മരിച്ചുപോയി മോനെ ഡോക്ടർ തലത്തിനൊപ്പം അവരും പോയി .ഇത് അമ്മയാണ് താഴത്ത് കുഞ്ഞുകുട്ടിയമ്മ" -

മാഡം തലത്ത് സ്വന്തം ജീവിതത്തെക്കുറിച്ച് നടത്തുന്ന ഈ നിരീക്ഷണത്തിനുള്ള പ്രതികരണക്കുറിപ്പ് തയ്യാറാക്കുക. ?

**19.** ധീരനായ യതി നോക്കി തന്വിതൻ
ഭൂരി ബാഷ്പ പരിപാടലം മുഖം
പൂരിതാഭയോടുഷസിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം" .

കാവ്യഭാഗം വിശകലനം ചെയ്ത് കാവ്യപരമായ സവിശേഷതകൾ വ്യക്തമാക്കുക ?

**20.** കടൽത്തീരത്ത് എന്ന കഥയിലെ കേന്ദ്രകഥാപാത്രമായ വെള്ളായിയപ്പന്റെ സ്വഭാവസവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക **(2 x 4 = 8 )**

**B.**

**21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിൽ ഉത്തരമെഴുതുക**

**21.** ജീവിതത്തെ പ്രസാദാത്മകമായി നോക്കിക്കാണണം എന്ന സന്ദേശമാണ് ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗം മുന്നോട്ടുവയ്ക്കുന്നത് - പ്രസ്താവനയോടുള്ള സ്വാഭിപ്രായം വ്യക്തമാക്കുക ?

**22.** അമ്മയുടെയും മകന്റെയും ദൈന്യത്തെ ആവിഷ്കരിക്കുന്ന പിയത്ത എന്ന ശിൽപം കവി മനസ്സിനെ ഓർമിപ്പിച്ച ഉജ്ജ്വലമുഹൂർത്തങ്ങൾ എന്തൊക്കെയാണ് ? **1 x 4 = 4**

**പാർട്ട് 5**

**A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുത്തരമെഴുതുക ?**

**23.** " ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കണം ബുധജനം "
എഴുത്തച്ഛന്റെ ഉപദേശങ്ങൾക്കുള്ള കാലിക പ്രസക്തി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക ?

**24.** തനിക്ക് സ്വർഗ്ഗപ്രാപ്തി സാധ്യമാകുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചതിന് അടിസ്ഥാനമെന്ത്? യുദ്ധത്തിൻറെ പരിണാമം എന്ന പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

**1 x 5 = 5**

................................